25
April. 2011
Vol. 04
Issue: 08

# ബിലീവേഴ്സ് ജേണൽ

BELIEVERS JOURNAL



**അറിയിപ്പ്**

എല്ലാവിധ ഡി.റ്റി. പി. വർക്കുകളും പുസ്തക പ്രസിദ്ധീകരണം, (ട്രാൻസ്ലേഷൻ ഉൾപ്പെടെ) സുവനിറുകൾ എന്നിങ്ങനെയുള്ള എല്ലാവിധ ജോലികൾക്കും

**ദ ജേണൽ യു. എസ്. എ**
P.O. Box: 620 742, Atlanta, GA 30362, USA
bjpathramonline@gmail.com



RNI. No.KERMAL/2008/26530 POSTAL Reg.No. KL/TLA 225/2009-11 Annual Subscription Rs. 100/- Pages: 12





# ഭരണ മാറ്റം സാധ്യതയില്ല 79% പേർ



## ആകെ പോൾ ചെയ്തത് : 3311 പേർ

## കൂടുതൽ വോട്ട് പാസ്റ്റർ പി. ജെ. ജെയിംസിന് : 774 വോട്ട്

## ബെൻസൺ മത്തായിക്കും സി. സി. തോമസിനും ശക്തമായ പിൻതുണ



**തിരുവല്ല:** 2012 സെപ്റ്റംബർ മാസത്തിൽ ഇപ്പോൾ ഭരണത്തിലുള്ള ഓവർസിയർ റവ. എം. കുഞ്ഞപ്പി 2 ടേം പൂർത്തിയാക്കുകയാണ്. ഇപ്പോഴത്തെ ഓവർസിയർ തുടരുമോ അതോ പുതിയ ഓവർസിയർ ചുമതലയേല്ക്കുമോ എന്നതുമായി ബന്ധപ്പെട്ട് ബിലീവേഴ്സ് ജേണൽ നടത്തിയ അഭിപ്രായ വോട്ടെടുപ്പിന് വ്യാപകമായ പ്രതികരണമാണ് ലഭിച്ചത്. ഈ- മെയിൽ, എസ്. എം. എസ്, പോസ്റ്റൽ, വെബ്സൈറ്റ് എന്നീ മാധ്യമങ്ങളിലൂടെ വോട്ടുരേഖപ്പെടുത്തുവാൻ സംവിധാനങ്ങൾ ഒരുക്കിയിരുന്നു.

ആകെ 3311 പേർ വോട്ടുരേഖപ്പെടുത്തി. ഭരണമാറ്റം ഉണ്ടാകുമോ എന്ന ചോദ്യത്തിന് സാധ്യതയില്ലായെന്ന് 79% പേർ മറുപടി നൽകി. അതിനുകാരണമായി അവർ ചൂണ്ടികാട്ടിയത് ജനുവരിയിൽ കാലാവധി തീരുന്ന ഇപ്പോഴത്തെ കൗൺസിലാണ് അടുത്ത ഓവർസിയറെ ശുപാർശചെയ്യുന്നത്. കൗൺസിലിലെ ഭൂരിപക്ഷ പിൻതുണ റവ. എം. കുഞ്ഞപ്പിയ്ക്കായതിനാൽ ഒരു ഭരണമാറ്റം ഉണ്ടാവുകയില്ല. സഭയുടെ ഭൗതീക വളർച്ച, നിർമ്മാണമേഖലയിലെ മുന്നേറ്റം എന്നിവ എം. കുഞ്ഞപ്പിയ്ക്ക് ഗുണകരമായി.

വോട്ടെടുപ്പിൽ 774 വോട്ടോടെ റവ. പി. ജെ. ജെയിംസ് ഒന്നാം സ്ഥാനത്ത് എത്തിയത് വ്യക്തമായ സന്ദേശമാണ് നൽകുന്നത്. അതോടൊപ്പം മുന്നേറ്റം നടത്തുമെന്ന് പ്രതീക്ഷിച്ച റവ. പി. ജി. മാത്യൂസ് ഏറ്റവും പിന്നോക്കം പോയത് അപ്രതീക്ഷിതമാണ്. കേരളത്തിൽ ഇല്ലാത്തവരും വിദേശ നാടുകളിൽ ശുശ്രൂഷിക്കുന്നവരുമായ റവ. ജോ കുര്യൻ, റവ. സി. സി. തോമസ്, റവ. ബെൻസൺ മത്തായി എന്നിവരെ പിൻതുണയ്ക്കുവാനും നല്ലൊരു ശതമാനം ആളുകൾ മുമ്പോട്ടുവന്നു. കേരളത്തിൽ വേരുകൾ ഇല്ലാത്ത റവ. ബെൻസൻ 403 വോട്ടോടെ അഞ്ചാം സ്ഥാനത്ത് എത്തിയത് വോട്ടെടുപ്പിലെ അപ്രതീക്ഷിത പ്രതികരണമായി.

റവ. എം. കുഞ്ഞപ്പി അടുത്ത 2 ടേം കൂടി തുടരുമെന്ന് 49% ശതമാനം പേർ അഭിപ്രായപ്പെട്ടു. അതിനു കാരണമായി അവർ ചൂണ്ടികാട്ടുന്നത് ഇവിടുത്തെ ഭരണ സംവിധാനത്തിലെ ചില സാധ്യതകൾ നിമിത്തമാണ്. കൗൺസിലിലെ ഭൂരിപക്ഷം ശുപാർശചെയ്യുന്നവർ ഓവർസിയർ ആകുന്ന പതിവാണ് ഇവിടെയുള്ളത്. അങ്ങനെവരുമ്പോൾ തനിക്ക് പിൻതുണ നൽകുന്നവരെ ജയിപ്പിച്ച് എടുക്കുവാൻ എം. കുഞ്ഞപ്പിയ്ക്ക് കഴിഞ്ഞാൽ 2 ടേം തുടരുവാൻ സാധിക്കും. ഇപ്പോൾ തന്നെ അറുപതുകളിൽ എത്തിനിൽക്കുന്ന തന്റെ സമ പ്രായക്കാരായ റവ. പി. ജെ. ജെയിംസ്, പി. ജി. മാത്യൂസ് എന്നിവരുടെ സാധ്യതകൾ അതോടെ അവസാനിക്കുകയാണ്. കാരണം 65 വയസ്സ് എന്ന കടമ്പ രണ്ടുപേർക്കും തടസ്സമാകും.

അത്തരം ഒരു സാഹചര്യം ഉണ്ടായാൽ അതിന്റെ ഗുണം ലഭിക്കുന്നത് റവ. സി. സി. തോമസ്, റവ. പി.സി. ചെറിയാൻ എന്നിവർക്കാണ്. ഇതിൽ സി. സി. തോമസ് കേരളത്തിലേക്ക് വരുവാൻ വൈമനസ്യം കാട്ടിയാൽ പാസ്റ്റർ പി. സി. ചെറിയാൻ ഓവർസിയർ സ്ഥാനത്ത് എത്തുവാൻ സാധ്യത 90 ശതമാനമാണ്. പാസ്റ്റർ കെ. സി. ജോണിന്റെ കാലത്ത് തുടങ്ങിവച്ച അസിസ്റ്റന്റ് ഓവർസിയർ പദവി ഓവർസിയർ കസേരയിലേക്കുള്ള ചവിട്ടുപടിയെന്ന ധാരണ തുടരുകയാണെങ്കിൽ അർഹൻ പാസ്റ്റർ പി. ജി. മാത്യൂസാണ്. റവ. എം.




04

# പി. സി. എൻ. എ. കെ. ഒരുക്കങ്ങൾ പുരോഗമിക്കുന്നു

നിബു വെള്ളവന്താനം (മീഡിയാ സെക്രട്ടറി)


റവ. ഡോ. സ്റ്റീവ്


റവ.ഡോ. ക്രിസ്


റവ. പി. സി. ചെറിയാൻ

**ന്യൂയോർക്ക്:** നോർത്ത് അമേരിക്കൻ മലയാളി പെന്തെക്കോസ്ത് കൺവൻഷൻ ഒക്‌ലഹോമ കോക്സ് കൺവൻഷൻ സെന്ററിൽ 2011 ജൂൺ 30 മുതൽ ജൂലൈ 3 വരെ നടക്കും. മികച്ച പ്രസംഗകരായ റവ. ഡോ. സ്റ്റീവ് റീഗിൾ (ഗ്രെയ്സ് ഇന്റർനാഷണൽ ചർച്ച് പ്രസിഡന്റ്), റവ. ഡോ. ക്രിസ് ജാക്സൺ, റവ. പി. സി. ചെറിയാൻ, റവ. സണ്ണി കുര്യൻ, റവ. രാജു മേത്ര എന്നിവർ വിവിധ ദിവസങ്ങളിൽ പ്രഭാഷണം നടത്തും. നാഷണൽ കൺവീനർ പാസ്റ്റർ റവ. തോമസ് മാത്യു കോൺഫറൻസ് ഉദ്ഘാടനം ചെയ്യും. 1 ന് വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 2 - 5 വരെ നടക്കുന്ന സഹോദരി സമ്മേളനത്തിൽ സിസ്റ്റർ മറിയാമ്മ തമ്പി (കേരളം), ഡോ. അസ്ട്രീസ് (ശ്രീലങ്ക) എന്നിവർ പ്രസംഗിക്കും.

നാല് ദിവസമായി സംഘടിപ്പി

12

## സാക്ഷി



നാക്കോഗിൽ പ്രശ്നം രൂക്ഷമാകുകയാണോ?

*ചീട്ടിട്ടു നോക്കട്ടെ! യോനായെ പിടിയ്ക്കുക വെള്ളത്തിലെറിയുക. പ്രശ്നം തീർന്നു.*

# പാസ്റ്റർ കെ. റ്റി. തോമസ് യാത്രയായി

**ന്യൂഡൽഹി:** ഇന്ത്യാ പെന്തെക്കോസ്തു ദൈവസഭ നോർത്തേൺ റീജിയൻ സ്ഥാപക പ്രസിഡന്റും ഉത്തര ഭാരതത്തിന്റെ അപ്പോസ്തലനുമായ പാസ്റ്റർ കെ. റ്റി. തോമസ് (84) കർത്താവിൽ നിദ്രപ്രാപിച്ചു.

കല്ലിശ്ശേരിയിൽ നെല്ലിലയത്ത്, ഇടിച്ചാണ്ടി (തോമസ്) - ദീനാമ്മ ദമ്പതികളുടെ സീമന്തപുത്രനായി 1927 ജൂൺ 18-ാം തീയതി ജനിച്ചു.

മാതാപിതാക്കൾ ബ്രദറൺ വിശ്വാസികൾ ആയിരുന്നുവെങ്കിലും കെ. റ്റി. തോമസ് നിരീശ്വരവാദി ആയിരുന്നു. സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം ഇൻഡ്യൻ ആർമിയിൽ ചേർന്ന് സേവനം ആരംഭിച്ചു. 1953 -ൽ ഡൽഹിയിൽ സെൻട്രൽ സെക്രട്ടറിയേറ്റിൽ ജോലിയിൽ പ്രവേശിച്ചു. 1952 മെയ് 8-ാം തീയതി മേരിക്കുട്ടിയെ വിവാഹം കഴിച്ച് കുടുംബ ജീവിതത്തിൽ പ്രവേശിച്ചു. 1956-ജൂലൈ - 1-ാം തീയതി കർത്താവിനെ രക്ഷിതാവായി അംഗീകരിച്ച് രക്ഷാ നിർണ്ണയം പ്രാപിച്ചു. 1956 - ജൂലൈ 29 ന് പാസ്റ്റർ എം. കെ. ചാക്കോച്ചന്റെ കൈ കീഴിൽ സ്നാനമേറ്റു.



1956 ഒക്ടോബർ മാസത്തിൽ മോ ത്തിബാഗിലുള്ള തങ്ങളുടെ വസതിയിൽ ആദ്യമായി ആരാധന ആ രംഭിച്ചു. ഡൽഹിയിലുള്ള മലയാളത്തിലെ ആദ്യത്തെ പെന്തെക്കോ സ്തു ആരാധന ആയിരുന്നു അത്.

1969 -ൽ ഐ. പി. സി. നോർത്തേൺ റീജിയൺ രൂപീകരിച്ച് ഉത്തരഭാരതത്തിൽ പ്രവർത്തനത്തിന് നേതൃത്വം നൽകി. ഇന്ന് ഉത്തര ഭാരതത്തിലുള്ള വിവിധ റീജിയണുകളിൽ വ്യാപിച്ച് കിടക്കുന്ന ഐ. പി. സിയുടെ വിശാലമായ പ്രവർത്തനങ്ങൾക്ക് പാസ്റ്റർ കെ. റ്റി. തോമസിന്റെ പ്രവർത്തനം വഴിതെളിച്ചു.

വാർദ്ധക്യ സഹജമായ ക്ഷീണം നേരിട്ടതിനെതുടർന്ന് സഭയുടെ ചുമതലകൾ ഒഴിഞ്ഞ് ഭവനത്തിൽ വിശ്രമിക്കുകയായിരുന്നു. ഏപ്രിൽ 11-ാം തീയതി രാവിലെ എന്റെ സഹധർമ്മിണിയും മകനും കുടുംബാംഗങ്ങളും പ്രത്യാശയുടെ ഗാനം പാടിക്കൊണ്ടിരിക്കുമ്പോൾ കർത്തൃദാസന്റെ ആത്മാവ് ഇമ്പങ്ങളുടെ പറുദീസയിലേക്ക് പറന്നുപോയി.

ക്രിസ്തീയ സംഘാടകൻ, ഭരണ തന്ത്രജ്ഞൻ, അപ്പോസ്തലൻ, അദ്ധ്യാപകൻ, പ്രഭാഷകൻ, ഗ്രന്ഥകാരൻ, നേതൃത്വ സാരഥി, ഗാനരചയിതാവ്, വേദപണ്ഡിതൻ എന്നീ നിലകളിൽ ശുശ്രൂഷാ രംഗത്ത് പാസ്റ്റർ കെ. റ്റി. തോമസ് ശോഭിച്ചു. ഏകദേശം നൂറോളം സഭകൾ സ്ഥാപിക്കുകയും ചെയ്തു.

മക്കൾ: സ്റ്റാൻലി തോമസ് (യു. എസ്. എ) പരേതനായ ബഞ്ചമിൻ തോമസ്സ്, സൂസൻ (യു. എസ്. എ), പാസ്റ്റർ സാമുവേൽ തോമസ്സ് (ന്യൂഡൽഹി), പേഴ്സിസ് (ഗുഡ്ഗാവ്), മരുമക്കൾ: മേരി സ്റ്റാൻലി (യു. എസ്. എ), സാമുവേൽ ജോൺ (യു. എസ്. എ), അനിതാ സാമുവേൽ (ന്യൂഡൽഹി), എ. പി. ജോൺ (ഗുഡ്ഗാവ്). സംസ്കാരം ഏപ്രിൽ 16-ാം തീയതി ശനിയാഴ്ച രാവിലെ 8 മണിക്ക് ഐ. പി. സി. എൻ. ആർ. ഹെഡ് ക്വോർട്ടേഴ്സിൽ പൊതു ദർശനത്തിനും ശുശ്രൂഷയ്ക്കും ശേഷം ഖാൻ മാർക്കറ്റിന് സമീപമുള്ള പൃഥിവിരാജ് റോഡ് ക്രിസ്ത്യൻ സെമിത്തേരിയിൽ നടത്തി.

ബിലീവേഴ്സ് ജേണൽ

പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്

ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ

വൈസ് ചെയർമാൻ
ജെയ്സൺ ജോസഫ്

മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്

ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു

ജനറൽ എഡിറ്റർ
അനിൽ കൊടിത്തോട്ടം

ബോർഡ് മെംമ്പേഴ്സ്
മോനി കൊടുന്തറ
പാസ്റ്റർ സണ്ണി വാകത്താനം

പബ്ലീഷർ
പീറ്റർ മാത്യു വല്യത്ത്

ചീഫ് കറസ്പോണ്ടന്റ്
പാസ്റ്റർ തോമസ് തോന്നയ്ക്കൽ

കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു

ബിലീവേഴ്സ് ജേണൽ

വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 100 രൂപ
യു.എസ്.എ. & കാനഡ: $ 30
യു.കെ: £ 15
ഗൾഫ് രാജ്യങ്ങൾ: 1000 രൂപ

വരിസംഖ്യ അയയ്ക്കേണ്ട വിലാസം

ബിലീവേഴ്സ് ജേണൽ

Address (India)
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105

Address (Usa)
P.O. Box:620 742
Atlanta
GA 30362, USA

Mob: 9447368795 (INDIA)

E- mail
beljourn@gmail.com
bjpathramonline@gmail.com

Website
www.beljourn.com
www.beljourn. Org

## അറിയിപ്പ്

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ

എഡിറ്റോറിയൽ

# ഇത് ലജ്ജാകരം



സാംകുട്ടി മാത്യു
ചീഫ് എഡിറ്റർ

ഒരു തെരഞ്ഞെടുപ്പ് കാലം കൂടി കഴിഞ്ഞു. ഇടതു പക്ഷവും വലതുപക്ഷവും തമ്മിലുള്ള പോരിൽ ആർക്കാണ് വിജയമെന്നറിയുവാൻ ഇനിയും കാത്തിരിക്കണം. ആരോപണ പ്രത്യാരോപണങ്ങളും ചെളിവാരിയെറിലുമായി തെരഞ്ഞെടുപ്പു രംഗം കൊഴുത്തു. ഈർക്കിൽ പാർട്ടികളും സംഘടനകളും എല്ലാം കർക്കടകത്തിലെ ഞാഞ്ഞൂലിനെ പോലെ തലയുയർത്തി. കൂട്ടത്തിൽ പെന്തക്കോസ്തിന്റെ പേരിലും ചില പത്രങ്ങളും കടലാസു സംഘടനകളും രംത്തിറങ്ങിക്കളിച്ചു. ചില പുള്ളികളാകട്ടെ ഇരുപക്ഷത്തിനുവേണ്ടിയും നല്ല മെയ് വഴക്കത്തോടെ കളിച്ചു. ഇടതുപക്ഷത്തെ പൊക്കിയെഴുതിക്കൊണ്ടിരുന്ന തിരുവല്ലയിലെ ഒരു പത്രക്കാരൻ തെരഞ്ഞെടുപ്പിൽ വലതുപക്ഷത്തിനായി ഒരു ലക്കം മാറ്റിവച്ചു. പണ്ട് പെന്തക്കോസ്തർ ഇടതു പാളയത്തിലാണെന്ന് പ്രചരിപ്പിച്ചവരിലെ ഈ പ്രമുഖന് ഇപ്പോൾ മാനസാന്തരം വന്നുവോ എന്നോ?

റാന്നിയിൽ നിന്നും പ്രസിദ്ധീകരിക്കുന്ന "ക്രൈസ്തവധാര" ഇടതുപക്ഷത്തിനായി ഒരു പേജ് സപ്ലിമെന്ററിക്കി. വലതുപക്ഷം പരാതിയുമായെത്തിയപ്പോൾ വലതു പക്ഷത്തിനായും സപ്ലിമെന്ററിക്കിയെങ്കിലും വിതരണം ചെയ്യാൻ കഴിയാതെ നശിപ്പിക്കുകയായിരുന്നു.

റാന്നിയിലെ മറ്റൊരു നേതാവ് തന്റെ പത്രത്തിന്റെ മീറ്റിംഗിൽ ഇടതുപക്ഷ സ്ഥാനാർത്ഥിയെ തോൽപ്പിക്കണമെന്നാഹ്വാനം ചെയ്യുകയും അതേ ദിവസം തന്നെ ഇടതുപക്ഷ സ്ഥാനാർത്ഥിയെയും കൊണ്ട് മുളക്കുഴയിലെ സഭാ ആസ്ഥാനത്ത് എത്തുകയും ചെയ്തു. ഇല്ലാത്ത സംഘടനയുടെ പേരിൽ ആജ്ഞാതനായ ഡോ. ലൂക്കോസിന്റെ പ്രസ്താവനയും പത്രങ്ങളിലും ചാനലുകളിലുമെത്തി.

രാഷ്ട്രീയക്കാരേക്കാൾ മെയ് വഴക്കത്തോടെ രാഷ്ട്രീയം കളിക്കുന്ന ഇത്തരം പത്രക്കാരും നേതാക്കന്മാരും ഒരു സമൂഹത്തെ മുഴുവനായി ഒറ്റിക്കൊടുക്കുകയാണ്.

പെന്തെക്കോസ്ത് സമൂഹം ഇത്തരം കാര്യങ്ങളിൽ ഇടപെടേണ്ടവരല്ല. ഒരു സമൂഹത്തെ മുഴുവൻ സ്വാധീനിയ്ക്കുവാനോ തന്റെ നിർദ്ദേശാനുസരണം വോട്ടു ചെയ്യിക്കുവാനോ കഴിയുന്ന ഒരു നേതാവും ഇവിടെയില്ല. പെന്തെക്കോസ്തുകാർ ആരുടെയും ചട്ടുകങ്ങളല്ല എന്ന സത്യം മറക്കരുത്. ആർക്കു വോട്ടു ചെയ്യണമെന്ന് ആലോചിച്ചു തീരുമാനിയ്ക്കുവാനും മനഃസാക്ഷിക്കനുസൃതമായി തങ്ങളുടെ അവകാശം വിനിയോഗിയ്ക്കുവാനുമുള്ള പ്രബുദ്ധത അവർക്കുണ്ടെന്ന് ഇത്തരക്കാർ ഓർക്കുന്നത് നന്ന്.

ആത്മീയതയും രാഷ്ട്രീയവും ഒരിക്കലും ചേർന്നു പോകുന്നതല്ല. രണ്ടും അതിന്റെ വഴിക്കു നീങ്ങട്ടെ. നാടിനു പ്രയോജനപ്പെടുന്നവർ, മാതൃകയുള്ളവർ, അഴിമതിയില്ലാത്തവർ നിയമ സഭയിലെത്തട്ടെ അതിനു കക്ഷിരാഷ്ട്രീയത്തേക്കാൾ പ്രാധാന്യം ഉണ്ടാകണം. എന്നാൽ ആത്മീയ നേതാക്കന്മാർ രാഷ്ട്രീയത്തിലിടപ്പെടാൻ പാടില്ല. രാഷ്ട്രീയക്കാരുടെ സ്വാധീനവലയത്തിൽ സഭാ നേതാക്കന്മാരും വീഴരുത്. ഇരു പക്ഷത്തിനായും രംഗത്തെത്തുന്നവർ കാട്ടുന്ന കാപട്യം ജനം തിരിച്ചറിയുന്നു. ആരു ജയിച്ചാലും തങ്ങളുടെ സഹായും ഉണ്ടെന്നു വരുത്തിത്തീർക്കാനുള്ള വ്യഗ്രത. എന്നാൽ ഇക്കൂട്ടർ പറഞ്ഞാൽ സ്വന്തകുടുംബത്തിലെ വോട്ടെങ്കിലും കിട്ടുമോ എന്നാണ് സംശയം. സുവിശേഷം പ്രസംഗിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യേണ്ടവർ അതു ചെയ്യട്ടെ. സ്വാർത്ഥ ലാഭവും ദ്രവ്യാഗ്രഹവും ലക്ഷ്യമാക്കി നടത്തുന്ന കോപ്രായങ്ങൾ സമൂഹത്തിന്റെ മദ്ധ്യേ നമ്മുടെ സമൂഹത്തിന്റെ വില ഇടിയ്ക്കുകയാണ്. അങ്ങനെ ചെയ്യുന്നവർ മറക്കാതിരിക്കുക ഇത് ലജ്ജാകരമാണ്.

അനുസ്മരണം

# മലയാളി പെന്തെക്കോസ്തുകാരന് മേൽവിലാസം

### ഉത്തരേന്ത്യയുടെ അപ്പോസ്തലൻ പാസ്റ്റർ കെ. റ്റി. തോമസിനെക്കുറിച്ച് അനുസ്മരണം



തോമസ് തോന്നയ്ക്കൽ
09995642072



മലയാളി പെന്തെക്കോസ്തു സഭകൾക്കു ഉത്തരേന്ത്യയിൽ ഒരു മേൽ വിലാസമുണ്ടാകാൻ കഠിനാദ്ധ്വാനം ചെയ്ത സുവിശേഷ സ്നേഹിയായിരുന്നു പാസ്റ്റർ കെ. റ്റി. തോമസ്. ദൽഹിപോലുള്ള ഉത്തരേന്ത്യൻ നഗരങ്ങളിൽ തൊഴിൽ തേടി എത്തിയ മലയാളി പെന്തെക്കോസ്ത്കാർക്കു അക്കാലത്ത് ആരാധനാ സൗകര്യം തീരെ ഇല്ലായിരുന്നു. ഇടയനില്ലാത്ത ആടുകളെപ്പോലെ വലഞ്ഞവർക്കു വലിയ ആശ്വാസമായിരുന്നു മാതൃഭാഷയിലെ ആരാധന.

ബ്രദറൺ വിശ്വാസിയായിരുന്ന കെ. റ്റി. തോമസ് ദൽഹി സെൻട്രൽ സെക്രട്ടറിയേറ്റിൽ ഉദ്യോഗസ്ഥനായിരിക്കെ 1956 -ൽ രക്ഷിക്കപ്പെട്ട് സ്നാനം സ്വീകരിച്ചു. സുവിശേഷ സ്നേഹിയായി മാറിയ കെ. റ്റി. തോമസ് മോത്തിബാഗിലുള്ള സ്വവസതിയിൽ ആരാധനയാരംഭിച്ചു. ദൽഹിയിലെ പ്രഥമ മലയാളം ആരാധനയായിരുന്നു അത്. പാസ്റ്റർ എം. കെ. ചാക്കോച്ചൻ കരോൾ ബാഗിൽ ആരംഭിച്ച സഭ ഹിന്ദി ഭാഷക്കാർക്കിടയിലെ ആദ്യത്തെ പെന്തെക്കോസ്ത് കൂട്ടായ്മയായിരുന്നു.

1969 -ൽ ഐ. പി. സി.യുടെ ഉത്തരേന്ത്യൻ റീജിയൻ രൂപീകരിച്ചപ്പോൾ പാസ്റ്റർ കെ. വി. കുര്യൻ പ്രസിഡന്റും പാസ്റ്റർ കെ.റ്റി. തോമസ് സെക്രട്ടറിയുമായും തെരഞ്ഞെടുക്കപ്പെട്ടു. 1983 മുതൽ പാസ്റ്റർ കെ.റ്റി. തോമസ് റീജയൻ പ്രസിഡന്റായി ശുശ്രൂഷ ചെയ്തു. അപ്പോസ്തലികമായ കാഴ്ചപ്പാടായിരുന്നു പ്രവർത്തനങ്ങൾ. ദുർഗമങ്ങളായ ആദിവാസിമേഖലകളിൽ പോലും സഭകൾ സ്ഥാപിക്കപ്പെട്ടു. ഗുജറാത്ത് മുതൽ ആസാം വരെയും മധ്യപ്രദേശ് മുതൽ കാശ്മീർ വരെയും നീളുന്ന ഒരു വിശാല റീജിയന് പാസ്റ്റർ കെ. റ്റി. തോമസ് നേതൃത്വം നൽകി.

1986 -ലാണ് ഞാൻ പാസ്റ്റർ കെ. റ്റി. തോമസിനെ പരിചയപ്പെടുന്നത്. ഒരു ചുരുങ്ങിയ കാലം അദ്ദേഹത്തിന്റെ ഒരു സഹപ്രവർത്തകനായി പ്രവർത്തിച്ച ഓർമ്മകളാണ് മനസിൽ നിറഞ്ഞു നില്ക്കുന്നത്. അക്കാലത്ത് ഞാനും എന്റെ സഹോദരൻ പാസ്റ്റർ ആൽബർട്ടും ചേർന്ന് ദക്ഷിണ ദൽഹിയിലുള്ള മെഹറോളിയിൽ ഒരു വാടക വീട്ടിൽ താമസിച്ച് സുവിശേഷ പ്രവർത്തനം ചെയ്യുകയായിരുന്നു. ഒരു പ്രത്യേക സാഹചര്യത്തിലാണ് ഞങ്ങൾ മെഹറോളിയിൽ പ്രവർത്തനം ആരംഭിക്കുന്നത്. പഞ്ചാബിലെ പത്താൻകോട് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന പാസ്റ്റർ ജേക്കബ് ജോണായിരുന്നു തുടക്കത്തിൽ ഞങ്ങളെ സാമ്പത്തികമായി സഹായിച്ചത്. ഏകദേശം ആറ് മാസക്കാലം ആ സഹായം തുടർന്നു. ഒടുവിൽ പാസ്റ്റർ ജേക്കബ് ജോൺ പറഞ്ഞു തോമ്മാച്ചായനെ ചെന്ന് കണ്ട് അദ്ദേഹത്തോടൊപ്പം ചേർന്ന് പ്രവർത്തിക്കാൻ.

ദൽഹി ഗ്രീൻ പാർക്കിലുള്ള തോമ്മാച്ചായന്റെ വസതിയിൽ ഞാനും സഹോദരനും ആശങ്കയോടെയാണ് ചെന്നത്, ഞങ്ങളെ പരിചയപ്പെടുത്താൻ ആരും കൂടെയില്ലായിരുന്നു. ഞങ്ങൾ ഞങ്ങളെ സ്വയം പരിചയപ്പെടുത്തി. പെന്തെക്കോസ്തിലെ മൂന്നാം തലമുറക്കാരാണെന്നും അപ്പൻ ഐപ്പീസിയിലെ പാസ്റ്ററാണെന്നും ബൈബിൾ പഠനം നടത്തീട്ടുണ്ടെന്നും ധരിപ്പിച്ചു. തോമ്മാച്ചായൻ എല്ലാം കേട്ടിരുന്നു.

"ആരാധനയ്ക്ക് എത്ര വിശ്വാസികളുണ്ട്.....?"

ഞങ്ങളോട് ചോദിച്ചു.

"ആരുമില്ല...."

ഒരു പരുങ്ങലോടെയാണ് ഞങ്ങൾ മറുപടി പറഞ്ഞത്.

ഹിന്ദിക്കൾക്കിടയിലാണ് പ്രവർത്തിക്കുന്നതെന്നും ഹിന്ദി സഭയാണ് ഉദ്ദേശിക്കുന്നതെന്നും ഞങ്ങൾ പറഞ്ഞു. തോമ്മാച്ചായൻ എല്ലാം കേട്ടിരുന്നു. ഞങ്ങളെ നിരാശപ്പെടുത്തിയില്ല. മെഹറോളിയിലെ പ്രവർത്തനം റീജിയന്റെ കീഴിലെ പ്രവർത്തനമായി അംഗീകരിച്ചുകൊണ്ട് ആ മാസം മുതൽ ഞങ്ങളെ സാമ്പത്തീകമായി സഹായിച്ചു.

അക്കാലത്ത് മെഹറോളി ഒരു അവികസിത പ്രദേശമായിരുന്നു. കുത്തബ് മിനാറിനോട് ചേർന്ന അവിടം പഴയ മുഗൾ കോട്ടകളും ശവകുടീരങ്ങളും വിജനമായ കിക്കർകാടുകളും നിറഞ്ഞ സ്ഥലമായിരുന്നു. മാർക്കറ്റിനോട് ചേർന്ന ഭാഗത്ത് ആളുകൾ താമസിച്ചിരുന്നു. അവിടെ കുശവന്മാരുടെ ഒരു ഗലിയുണ്ട്. അതിലൊരു കുടുസ് മുറിയിലായിരുന്നു ഞങ്ങളുടെ താമസം.

ആവേശത്തോടെ ഞങ്ങൾ സഞ്ചിനിറയെ ലഘുലേഖകളും സുവിശേഷ പ്രതികളുമായി സമീപ ഗ്രാമങ്ങൾ സന്ദർശിച്ച് ആയാനഗർ, ചദർപ്പൂർ അഡിച്ചിനി, വസന്ത് കുഞ്ച്, ഡെറാഗാവ്, കിസൻഗഡ്, ലാഡാസറായ്, കട്ടോരസറായ്, മാളവ്യ നഗർ, കുത്തബ്മിനാർ മുതലായ സ്ഥലങ്ങളിൽ സുവിശേഷമെത്തിച്ചു. പക്ഷെ ആരും രക്ഷിക്കപ്പെട്ടില്ല. അതുകൊണ്ട് തന്നെ ഒരു സഭാരാധന തുടങ്ങാനും കഴിഞ്ഞില്ല. ഫലം കാണാത്തവേലയെക്കുറിച്ച് ഞങ്ങളെ കുറ്റപ്പെടുത്താനോ നിരുത്സാഹപ്പെടുത്താനോയൊന്നും തോമ്മാച്ചായൻ മുതിർന്നില്ല. സുവിശേഷത്തോടുള്ള ഞങ്ങളുടെ ആത്മാർത്ഥതയെ ആ സുവിശേഷ സ്നേഹി വിലമതിച്ചു. ഞങ്ങളുടെ വേലയ്ക്കു പ്രോത്സാഹനമായി ഒരു സൈക്കിൾ വാങ്ങി തന്നത് ഞങ്ങൾക്കു വലിയ സന്തോഷമായി. പിന്നീടുള്ള യാത്രകൾ അതിലായി. മിക്കവാറും ഞായറാഴ്ചകളിൽ ഗ്രീൻ പാർക്കിൽ തോമ്മാച്ചായന്റെ സഭയിൽ ആരാധന കൂടി. സഭയിൽ ശ്രദ്ധിക്കപ്പെട്ടില്ല. ശ്രദ്ധിക്കപ്പെടാവുന്ന ശുശ്രൂഷകളൊന്നും ഞങ്ങളുടെ പക്കലില്ലായിരുന്നു. എങ്കിലും തോമ്മാച്ചായന്റെ സഹധർമ്മിണി മേരിക്കുട്ടിയമ്മാമ്മ ഞങ്ങളോട് സ്നേഹത്തോട് ഇടപെട്ടു. പലപ്പോഴും വിശപ്പിനാഹാരം തന്നു. ഞങ്ങളെ പ്രോത്സാഹിപ്പിച്ചു. ദൽഹി - യു. പി. ബോർഡറിലെ നോയിഡയിൽ അക്കാലത്ത് മലയാളികൾക്കിടയിൽ കാര്യമായ പ്രവർത്തനങ്ങളില്ലായിരുന്നു. ഒരു പുതിയ പ്രവർത്തനം ഞങ്ങളെക്കൊണ്ട് തുടങ്ങാൻ തോമ്മാച്ചായൻ തീരുമാനിച്ചു. ഒരു ദിവസം

08

വേദശാസ്ത്ര പഠനം

ക്രമീകൃത ദൈവശാസ്ത്രം

– കഴിഞ്ഞ ലക്കം തുടർച്ച–

# യേശുക്രിസ്തുവിന്റെ മനുഷ്യത്വം



എഡിസൺ തോമസ്, വേങ്ങൂർ

യേശുക്രിസ്തുവിന്റെ ദൈവത്വത്തെപ്പോലെ തന്നെ മനുഷ്യത്വവും തന്നിൽ വസിച്ചിരിക്കുന്നു. തന്റെ ആളത്വത്തിനോ പ്രകൃതിയ്ക്കോ, യാതൊരു മാറ്റവും സംഭവിച്ചില്ല. ആയതിനാൽ മനുഷ്യാവതാരത്തിൽ പൂർണ്ണമായ ദൈവീക ആളത്വവും പൂർണ്ണമായ ദൈവീക പ്രകൃതിയും ഉണ്ടായിരുന്നു. യോഹന്നാൻ പറയുന്നത് വചനം ജഡമായിത്തീർന്നു എന്നാണ് യോഹ 1:1, യേശുക്രിസ്തുവിന്റെ മനുഷ്യത്വത്തെ തെളിയിക്കുന്നതാണ്.

1. തന്റെ അമ്മ ഗർഭം ധരിച്ചു LK 1:3
2. യേശു ജനിച്ചു. മത്താ. 1:22– 23
3. യേശു വളർന്നു. ലൂക്കോ 2:52
4. യേശുവിനു വിശന്നു. മർ. 11:12
5. ഭക്ഷണം കഴിച്ചു. മർക്കോ 2:16
6. ദാഹിച്ചു. യോഹ 19: 28
7. ക്ഷീണിതനായി. യോഹ 4:6
8. ഉറങ്ങി. മത്താ 8:24
9. കരഞ്ഞു. യോഹ 11:35
10. മരിച്ചു. യോഹ 19:30

യേശുക്രിസ്തുവിന്റെ ആളത്വത്തിലും പ്രകൃതിയാലും ഉള്ള ദൈവീക സമ്പൂർണ്ണത തെല്ലും നഷ്ടമാക്കാതെ വചനം മനുഷ്യത്വം സ്വീകരിച്ചു. എന്നാൽ കർത്താവിന്റെ ദൈവത്വത്തിന് ആദിയില്ല, മനുഷ്യത്വത്തിന് ആരംഭമുണ്ട്.

**ക്രിസ്തുവിന്റെ ആളത്വം ചോദ്യം ചെയ്ത ദുരുപദേശങ്ങൾ**

സഭാ ചരിത്രം പരിശോധിക്കുമ്പോൾ കർത്താവിന്റെ മനുഷ്യത്വത്തെയും ദൈവത്വത്തെയും ചോദ്യം ചെയ്ത് നിരവധി സിദ്ധാന്തങ്ങളുണ്ട്. ഇതെല്ലാം ക്രൈസ്തവ സഭയുടെ ആരംഭം മുതൽ തന്നെ നിലവിലുണ്ടായിരുന്നു. ഈ ദുരുപദേശങ്ങളിൽ ചിലതിനെ ചുരുക്കമായി നോക്കാം.

1. **നോസ്റ്റിസിസം** – ജ്ഞാനം എന്നർത്ഥമുള്ള ഗ്നോസിസ് എന്ന ഗ്രീക്കു പദത്തിൽ നിന്നും ഉരുത്തിരിഞ്ഞതാണ് ഈ വാദം. ഉദാത്തമായ ജ്ഞാനത്തിലൂടെയാണ് രക്ഷ എന്നതാണ് ഇതിന്റെ അടിസ്ഥാന പഠിപ്പിക്കൽ.

**2. മാഴ്സിയനിസം** – രണ്ടാം നൂറ്റാണ്ടിലെ പ്രസിദ്ധനായ ഒരു ദുരുപദേഷ്ടാവായിരുന്ന മഴ്സിയനാണ് ഇതിന്റെ ഉപജ്ഞാതാവ്. പരമോന്നതനായ ദൈവത്തിന്റെ വെളിപ്പാടായ ക്രിസ്തു മായാകാഴ്ചയായിരുന്നു എന്നാണ് ഇവരുടെ ചിന്ത.

**3. സെരിന്ത്യനിസം**–സെരിന്ത്യസ് ആണ് ഇതിന്റെ സ്ഥാപകൻ. സ്നാന സമയത്ത് ദൈവമായ ക്രിസ്തു മനുഷ്യനായ യേശുവിൽ വന്നുവസിച്ചു. ക്രൂശികരണത്തിനു തൊട്ടുമുമ്പ് ക്രിസ്തു യേശുവിനെ വിട്ടുപോയി. മത്താ. 3:16–17.

**4. എബിയോനിസം** – 'പാപം മനുഷ്യൻ' അഥവാ 'ദരിദ്രൻ' എന്നർത്ഥമുള്ള എബിയോനിം എന്ന എബ്രായ പദത്തിൽ നിന്നാണ് ഈ സിദ്ധാന്തം ഉടലെടുത്തത്. യേശു കേവലം ഒരു മനുഷ്യനായിരുന്നു എന്നാണ് ഇവരുടെ വാദം. 2 കൊരി 8:8–9.

**5. മൊണാർക്യനിസം** – തെർത്തുല്യൻ ആണ് ഈ ദുരുപദേശക്കാർക്കു ഈ പേരു നല്കിയത്. ഇവർ ത്രിത്വ നിഷേധികളായിരുന്നു.

**6. അര്യനിസം** – അലക്സാണ്ടറിയിലെ ബിഷപ്പായിരുന്ന അറിയൂസ്സിൽ നിന്നാണ് ഈ സിദ്ധാന്തം ഉടലെടുത്തത്. യഹോവ സാക്ഷികളുടെ പൂർവ്വീകർ എന്നാണ് ഇവരെ കരുതുന്നത്. ക്രിസ്തു പിതാവിന്റെ സൃഷ്ടിയും സാരാംശത്തിൽ പിതാവിൽ നിന്ന് വ്യത്യസ്ഥനും പിതാവിനു താഴെയുള്ളതുമായ വ്യക്തിയാണ് എന്നാണ്.

**7. അപ്പോളിനാരിസം** – അപ്പോളിനാരിസിന്റെ പേരിലാണ് ഈ സിദ്ധാന്തം അറിയപ്പെടുന്നത്. ക്രിസ്തുവിന്റെ മനുഷ്യത്വം അപൂർണ്ണമാണ്. യേശുക്രിസ്തുവിന് മനുഷ്യരൂപവും മനുഷ്യശരീരവുമുണ്ട്. എന്നാൽ മനുഷ്യാത്മാവില്ല എന്നാണ് ഇവരുടെ വിശ്വാസം.

**8. നെസ്തോരിയനിസം** – നാലാം നൂറ്റാണ്ടിൽ കോൺസ്റ്റൻഡിനോപ്പിളിലെ പാത്രിയാർക്കിസായിരുന്ന നെസ്തോറിയൻ ആണ് ഇതിന്റെ സ്ഥാപകൻ. യേശുക്രിസ്തുവിൽ രണ്ടു പ്രകൃതികൾക്കുടമകളായ രണ്ട് ആളത്വങ്ങൾ ഉണ്ടെന്നു സ്ഥാപിച്ചു.

**9. യൂത്തിക്യാനിസം** – നെസ്തോറിയനെ എതിർക്കുവാൻ കോൺസ്റ്റൻഡിനോപ്പിളിലെ ഒരു സന്യാസിയായ യൂത്തിക്കോസ് രൂപപ്പെടുത്തിയതാണ് ഈ ഉപദേശം. യേശുക്രിസ്തുവിൽ ഏക ആളത്വം അഥവാ ഒരു പ്രകൃതിയെയുള്ളു വെന്നു താൻ പഠിപ്പിച്ചു. ദൈവ പ്രകൃതിയും മനുഷ്യ പ്രകൃതിയും കൂടി ചേർന്ന് ഒരു മുന്നാം പ്രകൃതിയ്ക്കുടമയായിരുന്നു ക്രിസ്തുവെന്നു യൂത്തിക്കോസ് പ്രസ്താവിച്ചു.

ആദിമ സഭ ദുരുപദേശങ്ങൾ അഭിമുഖീകരിച്ചതു പോലെ ഇന്നും അത്തരക്കാരുടെ ഉപദേങ്ങളും പഠിപ്പിക്കലും വിശ്വാസികളെ വിശ്വാസത്തിൽ നിന്നും വലിച്ചിഴയ്ക്കുവാൻ ശ്രമിക്കുന്നുണ്ട്. ഇത്തരം സിദ്ധാന്തങ്ങൾ ക്രൈസ്തവ സഭയ്ക്കു കൂടുതൽ നാശം സൃഷ്ടിക്കും ആകയാൽ വിശ്വാസികൾ വളരെ ബുദ്ധിയുള്ളവരായിരിക്കണം.

**യേശുക്രിസ്തുവിന്റെ പേരുകളും പദവികളും**

വിശുദ്ധ ബൈബിളിൽ യേശുക്രിസ്തുവിനു അനേകനാമങ്ങളും ദൈവീക പദവികളും നൽകപ്പെട്ടിരിക്കുന്നു.

1. ദൈവപുത്രൻ – റോമ 8:3,32
2. കർത്താവ് – ഫിലി 2:10–11
3. വചനം – യോഹ 1:1,14
4. യേശു – മത്തായി 1:21
5. ദാവീദിന്റെ പുത്രൻ – മത്താ 21:9, ലൂക്കോ 1:32
6. മനുഷ്യപുത്രൻ – മർക്കോ 10:45
7.. ക്രിസ്തു – യോഹ 1:41, അപ്പോ. പ്രവൃ. 2:36
8. രക്ഷകൻ – ലൂക്കോ 2:11
9. ദൈവത്തിന്റെ ദാസൻ – യെശ 42:1

**യേശുക്രിസ്തുവിന്റെ മരണം**

പിതാവാം ദൈവത്തിന്റെ നിയോഗത്താൽ പാപരഹിതനായി അവതരിച്ച് ഈ ലോകത്ത് വന്നു ഒടുവിൽ ക്രൂശുമരണം വരിച്ചു. തന്റെ മരണം പാപരഹിതമരണമായിരുന്നു അല്ലാതെ ഒരു രക്തസാക്ഷിത്വമല്ലായിരുന്നു. മനുഷ്യരുടെ പാപങ്ങളെ തന്റെ ശരീരത്തിൽ വഹിച്ചുകൊണ്ട് നീതികെട്ടവർക്കുവേണ്ടി നീതിമാൻ ക്രൂശിൽ മരിച്ചു. തന്റെ മരണം ആർക്കുവേണ്ടിയായിരുന്നു.

1. വിശ്വസിക്കുന്നവർക്കുവേണ്ടി – റോമ 8:22, തിത്തോ 2:14
2. സഭയ്ക്കു വേണ്ടി – എഫെ 5:25 –27
3. അനേകർക്കുവേണ്ടി– മത്താ.

04

യുവജന പംക്തി

# മുൻവിധിയോടെ കാര്യങ്ങൾ കാണുക

"Expect great things from God and attempt great things for God" (William Carey)



ബിനുജോസഫ് വടശ്ശേരിക്കര

– തുടർച്ച–

*വീടിനടുത്തുള്ള മല നീങ്ങിപോകുവാനായി പ്രായമുള്ള ഒരമ്മച്ചി പ്രാർത്ഥിക്കുവാനാരംഭിച്ചു. ചില ദിവസങ്ങൾ ആഹാരം വെടിഞ്ഞ് ബൈബിളിലെ ചില വാക്യങ്ങൾ വിശ്വസിച്ച് മല നീങ്ങിപോകുവാനായി പ്രാർത്ഥിച്ചു. ഓരോ ദിവസവും പ്രാർത്ഥന കഴിഞ്ഞ് മല അവിടെ തന്നെ ഉണ്ടോ എന്നറിയാനായി അമ്മച്ചി പോയി നോക്കും. ഉണ്ട് എന്നുറപ്പു വരുത്തി പ്രാർത്ഥന തുടരും. പ്രാർത്ഥനക്ക് നിശ്ചയിച്ച തീയതി കഴിഞ്ഞപ്പോൾ അമ്മച്ചി പുറത്തിറങ്ങി നോക്കി. നിശ്ചലം! ശാന്തം! മല നീങ്ങിയിട്ടില്ല. അമ്മച്ചി വളരെ സന്തോഷവതിയായി പറയുകയാണ്. 'എനിക്കറിയാം ഈ മല അങ്ങനെ നീങ്ങത്തില്ലെന്ന്!'*

മുൻവിധിയോടെ കാര്യങ്ങൾക്ക് വിധി കല്പിക്കുന്നവരാണ് അപകർഷതർ. സംഭവിക്കാൻ സാദ്ധ്യതയില്ലാത്ത കാര്യങ്ങൾ സംഭവിക്കും എന്നും നടക്കാൻ പാടില്ലാത്തവ നടക്കും എന്നും ചിന്തിക്കുന്നവരാണിവർ. ഇത്തരം ചിന്താഗതികൾ പലപ്പോഴും അലസതയിലേക്കും ഒഴിവുകഴിവുകളിലേക്കും നയിക്കാം. "വെളിയിൽ സിംഹം ഉണ്ട്, വീഥിയിൽ എനിക്കു ജീവഹാനി വരും എന്നു മടിയൻ പറയുന്നു." സദൃ: 22:12

ഇതുപോലെ തന്നെയാണ് അപകർഷരും ചിന്തിക്കുന്നത്; എന്നാൽ Nothing is impossible to a willing heart" എന്നത് പലരും മുൻവിധിയിൽ മറന്നുപോകുന്നു. ഫ്രാങ്ക്ലിൻ എന്ന ചിന്തകൻ പറഞ്ഞിരിക്കുന്നത്; "ഒരിക്കലും സംഭവിക്കാത്ത കാര്യങ്ങൾ സംഭവിക്കുമെന്ന് മുൻകൂട്ടി കരുതുകയും ആകുല ചിത്തരാകയും ചെയ്യരുത്." 'ഞാൻ പരീക്ഷയെഴുതിയാൽ തോറ്റുപോകും, അതിൽ ഞാൻ ജയിക്കില്ല' ഇങ്ങനെയുള്ള മുൻവിധികളുടെ മുമ്പിൽ മനസുമടുപ്പിക്കാതെ, ക്രിയാത്മക ചിന്തകൾക്ക് സ്ഥാനം കൊടുത്താൽ ലക്ഷ്യത്തിലേക്ക് യാത്ര സാദ്ധ്യമാകും. നമുക്കായി നല്ലത് മാത്രം പ്രവർത്തിക്കുന്ന ദൈവത്തിൽ ആശ്രയിച്ചാൽ മുൻവിധികളെ ഒഴിവാക്കി മുന്നേറുവാൻ കഴിയും.

**4. മറ്റുള്ളവരുടെ വാക്കുകൾ**

"വാൾകൊണ്ടു കുത്തുന്നതുപോലെ മൂർച്ചയോടെ സംസാരിക്കുന്നവർ ഉണ്ട്. ജ്ഞാനികളുടെ നാവോ സൗഖ്യം നൽകുന്നു." (സദൃ. 12:18) വാക്കുകൾക്ക് വലിയ ശക്തിയുണ്ട്; തെറ്റായി ഉപയോഗിക്കുന്ന വാക്കുകൾ മറ്റുള്ളവർക്ക് ഗുണത്തേക്കാളേറെ ദോഷം ചെയ്യും. എന്തിന് മറ്റുള്ളവർ പറഞ്ഞ വാക്കുകൾ പലരെയും ആത്മഹത്യയിലേക്കുപോലും നയിക്കും. "മൂർച്ചയേറിയ വാളിനേക്കാൾ മാരകമായ ആയുധമാണ് മനുഷ്യന്റെ നാവ്" എന്നൊരു പറച്ചിൽ തുർക്കികൾക്കിടയിൽ പരിചിതമാണ്.

*"ഇങ്ങനെയുള്ള നിസ്സാര കാര്യങ്ങൾ എഴുതിയിട്ട്, നിനക്കൊരു ഡോക്ടറേറ്റ് നേടിയെടുക്കാമെന്നു വിചാരിക്കുന്നത് വെറും മണ്ടത്തരമാണ്." എന്ന് പറഞ്ഞ് 1905 ൽ ബേൺ യൂണിവേഴ്സിറ്റി അധികൃതർ ആ യുവാവിന്റെ ജവര പ്രബന്ധം തള്ളിക്കളഞ്ഞു. നിരാശയിലും അപകർഷയിലും വേണമെങ്കിൽ ഈ യുവാവിനു കഴിയാമായിരുന്നു. എന്നാൽ മറ്റുള്ളവരുടെ നിരാശപ്പെടുത്തുന്ന വാക്കുകളെ അവഗണിച്ച് പ്രവർത്തിച്ചതിനാൽ ചില വർഷങ്ങൾക്കുള്ളിൽ ലോകം കണ്ട ഏറ്റവും വലിയ ശാസ്ത്രജ്ഞനായി ഈ യുവാവ് വളർന്നു. അദ്ദേഹമാണ് ആൽബർട്ട് ഐൻസ്റ്റീൻ.*

**ഇദ്ദേഹത്തിന്റെ ജീവിതത്തിൽ നേരിട്ട തള്ളപ്പെടലിനെ എപ്രകാരമാണ് അതിജീവിച്ചത്.**

- ↘നിരാശപ്പെടുത്തുന്ന മറ്റുള്ളവരുടെ വാക്കുകൾ അവഗണിച്ചു.
- ↘തനിക്ക് കഴിയുമെന്നുറച്ചു.
- ↘ലക്ഷ്യത്തോട് യാത്രചെയ്തു.
- ↘കഠിനമായി പ്രയത്നിച്ചു.

വളർന്നുവരുന്ന പ്രായത്തിൽ മാതാപിതാക്കളിൽ നിന്നോ, അദ്ധ്യാപകരിൽ നിന്നോ കേൾക്കുന്ന വാക്കുകൾ പലരെയും അപകർഷയിലേക്ക് തള്ളിവിടുന്നവയാണ്. "നീ മണ്ടനാണ്, നിന്നെ ഒന്നിനും കൊള്ളില്ല (you are good for nothing) മറ്റുള്ളവരെ നോക്ക്, അവരെ നോക്കി പഠിക്ക്, നീ മാത്രം എന്താ ഇത്ര മൊണ്ണയായി പോയത്, നീ ശരിയാകില്ല. ഇങ്ങനെയുള്ള വാക്കുകൾ നിഷേധാത്മക ചിന്തകൾ (Negative thoughts) ഉണ്ടാക്കുകയും, പലർ പറഞ്ഞു കഴിയുമ്പോൾ, ശരിയാ ഞാൻ പൊട്ടനാ, വിഡ്ഢിയാ എന്ന് സ്വയം മുദ്രകുത്തി അപകർഷയിലേക്ക് എത്തുകയും ചെയ്യുന്നു. ഇത്രയും പേർ നിന്നെ കൊണ്ട് കഴിയില്ല എന്ന് പറഞ്ഞില്ലേ, പിന്നെ എങ്ങനെ സാദ്ധ്യമാകും എന്ന് ചിന്തിച്ച് നിരാശരാകാം.

എന്നാൽ നിങ്ങൾ അറിയേണ്ട കാര്യം, സമൂഹം നിങ്ങളെ എങ്ങനെ മുദ്രകുത്തിയാലും നിങ്ങൾക്കൊരു ലക്ഷ്യബോധവും അതിലേക്ക് എത്തുവാനുള്ള ആഗ്രഹവും ഉണ്ടെങ്കിൽ അസാദ്ധ്യമായതൊന്നുമില്ല.

ആരും സ്വയം അപകർഷതർ ആകുന്നില്ല എന്നത് ഏറെക്കുറെ ശരിയാണ്. മറ്റുള്ളവരുടെ അവഗണനയും നിരാശപ്പെടുത്തുന്ന വാക്കുകളും, മറ്റുള്ളവരുമായി സ്വയം താരതമ്യം ചെയ്യുവാൻ നിർബന്ധിക്കാം. അതിന്റെ ഫലമാണ് അപകർഷയിലേക്ക് തള്ളിവിടുന്നത്.

**നിങ്ങൾ അറിയേണ്ടത്**

മറ്റുള്ളവരുടെ വാക്കുകൾക്ക് നിങ്ങളെ തകർക്കാനാവില്ല.

നിങ്ങളെ കുറ്റപ്പെടുത്തുന്നവർക്ക് നിങ്ങളുടെ കഴിവിനെ എടുത്തുകളയുവാൻ സാദ്ധ്യമല്ല.

നിങ്ങൾ ആരാണെന്ന് സ്വയം ഉറയ്ക്കുക.

ദൈവത്തിൽ ആഴമായി ആശ്രയിക്കുക.

കഴിവുകളെ ഉപയോഗിക്കുക.

*റോബർട്ടിന്റെ കവിതകൾ 'അത്‌ലാന്റിക്ക' എന്ന മാസിക പ്രസിദ്ധീകരിക്കുവാൻ നിരസ്സിച്ച് "ഇതുപോലെയുള്ള വിലകുറഞ്ഞ കവിതകൾ ഞങ്ങളുടെ മാസികയിൽ പ്രസിദ്ധീകരിക്കുകയില്ല" എന്ന് മറുപടി നൽകിയപ്പോൾ റോബർട്ട് സ്വയം പറഞ്ഞ ഒരു കാര്യമുണ്ട്. "ഞാൻ പരാജിതനാകയില്ല, മുന്നോട്ടുതന്നെ പോകും, ഞാനതു നേടിയെടുക്കും." അദ്ദേഹമാണ് പിൽക്കാലങ്ങളിൽ പ്രസിദ്ധനായി തീർന്ന റോബർട്ട് ഫ്രോസ്റ്റ്.*

**5. പരാജയങ്ങൾ (Failures)**

"If you want to succeed, double your failure rate" - Tom Watson sr.

ജീവിതത്തിന്റെ പ്രാരംഭദശയി

04

# റൈറ്റേഴ്സ് ഫോറം സെമിനാർ



**ഷാർജ:** ദൈവീക ദർശനത്തിന്റെ അഭാവമാണ് ആത്മീയ അപചയത്തിന് കാരണമെന്ന് പാസ്റ്റർ ബാബു ജോർജ്ജ് (പത്തനാപുരം) പ്രസ്താവിച്ചു. ഗൾഫ് മലയാളി ക്രിസ്ത്യൻ റൈറ്റേഴ്സ് ഫോറം ഷാർജ യൂണിയൻ ചർച്ചിൽ നടത്തിയ സെമിനാറിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. പാസ്റ്റർ മുളവന മോഹൻദാസ്, മോൻസി. കെ. വിളയിൽ, വിജിമാത്യു, തോമസ് പഞ്ഞിക്കാട്ടിൽ എന്നിവർ പ്രസംഗിച്ചു. ലിബ്നി കട്ടപ്പുറം ഗാനശുശ്രൂഷക്ക് നേതൃത്വം നൽകി. ഷിബു മുള്ളംകാട്ടിൽ സ്വാഗതവും റോജിൻ പൈനുംമൂട് നന്ദിയും പറഞ്ഞു. അലക്സ് ജോൺ, ലാൽ മാത്യു, ജയിംസ് മേമന എന്നിവർ നേതൃത്വം നൽകി.

# വി. ബി. എസ്സ് സമാപിച്ചു

**കരിയംപ്ലാവ്:** ഡബ്ല്യു. എം. ഇ. സണ്ടേസ്കൂൾ ബോർഡിന്റെ നേതൃത്വത്തിൽ വി. ബി. എസ്സ്. കരിയംപ്ലാവ് ഹെബ്രോൻ ചർച്ചിൽ നടന്നു.200 കുട്ടികൾ പങ്കെടുത്തു. ബൈബിൾ കലാമത്സരങ്ങൾ, സ്കിറ്റുകൾ, ആക്ഷൻ സോംഗ്സ്, ഡ്രോയിംഗ് മത്സരം, ക്വിസ്സ് മത്സരം, വിവിധ വിനോദ ഇനങ്ങൾ എന്നിവ നടന്നു. ഡബ്ല്യു. എം. ഇ. സണ്ടേസ്ക്കൂൾ ഡയറക്ടർ ഡോ. എം. കെ. സുരേഷ്, പാസ്റ്റർമാരായ പി. എസ്സ്. മത്തായി, സന്തോഷ് ഇ. റ്റി. എന്നിവർ നേതൃത്വം നൽകി. സമാപന റാലിയും നടന്നു. സമാപന സമ്മേളനം റവ. ഒ. എം. രാജുക്കുട്ടി ഉദ്ഘാടനം ചെയ്തു.

# 85-ാം വാർഷിക സമ്മേളനവും സുവിശേഷ യോഗങ്ങളും

**തിരുവനന്തപുരം:** കൊണ്ണിയൂർ ഏ. ജി. ഹെബ്രോൻ സഭയുടെ 85-ാം വാർഷിക സമ്മേളനവും സുവിശേഷ യോഗങ്ങളും മെയ് 26 - 29 വരെ നടക്കും. മിഷണറി സമ്മേളനം, കുടുംബ സംഗമം, മിഷനറിമാരെ ആദരിക്കൽ, സുവനീർ പ്രകാശനം തുടങ്ങിയവ വാർഷികത്തോടനുബന്ധിച്ച് നടക്കും. പാസ്റ്റർ പി. എസ്. രാജമണി, ഐസക്ക് വി. മാത്യു, പാസ്റ്റേഴ്സ് സോളമൻ, ജി. ബിനു, ബാബു രാജ്, വിൻസെന്റ്, വിനീഷ്, സിസ്റ്റർ എസ്ഥേർ എന്നിവർ പ്രസംഗിക്കും. പാസ്റ്റർ എൻ. ക്രിസ്തുദാസ് നേതൃത്വം നൽകും.

# 38-ാമത് വാർഷിക സമ്മേളനം

**തിരുവനന്തപുരം:** കന്യാകുളങ്ങര ഏ. ജി. കർമ്മേൽ ചർച്ചിന്റ 38-ാമത് വാർഷിക സമ്മേളനം ഏപ്രിൽ 10 നു നടന്നു. സമ്മേളനത്തിൽ പാസ്റ്റർ എൽ സാം മുഖ്യ പ്രഭാഷണം നടത്തി. പാസ്റ്റർ ഡി. കുഞ്ഞുമോൻ അദ്ധ്യക്ഷത വഹിച്ചു.

# 01 ☞....ഭരണ മാറ്റം സാധ്യതയില്ല 79% പേർ

കുഞ്ഞപ്പി ഒരു ടേം കൂടി തുടർന്ന് സ്ഥാനം ഒഴിയുകയാണെങ്കിൽ ഒരു അവസരം മാത്രമുള്ള റവ. പി. ജെ. ജെയിംസും പി. ജി. മാത്യൂസും തമ്മിലാകും കടുത്ത മത്സരം. തങ്ങളുടെ സാധ്യത മങ്ങുന്നു എന്ന തിരിച്ചറിവിൽ ഇവർ ഇരുവരും ഇത്തവണ മത്സര രംഗത്ത് എത്തിയാൽ കളം ആകെ മാറിമറിയുമെന്നാണ് വോട്ടെടുപ്പ് നില വ്യക്തമാക്കുന്നത്. അങ്ങനെയൊരു സാഹചര്യം ഉളവായാൽ പാസ്റ്റർ പി. ജെ. ജെയിംസ് ഇപ്പോഴത്തെ ഓവർസിയർക്ക് വെല്ലുവിളി ഉയർത്തും. എന്നാൽ തന്ത്രജ്ഞനായ റവ. എം. കുഞ്ഞപ്പി തന്റെ സ്ഥാനം ഉറപ്പിക്കാനാണ് 99% സാധ്യത.

റവ. ജോ. കുര്യൻ, സി. സി. തോമസ്, ബെൻസൺ മത്തായി എന്നിവരുടെ പേരുകൾ അപ്രതീക്ഷിതമായാണ് വോട്ടെടുപ്പിൽ പങ്കെടുത്തവർ നിർദ്ദേശിച്ചത്. ഇതിൽ റവ. ജോ. കുര്യൻ, ബെൻസൺ മത്തായി എന്നിവർ കേരളത്തിൽ എത്തുവാൻ സാധ്യത വളരെക്കുറവാണ്. റവ. സി. സി. തോമസ് താൻ കേരളത്തിലേക്ക് ഇല്ലെന്ന് പറയുന്നുണ്ടെങ്കിലും സമ്മർദ്ദങ്ങളുണ്ടായാൽ തീരുമാനം മാറിയേക്കാം. കാരണം, തന്റെ വേരുകൾ കേരളത്തിൽ ആണെന്നത് തന്നെകാര്യം.

രണ്ടാം നിരക്കാരിൽ നിന്നും മൂന്നാം നിരയിലേക്ക് എത്തുമ്പോൾ പ്രതീക്ഷകൾ വളർത്തുന്ന നിലയിൽ കുറെപ്പേരുകൾ കൂടി നിർദ്ദേശിക്കപ്പെട്ടു എന്നത് ഗുണകരമായ അനുഭവമായി. പാസ്റ്റർ വൈ. റെജി, മാത്യു. കെ. ഫിലിപ്പ്, ജെ. ജോസഫ്, ഷിബു. കെ. മാത്യു, വിനോദ് ജേക്കബ് , ജോസ് ഏബ്രഹാം തുടങ്ങിയ പേരുകളാണ് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്. ഈ വോട്ടെടുപ്പിൽ പങ്കെടുത്ത് വോട്ടു രേഖപ്പെടുത്തുകയും അഭിപ്രായങ്ങൾ പങ്കുവെയ്ക്കുകയും ചെയ്ത എല്ലാവർക്കും നന്ദി.

# 03 ☞ .........യുവജന പംക്തി

ലുണ്ടാകുന്ന പരാജയങ്ങൾ പലരെയും അപകർഷതയിലേക്ക് തള്ളിവിടാറുണ്ട്. ആത്മധൈര്യത്തോടെ എടുത്തുവയ്ക്കുന്ന ചുവട് തോൽവിയിൽ അവസാനിക്കുമ്പോൾ ഇത് എനിക്ക് കഴിയില്ല എന്ന് കരുതി പിന്മാറുന്നവരാണ് അധികവും. തുടർച്ചയായി തോൽവിയുടെ രുചിയറിഞ്ഞവർക്ക് അപകർഷതയിൽ നിന്നും കരകയറുവാൻ തീവ്രശ്രമം ആവശ്യമാണ്. ചരിത്രത്തിന്റെ ഏടുകളിൽ സ്ഥാനം പിടിച്ച റോബർട്ട് ബ്രൂസിന്റെ പരാജയത്തിൽ നിന്ന് വിജയത്തിലേക്കുള്ള കഥ നമുക്കും പാഠമാണ്.

*തുടർച്ചയായി യുദ്ധങ്ങളിൽ പരാജയമടഞ്ഞ് രാജ്യവും, സത്തും നഷ്ടമായ റോബർട്ട് ബ്രൂസ് അപമാനിതനായി ഓടി ഒരു ഗുഹയിൽ കയറി ഒളിച്ചു. രാജാവ് എന്ന പേര് നഷ്ടപ്പെട്ടു. രാജ്യം ശത്രു കൈയിലായതിനാൽ മടങ്ങിപോകുവാനോ ആളുകളെ നേരിൽ കാണുവാനോ ഉള്ള ധൈര്യം ഇല്ലാതായി. അങ്ങനെ ഗുഹയിൽ ഏകനായി മരണം മാത്രം മുമ്പിൽകണ്ട് കിടക്കുമ്പോഴാണ് ഒരു ചിലന്തി (എട്ടുകാലി) വല നെയ്യുന്നത് കണ്ടത്. വളരെ സമയം ശ്രമിച്ചിട്ടും ഒരു വലയെ അടുത്ത വലയുമായി ബന്ധിപ്പിക്കുവാൻ കഴിയാതെ ചാടികൊണ്ടിരിക്കുന്ന ചിലന്തിയെ സശ്രദ്ധം വീക്ഷിച്ചു. വളരെ നേരത്തെ ശ്രമത്തിനൊടുവിലായി അതിന് ലക്ഷ്യം നേടുവാൻ കഴിഞ്ഞു. ഇത് കണ്ട രാജാവിനും ഒരു ധൈര്യം കൈവന്നു. നിരാശ മാറ്റി വീണ്ടും ശ്രമിക്കുവാനായി തീരുമാനിച്ച് മടങ്ങിയ ബ്രൂസ് അത്തവണ യുദ്ധത്തിൽ വിജയിക്കുക തന്നെ ചെയ്തു.*

**ഇതിൽ നിന്ന് നാം മനസ്സിലാക്കേണ്ടത്;** പരാജയം ഒരിക്കലും അന്ത്യമല്ല, തുടർച്ചയായി പരാജയപ്പെട്ടാലും, വിജയം സാദ്ധ്യമാണ്, പരാജയത്തിൽ മറ്റുള്ളവർ എന്തു പറയും, ചിന്തിക്കും എന്ന് കരുതി നിരാശപ്പെടരുത്. അപകർഷതയും നിരാശയും ഒഴിവാക്കി വീണ്ടും ശ്രമിക്കുക. അപകർഷർ പരാജയത്തെക്കാൾ പരാജയപ്പെടുമോ എന്ന ഭീതിയിൽ ജീവിക്കുന്നവരാണ്. ഈ പ്രാവശ്യം ഞാൻ പരാജയപ്പെട്ടാൽ എന്ന് ചിന്തിച്ച് ഒരു ശ്രമം പോലും നടത്താതെ പിൻതിരിയുന്നവർ ഉണ്ട്. ഇത്തവണ പരാജയപ്പെടില്ല എന്ന് വിശ്വസിക്കുവാനും, പരാജയപ്പെട്ടാൽ വിജയിക്കും വരെ പൊരുതും എന്ന് തീരുമാനിക്കുവാനും വിശുദ്ധ ബൈബിൾ ഓർപ്പിക്കുന്നു. "നീതിമാൻ വീണാലും നിലംപരിചാകയില്ല; ദൈവം അവനെ കൈപിടിച്ചുതാങ്ങുന്നു." പരാജയം വിജയത്തിലേക്കുള്ള ചവിട്ടുപടിയായി കണ്ട്, പരാജയഭീതി ഒഴിവാക്കി ചുവട് വെച്ചാൽ അപകർഷതക്ക് നിങ്ങൾ അടിമപ്പെടുകയില്ല.

(തുടരും...)

ചോദ്യോത്തര വേദി

# വേദപുസ്തകം അപൂർണ്ണമെന്ന് ഓർത്തഡോക്സ് പുരോഹിതൻ



ജോർജ്ജ് ഫിലിപ്പ് തെക്കേക്കര

**ചോദ്യം:** 'വേദപുസ്തകം പൂർണ്ണമല്ലെന്ന്' ഓർത്തഡോക്സ് സഭയിലെ ഒരു പുരോഹിതൻ ഈയിടെ എന്നോടു പറഞ്ഞു. അതിന് കാരണമായി അദ്ദേഹം പറഞ്ഞത്, 1 ദിനവൃത്താന്തം 29:29 -ൽ വിവരിക്കുന്ന പുസ്തകങ്ങളായ 'നാഥാൻ പ്രവാചകന്റെയും ദർശകനായ ഗാദിന്റെയും വൃത്താന്തപുസ്തകങ്ങൾ' ഇതുവരെ കണ്ടുകിട്ടിയില്ലെന്നാണ്. ഈ വാദത്തിനോട് താങ്കൾ എന്തു മറുപടി പറയും?

**തോമസ് രാജൻ, പോത്താനിക്കാട്, മൂവാറ്റുപുഴ**

**ഉത്തരം:** 'നാഥാൻ പ്രവാചകന്റെയും ദർശകനായ ഗാദിന്റെയും വൃത്താന്തപുസ്തകങ്ങൾ' ഇല്ലാതെ തന്നെ തിരുവെഴുത്ത് (വേദപുസ്തകം) പൂർണ്ണമാണെന്ന് അപ്പൊസ്തലനായ പൗലോസ് എഴുതിയിരിക്കുന്നു (2തിമൊ 3:16). എമ്മാവൂസ് ഗ്രാമത്തിലേക്ക് പോയ രണ്ടുപേരോട് **ഉയർത്തെഴുന്നേറ്റ കർത്താവ് എല്ലാ തിരുവെഴുത്തും വ്യാഖ്യാനിച്ചിരുന്നു (ലൂക്കോസ് 24:27).** കർത്താവ് തന്റെ മൂന്നരവർഷത്തെ ശുശ്രൂഷാകാലത്ത് യെഹൂദന്മാർ തിരുവെഴുത്തായി അംഗീകരിച്ച പുസ്തകങ്ങളിൽ നിന്ന് മാത്രമേ **'വചനത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു'** എന്ന് ഉദ്ധരിച്ചിട്ടുള്ളൂ. ക്രിസ്തീയ സഭ ആരംഭിച്ച അപ്പൊസ്തലന്മാരും യെഹൂദന്മാർ അംഗീകരിച്ച തിരുവെഴുത്തിൽ നിന്ന് മാത്രമേ ദൈവവചനം ഉദ്ധരിച്ചിരുന്നുള്ളൂ. അതായത് യെഹൂദന്മാരുടെ തിരുവെഴുത്തിൽ നാഥാൻ പ്രവാചകന്റെയും ദർശകനായ ഗാദിന്റെയും വൃത്താന്തപുസ്തകങ്ങൾ ഉൾപ്പെടുത്തിയിരുന്നില്ല.

'നാം ദൈവത്തിന്റെ സന്താനമാണെന്ന്' യവന കവികളെ പൗലോസ് അപ്പൊസ്തലൻ അപ്പൊ. പ്രവർത്തികൾ 17:28 -ൽ ഉദ്ധരിക്കുന്നുണ്ട്. അതുകൊണ്ട് ഗ്രീക്ക് കവിതകൾ തിരുവെഴുത്തായി ആരും അംഗീകരിക്കുന്നില്ല. എന്നാൽ അപ്പൊസ്തലിക എഴുത്തുകൾ എല്ലാം ദൈവവചനമായി (തിരുവെഴുത്തായി) ആദിമ വിശ്വാസികൾ അംഗീകരിച്ചിരുന്നു. (1തെസ്സ. 2: 13; 4:2).

ഇനിയും അഥവാ ഏതെങ്കിലും ദൈവവചനം നഷ്ടപ്പെട്ട് മനുഷ്യർക്ക് ലഭിക്കാതെ പോയിട്ടുണ്ടെങ്കിൽ, അതിന്റെ ഉത്തരവാദിത്വം മനുഷ്യർക്കല്ല ദൈവത്തിനാണെന്ന് താഴെപ്പറയുന്ന വചനങ്ങളിൽ നിന്ന് മനസ്സിലാകും.

1) മനുഷ്യൻ അപ്പം കൊണ്ടുമാത്രമല്ല, ദൈവത്തിന്റെ വായിൽനിന്ന് വരുന്ന **സകല വചനങ്ങൾകൊണ്ടും ജീവിക്കുന്നു** എന്ന് എഴുതിയിരിക്കുന്നു' എന്ന് കർത്താവ് പറഞ്ഞു (മത്തായി 4:4). (ജീവിക്കണമെങ്കിൽ സകല വചനങ്ങളും മനുഷ്യർക്ക് കിട്ടണമല്ലോ), 2) '...... എന്നാൽ നമ്മുടെ ദൈവത്തിന്റെ വചനം എന്നേക്കും നിലനിലക്കും" (യെശയ്യാവ് 40:8, 1 പത്രോസ് 1:25), 3) 'ആകാശവും ഭൂമിയും നീങ്ങിപ്പോകും; എന്റെ വചനങ്ങളോ നീങ്ങിപ്പോകുകയില്ല' (മത്തായി 24:35, 5:18), 4) സ്വർഗ്ഗത്തിൽ എന്നേക്കും സ്ഥിരമായിരിക്കുന്ന ദൈവവചനപ്രകാരമാണ് (സങ്കീർത്തനം 119:89) നമുക്കുള്ള ന്യായവിധിയും പ്രതിഫലവുമെങ്കിൽ, ദൈവവചനം മനുഷ്യർക്ക് ലഭ്യമാക്കേണ്ട ചുമതല സർവ്വശക്തനായ ദൈവത്തിനാണല്ലോ. ദൈവീക പ്രമാണം ലഭിക്കാത്ത മനുഷ്യർക്ക് എങ്ങനെ ന്യായവിധിയും പ്രതിഫലവും കൊടുക്കുവാൻ ദൈവത്തിന് സാധിക്കും (റോമർ 2:16)

5) മാത്രമല്ല, സകല ദൈവവചനങ്ങളും മനുഷ്യരെ ഓർമ്മപ്പെടുത്തുന്ന ചുമതല പരിശുദ്ധാത്മാവിനുണ്ട് (യോഹ 14:26). വചനം ഓർമ്മിക്കണമെങ്കിൽ ആദ്യം വായിച്ചു മനസ്സിലാക്കിയിരിക്കണമല്ലോ. വായിക്കണമെങ്കിൽ വചനം നമ്മളിൽ എത്തണം. വചനം മനുഷ്യരിൽ എത്തിക്കേണ്ട ചുമതല സർവ്വജ്ഞാനിയായ ദൈവത്തിന്റേതാണല്ലോ.

നാലുവർഷം സെമിനാരിയിൽ പഠിച്ചിട്ടും, ദൈവവചനം പൂർണ്ണമാണന്ന് വിശ്വസിക്കാൻ സാധിക്കാതെ, കർത്താവിനെയും അപ്പോസ്തലന്മാരെയും വിശ്വസിക്കാതെ, എന്നാൽ വചനംകൊണ്ട് ഉപജീവനം കഴിക്കുകയും, വചനം കൊണ്ട് മറ്റു ലോകമാനങ്ങൾ നേടുകയും ചെയ്യുന്ന പുരോഹിതന്റെ വചനത്തോടുള്ള ആത്മാർത്ഥയില്ലായ്മയിൽ ഞാൻ സഹതപിക്കുന്നു.

അതുകൊണ്ട്, **"യഹോവയുടെ പുസ്തകത്തിൽ അന്വേഷിച്ചു വായിക്കുവിൻ.... "** (യെശയ്യാവ് 34:16)

അതിൽ, **'മറഞ്ഞിരിക്കുന്ന കാര്യങ്ങൾ ദൈവത്തിനുള്ളത്. വെളിപ്പെട്ടിരിക്കുന്നത് നമ്മുക്ക് അനുസരിക്കാനുള്ളത്'** (ആവർത്തനം 29:29)

# 03 ☞ .........ക്രമീകൃത ദൈവശാസ്ത്രം

20:28, 4. എല്ലാവർക്കും വേണ്ടി - 1 തിമോ 2:6, എബ്രാ 2:9
5. നീതികെട്ടവർക്കുവേണ്ടി - 1 പത്രോ 3:18
6. അഭക്തർക്കു വേണ്ടി - റോമ 5:6
7. പാപികൾക്കു വേണ്ടി- റോമ 5:8

**യേശുവിന്റെ പുനരുത്ഥാനവും സ്വർഗ്ഗാരോഹണവും**

യേശുക്രിസ്തുവിന്റെ ക്രൂശുമരണം, പുനരുത്ഥാനം, സ്വർഗ്ഗാരോഹണം ഈ മൂന്നും ക്രൈസ്തവ പഠിപ്പിക്കലുകളുടെ അടിസ്ഥാന വിഷയങ്ങളായി അംഗീകരിക്കപ്പെട്ടിരിക്കുന്നു. പുതിയ നിയമ സഭയുടെ സങ്കേതവും സുവിശേഷ ഘോഷണത്തിന്റെ കേന്ദ്രവിഷയവും ക്രിസ്തുവിന്റെ പുനരുത്ഥാനമാണ്. 1 കൊരി 15:3, 2 തിമൊ 2:8, ക്രിസ്തുവിന്റെ ഉയർത്തെഴുന്നേല്പു വ്യാജമാണ് എന്ന് സ്ഥാപിക്കുവാൻ കുത്രിപ്പുകാർ ശ്രമിക്കാറുണ്ട്. യേശു മരിച്ചിട്ടില്ലായെന്നും, ശിഷ്യന്മാർ മൃതശരീരം മോഷ്ടിച്ചു എന്നും പഠിപ്പിക്കലുകളിൽ ചിലതാണ്. യേശുവിന്റെ പുനരുത്ഥാനത്തിനുള്ള ചില തെളിവുകളാണ് താഴെ പറയുന്നത്.

1. ഒഴിഞ്ഞ കല്ലറ, യോഹ 20:11-15, 2. പ്രത്യക്ഷതകൾ, മർക്കൊ 16:9, മത്താ. 28:4, 1 കൊരി 15:5-8, 3. സഭയുടെ ആവിർഭാവം അ. പ്ര. 2

കർത്താവിന്റെ ഉയർത്തെഴുന്നേല്പിനുശേഷം നാല്പതു നാളുകൾ ഈ ഭൂമിയിൽ ആയിരുന്നതിനു ശേഷം സാക്ഷികളുടെ സാന്നിദ്ധ്യത്തിൽ സ്വർഗ്ഗത്തിലേക്കു കരേറിപ്പോകയും പിതാവാം ദൈവത്തിന്റെ വലതുഭാഗത്ത് ഉപവിഷ്ടനായി നമുക്കുവേണ്ടി പക്ഷപാദം നടത്തുകയും ചെയ്യുന്നു. എബ്രാ 7:25.

(തുടരും...)

## പ്രതികരണം

# ദുർലാഭമോഹികൾ നേതൃ സ്ഥാനങ്ങളിലെത്താതിരിക്കാൻ

**ഫിലിപ്പോസ് – കുളക്കട**

അപ്പോളജിറ്റിക് കൗൺസിലിനെപ്പറ്റി 2011 ഫെബ്രു – 25 ലെ ബിലീവേഴ്സ് ജേണലിൽ ഞാൻ എഴുതിയ പ്രതികരണത്തിൽ, ഈ കാലത്തെ സഭകൾ തുടരുന്ന സാമ്പത്തീക സമ്പ്രദായങ്ങൾ തികച്ചും വേദവിപരീതവും സാമാന്യ നീതിക്കു നിരക്കാത്തതും സഭകളിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതുമാണെന്ന് തെളിയിക്കാൻ ഞാൻ തയ്യാറാണ് എന്ന് എഴുതിയിരിക്കുന്നു. അതേ ആശയം ധ്വനിപ്പിക്കുന്ന ഒരു പ്രസ്താവന സഭയുടെ ഒരു ഉന്നതനേതാവിന്റേതായി കാണുകയുണ്ടായി. ന്യൂയോർക്കിലെ മിനിയോളയിലുള്ള ഗ്രേയ്സ് ഇന്റർനാഷണൽ അസംബ്ലീസ് ഓഫ് ഗോഡ് സഭയുടെ സീനിയർ പാസ്റ്ററായ റവ. വിത്സൻ ജോസുമായി ഒരു പത്രം നടത്തിയ അഭിമുഖത്തിൽ അദ്ദേഹം പറഞ്ഞതിൽ ചിലത്:

? കേരളത്തിലെ പെന്തെക്കോസ്തു സഭകൾ നേരിടുന്ന മൂല്യ തകർച്ചയ്ക്കു എന്താണു കാരണം? എന്താണു പരിഹാരം?

പണമാണ് ഈ കാലത്തെ സഭാ നേതൃത്വത്തെ നിയന്ത്രിക്കുന്ന ഘടകം. പണത്തോടുള്ള ആർത്തിയാണ് സഭാ നേതൃത്വത്തിന്റെ മൂല്യച്യൂതിക്കുകാരണം. അധികാര കസേരകളിൽ കയറികൂടിയാൽ വൻ തോതിലുള്ള വരുമാനം ലഭിക്കും. അതിനാൽ ഏതു തന്ത്രവും ഉപയോഗിച്ചു കസേരയിൽ കയറിപ്പറ്റുന്ന കേരളത്തിലെ ഒരു നേതാവിന് പ്രതിമാസം അഞ്ചുലക്ഷം രൂപായെങ്കിലും വരുമാനമുണ്ട്. വിവാഹം, സംസ്കാരം, കൺവൻഷൻ തുടങ്ങിയ ചടങ്ങുകൾക്കും ഭീമമായ തുകയാണ് ഇവർക്ക് ലഭിക്കുന്നത്. ഇതിനു പുറമേ വർഷത്തിൽ രണ്ടും മൂന്നും വിദേശയാത്ര............

ഹാലേല്ലൂയ്യാ 2011 ജനു:1

കേരളത്തിലെ പെന്തെക്കോസ്തു സഭകൾക്ക് മൃൂല്യതകർച്ച സംഭവിച്ചിരിക്കുന്നു എന്ന് ഹാല്ലേല്ലൂയ്യാ സമ്മതിക്കുന്നു. ഹാലേലൂയ്യായ്ക്ക് അതിൽ പങ്കിലെങ്കിൽ – അഥവാ മൂല്യ തകർച്ച അതിനെ ബാധിച്ചിട്ടില്ലെങ്കിൽ മൂല്യ തകർച്ചയിൽ നിന്നും സഭകളെ നവീകരിക്കാൻ ഹാലേല്ലൂയ്യായ്ക്കു ബാധ്യതയുണ്ടല്ലോ. കൂട്ടുകാരന്റെ പാപം നിന്റേമേൽ വരാതിരിപ്പാൻ അവനെ താല്പര്യമായി ശാസിക്കേണം. ലേവ്യ 19:17. ധനസമ്പാദനാർത്ഥം തന്ത്രങ്ങൾ ഉപയോഗിച്ച് അധികാര കസേരകളിൽ കയറിപ്പറ്റി സഭയ്ക്കു മൂല്യ തകർച്ചയുണ്ടാക്കുന്ന ധനമോഹികളെ തൽസ്ഥാനങ്ങളിൽ നിന്ന് ഇറക്കിവിടാനും അത്തരക്കാർ മേലിൽ അധികാര കസേരകളിൽ കയറിപ്പറ്റാതിരിക്കാനും ശ്രമിക്കാനുള്ള ബാധ്യത ഹാലേല്ലൂയ്യായ്ക്കുണ്ടല്ലോ.

ഈ ധനമോഹികളെ ഗേഹസികൾ എന്നു വിളിച്ചാൽ ഒരു പക്ഷേ പഴയ ഗേഹസിക്കു അപവാദമായേക്കാം. കാരണം അയാൾ ഒറ്റ പ്രാവശ്യമേ അല്പ ധന ലാഭത്തിനുവേണ്ടി ശ്രമിച്ചിട്ടുള്ളൂ. അയാൾ ഒരു ശിഷ്യൻ മാത്രമായിരുന്നു. നേതാവായിരുന്നില്ലല്ലോ. ഏലീശാ പ്രവാചകനേപ്പോലുള്ള ചില പ്രവാചകന്മാരെ ദൈവം ഇക്കാലത്ത് എഴുന്നേല്പിച്ചാൽ ഈ നേതാക്കന്മാരുടെ അവസ്ഥ എന്തായിരിക്കും? അങ്ങനെ ആരേയും ദൈവം എഴുന്നേല്പിക്കാതിരിപ്പാൻ നമ്മുടെ നേതാക്കന്മാരെ സ്നേഹിക്കുന്നവർ ഒരു ഉപവാസയജ്ഞം സംഘടിപ്പിക്കട്ടെ!

ധനസമ്പാദനാർത്ഥം തന്ത്രങ്ങൾ ഉപയോഗിച്ച് അധികാര കസേരകളിൽ കയറിപ്പറ്റുന്നവർ ദൈവത്തേയല്ല പണത്തേയായിരിക്കും സേവിക്കുന്നത് എന്നതിൽ സംശയിക്കേണ്ടതില്ലല്ലോ. നിങ്ങൾക്ക് ദൈവത്തെയും മാമോനേയും സേവിപ്പാൻ കഴികയില്ല എന്നു യേശു പറഞ്ഞു. മത്താ. 6:24, മാമോൻ എന്നതിന് ഇംഗ്ലീഷ് N. I. V യിൽ Money - പണം എന്നു തന്നെയാണ് കൊടുത്തിരിക്കുന്നത്. മാമോൻ സേവകരെ സഭാഭരണം ഏല്പിച്ചിട്ടു സഭയിൽ മൂല്യ തകർച്ചയുണ്ടായി എന്നു പരിതപിക്കുന്നതിൽ അർത്ഥമെന്ത്? “ദൈവരാജ്യം പിടിച്ചടക്കിയിരിക്കുന്ന പിശാചുക്കൾ വേദവിപരീതം പറയുന്നു എന്ന് പറയുന്നതുതന്നെ ലജ്ജാകരമല്ലെ? എന്ന് K. P. S. മേനോൻ മലയാള മനോരമ ദിനപത്രത്തിൽ എഴുതി. 2000 മാർച്ച് 8

ഇത്തരം മാമോൻ സേവകർ സിംഹാസനങ്ങളിലും ഭദ്രാസനങ്ങളിലും ഇരിക്കുന്ന കാലത്തോളം എത്ര അപ്പോളജിറ്റിക് കൗൺസിലുകൾ ഉണ്ടാക്കിയാലും പ്രയോജനമൊന്നുമില്ല. അപ്പോളജിറ്റിക് കൗൺസിലിലും ഭൂരിപക്ഷമുണ്ടാക്കുവാൻ അവർക്കു കഴിയും.

സഭയിലെ മൂല്യ തകർച്ചയ്ക്കു പരിഹാരമുണ്ടാകണമെങ്കിൽ അത്യാഗ്രഹികളും ആഢംബര പ്രേമികളും സഭാ സ്ഥാനികളാകാതിരിക്കണം. അതു സാധിക്കണമെങ്കിൽ അധികാര സ്ഥാനങ്ങൾ ധനമോഹികൾക്ക് ആകർഷണീയമല്ലാതാകണം. അങ്ങനെയാകണമെങ്കിൽ സഭയ്ക്ക് വേദാനുസരണമായ ഒരു സാമ്പത്തീകനയമുണ്ടാകണം. ഇക്കാലത്തെ സാമ്പത്തീക സമ്പ്രദായങ്ങൾ യെശ. 10:1 –ൽ പറയുന്നതുപോലെ എളിയ ജനത്തെ കൊള്ളയടിച്ച് ഒരു പിടി നേതാക്കന്മാർക്ക് സമ്പത്ത് വർദ്ധിപ്പിക്കുന്നതിനു ഉതകുന്നതാണ്.

നേതാക്കന്മാരുടെ സാമ്പത്തീക ശ്രോതാസ്സുകളായി റവ. വിൽസൺ ജോസു പറയുന്നത് വിവാഹം, സംസ്കാരം, കൺവൻഷൻ എന്നിവയാണ്. അവകൾ കൂടാതെ നിരവധി ചടങ്ങുകളുണ്ട്. അവകളെ പറ്റി ദൈവം അനുവദിച്ചാൽ ഇനിയും ഒരിക്കൽ എഴുതാം. ഇവിടെ സുവിശേഷ പ്രവർത്തകരുടെ ഉപജീവനമാർഗ്ഗങ്ങളെപ്പറ്റി പുതിയ നിയമം എന്തു പറയുന്നു എന്നു പരിശോധിക്കാം. അതിലേക്ക് പ്രവേശിക്കുന്നതിനു മുൻപ് നിലവിലുള്ള സമ്പ്രദായങ്ങളിലെ വേദവിപരീതങ്ങൾ ചൂണ്ടാക്കാണിക്കാം.

ലേവ്യർക്ക് ഉപജീവനത്തിനായി ഇതരയിസ്രായേൽ ഗോത്രങ്ങളിൽപ്പെട്ടവർ കൊടുക്കണമെന്ന് പഴയനിയമത്തിൽ പറയുന്ന ചട്ടങ്ങളാണ് പുതിയ നിയമ സഭാ പ്രവർത്തകരുടെയും ഉപജീവനോപാധിയായി പഠിപ്പിക്കുന്നത്. അതോടൊപ്പം വിശുദ്ധന്മാരിൽ ദരിദ്രരായവർക്കുവേണ്ടി പൗലോസ് നടത്തിയ ദ്രവ്യശേഖരണത്തോടുള്ള ബന്ധത്തിൽ പറയുന്ന ഭാഗങ്ങളും അധാരമാക്കുന്നു. അതു രണ്ടും വേദ വിപരീതമാണ്. കാരണം ഇതരഗോത്രങ്ങൾക്കു ലഭിച്ചതുപോലെ ദേശത്ത് ലേവിഗോത്രത്തിന് അവകാശം ലഭിച്ചില്ല. അവർക്ക് ലഭിക്കേണ്ടിയിരുന്ന ഭൂസ്വത്തുക്കൾ കൈവശം ലഭിച്ചവർ അതിൽ നിന്നുള്ള വരുമാനമാണ് ലേവ്യർക്ക് കൊടുക്കേണ്ടിയിരുന്നത്. അതു പുതിയ നിയമ സഭാ പ്രവർത്തകർക്ക് ബാധകമല്ല. സഭാ പ്രവർത്തകൾ ദരി

08

## പി. സി. ഐ. ന്യൂയോർക്ക് ചാപ്റ്റർ പഠനോപകരണങ്ങൾ വിതരണം ചെയ്യുന്നു

**കാലടി:** ഇടുക്കി ജില്ലയിലെ നിർദ്ധനരായ ഹൈസ്കൂൾ കുട്ടികൾക്ക് പെന്തക്കോസ്തൽ കൗൺസിൽ ഓഫ് ഇന്ത്യ ന്യൂയോർക്ക് ചാപ്റ്റർ പഠനോപകരണങ്ങൾ വിതരണം ചെയ്യുന്നു. ബാഗ്, കുട, നോട്ട് ബുക്കുകൾ അടങ്ങിയ കിറ്റും യൂണീഫോമിനുവേണ്ട പണവുമാണ് വിതരണം ചെയ്യുന്നത്. പഠിക്കുന്ന കുട്ടിയുടെ പേര്, പിതാവിന്റെ പേര്, വിലാസം, പഠിക്കുന്ന ക്ലാസ്സ്, സ്കൂൾ എന്നീ വിവരങ്ങൾ അപേക്ഷയിൽ ഉണ്ടായിരിക്കണം. സാമ്പത്തികശേഷി ഇല്ലാത്ത കുട്ടികളാണെന്നുള്ള പാസ്റ്ററുടെ ശുപാർശകത്തും വയ്ക്കണം.

ഇടുക്കി ജില്ലയിലുള്ളവർ മാത്രം അ പേക്ഷിച്ചാൽ മതി. ഏപ്രിൽ 30–ന് മുമ്പ് സണ്ണി ഇലഞ്ഞിമറ്റം പി.സി.ഐ. ജില്ലാ സെക്രട്ടറി, അമരാവതി പി.ഒ., കുമളി –6855 09 എന്ന വിലാസത്തിൽ അയയ്ക്കുക. ഫോൺ : 9544044229. പാസ്റ്റർ വിൽസൺ ജോസ് (പ്രസിഡന്റ്), പാസ്റ്റർ ജോൺ തോമസ് (വൈസ് പ്രസിഡന്റ്), മോൻസി (സെക്രട്ടറി), അലക്സാണ്ടർ പൊടിമണ്ണിൽ (ചാരിറ്റി കോ–ഓർഡിനേറ്റർ), ഡേവിഡ് കുരുവിള (ട്രഷറർ), നെബു (പബ്ലിസിറ്റി കൺവീനർ) എന്നിവരടങ്ങുന്ന 20 അംഗ കമ്മിറ്റിയാണ് ന്യൂയോർക്ക് പി.സി.ഐ. ചാപ്റ്റർ.

## കല്ലുകടി

### കർക്കിടമായാൽ ഞാഞ്ഞൂലിനും വിഷമാകും

കേരളത്തിൽ പെന്തക്കോസ്തുകൾ ഏറ്റവും കൂടുതലുള്ള മണ്ഡലങ്ങളിൽ ഒന്നാണ് റാന്നി. അതിനാൽ തന്നെ രണ്ടു പക്ഷവും പെന്തെക്കോസ്തുകാരെ ചാക്കിടാൻ തന്ത്രങ്ങളിറക്കുക സ്വഭാവികം. പെന്തെക്കോസ്തുകാരുടെ പേരിൽ കഴിഞ്ഞ ചില തെരഞ്ഞെടുപ്പുകളിൽ വ്യാജപത്രങ്ങൾ ഇറങ്ങുന്നത് പതിവായിരുന്നു. ഇക്കുറിയും ഇറങ്ങിയത്രെ ഒരെണ്ണം. ഒരു പത്രക്കാരൻ ഒരു പക്ഷത്തിനായി സപ്ലിമെന്റിറക്കി സഹായിച്ചപ്പോൾ മറ്റൊരു പത്രമുതലാളി പത്രം ഒന്നും സ്പെഷ്യലിറക്കാൻ മെനക്കെട്ടില്ല. പകരം രണ്ടു പക്ഷത്തിനും സഹായം വാഗ്ദാനമായി നൽകി രംഗത്തുവന്നു. എന്നു പറഞ്ഞാൽ 2 വള്ളത്തേലും കാലു ചവിട്ടി നിന്നുവെന്നർത്ഥം. ഇനി കക്ഷി വീഴുന്നതു എപ്പോഴാണെന്നറിഞ്ഞാൽ മതി. കർക്കിടമാകുമ്പോൾ സകലഞാഞ്ഞൂലുകളും തല ഉയർത്തുമെന്നു സാരം.

**അടിക്കുറിപ്പ്:** ദീപസ്തംഭം മഹാശ്ചര്യം നമുക്കും കിട്ടണം പണം.



Late Dr. D. G. S. Dhinakaran
Founder Chancellor -Emeritus

Karunya UNIVERSITY
karunya institute of Technology and Sciences
Karunya Nagar, Coimbatore - 641 114, Tamilnadu, India
A Christian Minority Institution
25 Years of Excellence in Education


DR. Paul Dhinakaran
Chancellor

All India 9th Rank among all private universities/Institutions - Times of India

ADMISSIONS 2011

All India 8th Rank in infrastructure among All Institutes - Data quest

COURSES
B. Tech, M. Tech, MBA, MCA,
B.Ed, M.Ed, M.Sc, M.A, PG Diploma,
Other Degree Courses (More than 90 Courses)

No. Donation
No Capitation

B . Tech
* Aerospace Engineering
* Bio Informatics
* Bio Technology
* Civil Engineering
* Mechanical Engg.
* Computer Science Engg.
* Electrical and Electronics Engg.
* Electronic and Communication Engg.
* Electronic and Instrumentation Engg.
* Electronic and Media technology
* Food processing and Engg.
* Information Technology

M.Tech
* Full time 21 courses
* Master of Science (M.Sc) Intergrated Courses
* Post Graduate Diploma full time courses
* Other Degree courses

Application & Prospects Available

Central Bank of India loan facility for the students of Karunya University

- Contact -
Mr. Chacko Koshy (Authorised Consultant by Karunya University)
Admission Guidance, Kundara
Help Line: 9995670557, 9387358946, 9496532507

# NEW AGE MOVEMENT AND THE COMING ANTICHRIST



THOMSON KAITHAMANGALAM

Hope the readers of this article will remember the piece that I wrote few weeks ago under the title 'The New World Order and the coming Antichrist'. In this piece of writing, I would like to draw your attention to 'New Age Movement and the coming Antichrist'.

The origin of the movement dates back to 19th century with the theosophical teaching of Helena Blavatsky. The movement received its momentum in the 1920's with the teaching of Alice Ann Bailey. Her writings called 'Ageless Wisdom' which she claimed to have been received telepathically (psychic communication) from the "Master of Wisdom", influenced a lot of people in Europe, America, India and the rest of the world. Her writings were a mixture of occult teachings, psychology, astrology and philosophy.

She believed in a unified society including a global spirit of religion. The Theosophical Society, as it was called, advocated the abolishment of major world religions such as Christianity, Judaism and Islam to promote unity in other world religions. Theosophical society asserted that their teachings were revealed by 'spirit' (demons). They lay emphasis on the progression of a blessed, master Aryan society, and a one world (new age) religion and social order.

In 1922, Baily founded the "Lucifer Publishing Company," which printed and distributed their teachings. These teachings were extreme in their objective and purpose. Gradually they schemed the coming new age with directives for the foundation of the necessary new world order. Their symbol was a rainbow and the society talked about wide plans for religious war, forced redistribution of the world's resources and the need of a new world order. Baily even discussed the sanctity of the new world leader's number, 666.

New Age Movement teaches the natural progression of humanism. Man is the central figure in it. He is considered as divine and progressing towards a kind of godhood. Rather than the power or influence of any superior authority from outside, they believe in the inbuilt ability of human beings in achieving perfection. It teaches that humans have evolved biologically and must now progress spiritually to build a world fit to live together in social harmony.

Many New Age Practices are designed to encourage man to go through a kind of spiritual evolution and finally to a state of godhood. Even though the early leaders of the movement did not have unified agenda or guidelines for man to go through this spiritual evolution, they suggested its followers to train their souls to have out of body experiences by contacting guides and using crystals to purify the body and mind's energy systems.

Though we don't hear much about this movement today, the truth is, behind the curtain, there is a definite and organized secret leadership working day and night to reach their goal, the utopian new world kingdom. The name of the secret body is called "The Planetary Initiative for the World we Choose".

On August 16 1988, over eighty million New Agers all over the world unified themselves for the largest assembly in the history for a mass meditation. Led by 144000 new age mystics the new agers joined in a period of meditation agreement for the release of 'spiritual forces' which would bring a one world government and a one world religion on earth.

In the U.S. and Canada alone, over ten thousand organizations are identified as new age movements. Amnesty International, The Guardian Angels and hundreds of other world known organizations play a major role in this movement. The manifesto of the new age movement underlines the need of a New World Order, Universal credit card system, world food authority, world health authority, world water authority, Universal Tax, Universal military draft, abolishing of Christianity, Judaism and Islam, One world leader.

Randall Baer, a former New Age leader who became a born again Christian wrote in his bestseller, **"Inside The New Age Nightmare"**. "This agenda is nothing less than the complete revolutionizing of the very foundations of not only America but the entire world. Such a plan calls for the total restructuring of planetary civilization into an enlightened One World Federation in which national boundaries and sovereignty are secondary, and 'planetary citizenship' in the 'global village' is the order of the day. This (conspiracy) offers a world in desperate need a grand solution to profound global problems. Apparent world peace and unprecedented opportunities ... are to be unveiled."

In his book, 'Mystery Mark of the New Age' Texe Marrs says:

Christianity will be discredited and Christians will become accursed. They are to be branded an ignorant and inferior human species.

A Planetary crisis will be precipitated by Satan's human world leaders. Out of this crisis will come the opportunity for the New Age Kingdom to be realized.

A great world leader and statesman will then appear to bring order to chaos. He will be Satan's hand-picked man: the Beast, or Antichrist, with the number 666.

New age leaders, especially those who control the world's TV and radio broadcast media, will mount a tremendously powerful campaign on behalf of this World Leader, causing the entire world to believe in his perfection and infallibility.

After assuming the reins of power, the great World Leader will usher in a period of universal peace and prosperity. His magnetism and charisma will enable him to establish himself at the helm of a One World Government, One World Economy, and a one world new age religion.

Consolidating all power and might, the great World Leader will finger Christians and Jews

07

# ഐ. പി. സി. ഫാമിലി കോൺഫറൻസിനായി ഒർലാൻഡോ പട്ടണം ഒരുങ്ങുന്നു

**ഫ്ളോറിഡ:** 2012 ജൂലൈ മാസം 20 – 29 വരെ നടക്കുന്ന നോർത്ത് അമേരിക്കൻ ഐ. പി. സി. ഫാമിലി കോൺഫറൻസിന്റെ പതിനൊന്നാമത് സമ്മേളനം ഒർലാൻഡോയിലെ വിൺഡം റിസോർട്ടിൽ വെച്ച് നടത്തുവാനുള്ള പ്രാഥമിക ക്രമീകരണങ്ങൾ ചെയ്തു കഴിഞ്ഞതായി കോൺഫറൻസ് ഭാരവാഹികൾ അറിയിച്ചു. പി. സി. എൻ. എ. കെ. ജൂബിലി കോൺഫറൻസ് ഉൾപ്പെടെ പല പെന്തെക്കോസ്ത് കോൺഫറൻസുകൾക്കും വേദി ഒരുക്കിയിട്ടുള്ള ഒർലാൻഡോ പട്ടണത്തിൽ നടക്കുന്ന ഐ. പി.സി. കുടുംബ സംഗമം അവിസ്മരണീയമാക്കാൻ വിപുലമായ പരിപാടികൾ സംഘാടകർ ആസൂത്രണം ചെയ്തിട്ടുണ്ട്.









പ്രസിദ്ധമായ വിനോദ സഞ്ചാര കേന്ദ്രമായ ഒർലാൻഡോയുടെ ഹൃദയഭാഗത്തു സ്ഥിതിചെയ്യുന്ന വിൺഡം റിസോർട്ട് എല്ലാവിധ ആധുനിക സൗകര്യങ്ങളും കൊണ്ട് പ്രസിദ്ധമാണ്. 42 ഏക്കറുകളിലായി സ്ഥിതിചെയ്യുന്ന ഹോട്ടൽ സമുഛയം 1000 ൽ അധികം മുറികളും വിശാലമായ മൂന്ന് കോൺഫറൻസ് മുറികളും, മറ്റെല്ലാ സൗകര്യങ്ങളും നിറഞ്ഞതാണ്. ഒർലാൻഡോ ഇന്റർ നാഷണൽ എർപോർട്ടിൽ നിന്നും ഒൻപത് മൈൽ മാത്രം അകലത്തിൽ പ്രസിദ്ധമായ ഇന്റർനാഷണൽ ഡ്രൈവിൽ സ്ഥിതി ചെയ്യുന്ന വിൺണ്ടം റിസോർട്ട്, പ്രധാനപ്പെട്ട എല്ലാ നഗരങ്ങളിൽ നിന്നും റോഡുമാർഗം വന്നെത്താവുന്ന രീതിയിൽ പ്രധാനപ്പെട്ട ഹൈവേയോടു ചേർന്ന് സ്ഥിതി ചെയ്യുന്നു. പ്രസിദ്ധവും, ആധൂനീക സൗകര്യങ്ങളുള്ളതും, ലക്ഷ്വറി മുറികൾ മിതമായ നിരക്കിലുമുള്ള വിൺണ്ടം ഒർലാൻഡോ റിസോർട്ട് ഐ. പി.സി. കുടുംബസംഗമത്തിനു കടന്നുവരുന്നവരുടെ സൗകര്യത്തിനും, വിജയകരമായ സമ്മേളനത്തിനും വേണ്ടിയായാണ് തിരഞ്ഞെടുത്തതെന്ന് കൺവീനർ പാസ്റ്റർ ജയിംസ് ജോർജ്ജ് ഉമ്മൻ അറിയിച്ചു.

പരിചയ സമ്പന്നരും പ്രഗത്ഭരുമായ ഒരു ടീമിനെയാണ് ഫ്ളോറിഡാ കോൺഫറൻസിന്റെ സംഘാടകരായി ലഭിച്ചിട്ടുള്ളത്. ഫാമിലി കോൺഫറൻസിന്റെ ഒരുക്കങ്ങൾ അറിയിക്കുന്നതിനും, ക്രമീകരണങ്ങളുടെ പുരോഗതി അവലോകനം ചെയ്തുകൊണ്ടുമുള്ള വാർത്താ പത്രിക വരും ദിവസങ്ങളിൽ പുറത്തിറക്കുന്നതാണ്. പബ്ലിക്കേഷൻ കോർഡിനേറ്റർമാരായി ഏബ്രഹാം പി. ഏബ്രഹാം, രാജൻ ആര്യപ്പള്ളിൽ എന്നിവർ പ്രവർത്തിക്കുന്നു. 2011 ജൂണിൽ പുറത്തിറക്കാൻ തീരുമാനിച്ചിരിക്കുന്ന ആദ്യ വാർത്താ പത്രികയിലേക്കുള്ള പരസ്യം നൽകുവാൻ ആഗ്രഹിക്കുന്നവർ നാഷണൽ സെക്രട്ടറി സാം തോമസുമായോ, നാഷണൽ ട്രഷറാർ ജോർജ്ജ് സാമുവേലുമായോ ബന്ധപ്പെടണം.

ഐ. പി. സി. ഫാമിലി കോൺഫറൻസിന്റെ പുതിയ വെബ്സൈറ്റ് ipcfamilyconference.org ആണ്.

ഐ. പി. സി. അംഗങ്ങളായുള്ളവരും ഇംഗ്ലീഷ് ചർച്ചുകളിലോ, വിവിധ സഭകളിലോ ആയി ആരാധിക്കുന്നവരുമായവരെയും ഈ കോൺഫറൻസിൽ പങ്കെടുപ്പിക്കുവാൻ ചെയ്തിരിക്കുന്ന ക്രമീകരണം മൂലം, കൂടുതൽ യുവജന പങ്കാളിത്തം ഉറപ്പാക്കുവാൻ സാധിക്കും എന്ന് സംഘാടകർ അറിയിച്ചു. അങ്ങനെയുള്ളവർ കൂടുതൽ വിവരങ്ങൾക്കായി കൺവീനർ പാസ്റ്റർ ജയിംസ് ജോർജ്ജ് ഉമ്മനുമായി ipckar@hotmail.com ആയോ 863 – 409 – 2735 എന്ന നമ്പറിലോ ബന്ധപ്പെടുക.

"നിന്റെ ദൈവത്തെ എതിരേല്പാൻ ഒരുങ്ങികൊൾക' (ആമോസ് 4:12) എന്നതാണ് കോൺഫറൻസിന്റെ തീം. അനുഗ്രഹീതരായ ദൈവദാസന്മാർ ഈ കോൺഫറൻസിൽ ദൈവവചനം സംസാരിക്കുന്നതായിരിക്കും. പതിനൊന്നാമത് കോൺഫറൻസിന്റെ ചുമതലക്കാരായി പാസ്റ്റർ ജയിംസ് ജോർജ്ജ് ഉമ്മൻ (കൺവീനർ), ബ്രദർ സാം തോമസ് (സെക്രട്ടറി), ബ്രദർ ജോർജ്ജ് സാമുവേൽ (ട്രഷറാർ), ബ്രദർ ആൻഡ്രൂ ആന്റണി (യൂത്ത് കോർഡിനേറ്റർ), സിസ്റ്റർ ഫിലോ മാത്യു (ലേഡീസ് കോർഡിനേറ്റർ), ബ്രദർ രാജൻ ആര്യപ്പള്ളിൽ (പബ്ലിസിറ്റ് കോർഡിനേറ്റർ) എന്നിവർ പ്രവർത്തിക്കുന്നു. കോൺഫറൻസിനെപ്പറ്റിയുള്ള കൂടുതൽ വിവരങ്ങൾക്കായി ipcfamilyconference.org/ ipcfamilyconference.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

## ഡോ.കോര സംസാരിക്കുന്നു



1. നാക്കോഗ് നാഷണൽ കമ്മറ്റിയിലെ ഉടക്കിനെക്കുറിച്ച് താങ്കൾ എന്താ മൗനമായിരിക്കുന്നത്? - **സാബു., ഡാളസ്**

*ഉടക്കാൻ ഡോക്ടറേറ്റ് എടുത്തിട്ടുള്ളവർ കമ്മിറ്റിയിൽ "കണക്കി"നുണ്ടല്ലോ.*

2. അബുദാബി ഐ. പി.സി.യിൽ വംശാവലി വായന - **വാർത്ത**

*തായ്‌വേര് ആരാണെന്ന് ഓർപ്പിയ്ക്കാനോ ഇടയ്ക്കിടയ്ക്ക് വംശാവലി വായിയ്ക്കുന്നത്.*

3. ഞങ്ങളുടെ പാസ്റ്ററോട് ഈ വർഷം സ്ഥലം മാറിപ്പോകാൻ പറഞ്ഞിട്ടും അദ്ദേഹം അതിൽ താല്പര്യം കാണിയ്ക്കുന്നില്ല. ഇനിയും എന്താ ഒരു പോംവഴി? **-സജി, പുല്ലാട്**

*പണ്ടാരോ പാടിയതുപോലെ*

*"ഭിന്നത തുടങ്ങാം രണ്ടാകാം*
*മറ്റവനെ നമുക്കെതിരേല്ക്കാം.*
*ഇവനെ നമുക്കൊരു വഴിയാക്കാം..."*

*എന്ന് സഭായോഗത്തിനു എല്ലാവരുംകൂടി കൈയ്യടിച്ച് പാട്.*

4. "നാവും ഒരു തീ തന്നെ" താങ്കൾക്ക് എന്തെങ്കിലും അനുഭവം? - **സി. ജെ. കൊന്നപ്പാറ**

*ജനപ്രിയ പ്രസംഗകനോട് ചോദിച്ചാൽ അനുഭവം സാക്ഷ്യമായിട്ടു പറയും.*

5. പെന്തെക്കോസ്തു നേതാവ് ജനത്തിന് ഈസ്റ്റർ, വിഷു, ആശംസനേർന്നിരിയ്ക്കുന്നു - **വാർത്ത**

*പണ്ടത്തെ ഓർമ്മയാ... ഇദ്ദേഹത്തിന്റെ വംശാവലി അന്വേഷിച്ചാൽ സത്യം തെളിയും.*

6. ഏ. ജി. മുംബൈയിൽ രജിസ്റ്റർ ചെയ്തിട്ടില്ല - **വാർത്ത**

*ഇതുപോലെ പല സഭകളും സ്വർഗ്ഗത്തിൽ രജിസ്റ്റർ ചെയ്തിട്ടില്ല.*

# മലയാളി പെന്തെക്കോസ്ത് സഹോദരി സമ്മേളനം


മോളി മാത്യു


ഗ്രേസി കോശി


മറിയാമ്മ തമ്പി


ഡോ. അസ്ട്രിഡ്

നിബു വെള്ളവന്താനം (മീഡിയ സെക്രട്ടറി)

**ന്യൂയോർക്ക്:** നോർത്ത് അമേരിക്കൻ മലയാളി പെന്തെക്കോസ്ത് കോൺഫറൻസിന്റെ ആഭിമുഖ്യത്തിൽ ഒക്‌ലഹോമ കോക്സ് കൺവൻഷൻ സെന്ററിൽ ജൂലൈ 1,2 തീയതികളിൽ നടക്കുന്ന സഹോദരി സമ്മേളനത്തിന്റെ വിജയത്തിനായി വിപുലമായ കമ്മിറ്റി പ്രവർത്തനമാരംഭിച്ചു. സമ്മേളനത്തിന് നാഷണൽ കോ - ഓർഡിനേറ്റർമാരായ സിസ്റ്റർ മോളി ഫിന്നി മാത്യു, സിസ്റ്റർ ഗ്രേസി കോശി എന്നിവർ നേതൃത്വം നൽകും. 2010 ലെ ഐ. പി.സി. ഫാമിലി കോൺഫറൻസിന്റെ ലേഡീസ് കോർഡിനേറ്ററായിരുന്ന സിസ്റ്റർ മോളി മാത്യു ഒക് ലഹോമ ഐ. പി.സി. സഭാംഗമാണ്. കഴിഞ്ഞ കാൽനൂറ്റാണ്ട് ആരാധന, ആത്മീയ - ആതുര മേഖലകളിൽ പ്രവർത്തന പരിചയമുള്ള സിസ്റ്റർ ഗ്രേസി കോശി ഹെബ്രോൺ ഐ. പി.സി. സഭാംഗമാണ്. 1 ന് വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ 5 വരെ നടക്കുന്ന സമ്മേളനത്തിൽ ന്യൂ ഇൻഡ്യ ചർച്ച് ഓഫ് ഗോഡ് ലേഡീസ് മിനിസ്ട്രീസ് പ്രസിഡന്റ് സിസ്റ്റർ മറിയാമ്മ തമ്പി (കേരളം), ദൈവശാസ്ത്ര പ്രഭാഷകയും ഇൻഡ്യൻ മിനിസ്ട്രീസ് ഇന്റർനാഷണൽ ഡയറക്ടറുമായ ഡോ. അസ്ട്രീഡ് (ശ്രീലങ്ക) എന്നിവർ മുഖ്യ പ്രഭാഷണം നടത്തും. നോർത്ത് അമേരിക്കയുടെ നാനാഭാഗത്തുനിന്നും വിശ്വാസികൾ പങ്കുചേരുന്ന നാഷണൽ കോൺഫറൻസിൽ വിവിധ പെന്തെക്കോസ്ത് സഭാവിഭാഗങ്ങളിൽപ്പെട്ട നിരവധി ശുശ്രൂഷകരും വിശ്വാസികളും സംബന്ധിക്കും. പ്രസംഗ പരമ്പരകളും സ്റ്റഡി ക്ലാസുകളും കൂടാതെ, ഗ്രൂപ്പ് സെക്ഷനുകൾ, യുവജനങ്ങൾക്കുള്ള പ്രത്യേക പരിപാടികൾ, സ്പോർട്സ് ആൻഡ് ഗെയിംസ് കലാപരിപാടികൾ, മിഷൻ പ്രവർത്തനങ്ങൾ, സിമ്പോസിയം, വിമൻസ് ഫോറം തുടങ്ങി വ്യത്യസ്തങ്ങളായ പരിപാടികൾക്ക് സമ്മേളനത്തിൽ രൂപം നൽകിവരുന്നു. കൺവൻഷന്റെ സുഗമമായ നടത്തിപ്പിനുവേണ്ടി വിവിധ സബ്കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. എല്ലാ വർഷവും നടത്തിവരാറുള്ള ഈ സമ്മേളനവും വിശ്വാസികളുടെ ഒത്തുചേരലും വൻ വിജയമാക്കുവാൻ ഭാരവാഹികൾ വളരെ ഉത്സാഹത്തോടെ പ്രവർത്തിച്ച് വരുന്നു. കോൺഫറൻസ് ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചതായി ദേശീയ ഭാരവാഹികളായ റവ. തോമസ് മാത്യു, തോമസ് എം. കിടങ്ങാലിൽ, ഷാജി മണിയാറ്റ്, റവ. ടൈറ്റസ് ഈപ്പൻ എന്നിവർ അറിയിച്ചു.

# ഐ. പി.സി. ശുശ്രൂഷക നേതൃ സംഗമം ഡാളസിൽ

റോയിമണ്ണൂർ


വത്സൻ ഏബ്രഹാം

**ഡാളസ്:** വടക്കേ അമേരിക്കയിലും കാനഡയിലും ഉള്ള ഐ. പി. സി. ശുശ്രൂഷകന്മാരുടെയും സഭയുടെ വിവിധ നേതൃതലങ്ങളിൽ പ്രവർത്തിക്കുന്നവരുടെയും പ്രഥമ ദേശീയ സമ്മേളനം മെയ് 4 -7 വരെ ഡാളസ് ഹെബ്രോൺ ഫെലോഷിപ്പ് ചർച്ചിൽ വച്ച് നടക്കും.

റോച്ചസ്റ്ററിൽവച്ച് നടന്ന പത്താമത് ഐ. പി. സി. കോൺഫറൻസിലെ ശുശ്രൂഷക സമ്മേളനത്തിന് ഐ. പി.സി. ഫാമിലി കോൺഫറൻസ് നടക്കാത്ത വർഷങ്ങളിൽ ശുശ്രൂഷക സമ്മേളനം നടത്തുവാൻ തീരുമാനിച്ചത്.

മെയ് 4 ബുധനാഴ്ച 3 മണിക്ക് ആരംഭിക്കുന്ന സമ്മേളനം ശുശ്രൂഷകർക്കും ഭാര്യമാർക്കും വേണ്ടി മാത്രമുള്ളതായിരിക്കും. മെയ് 6–ാം തീയതി വെള്ളിയാഴ്ച ഉച്ചക്ക് 1 മണി മുതൽ ശനിയാഴ്ച വരെ നടക്കുന്ന സംയുക്ത സമ്മേളനത്തിൽ സഭയുടെ വിവിധ നേതൃതലങ്ങളിൽ പ്രവർത്തിക്കുന്നവർക്കും, സൺഡേസ്കൂൾ, യുവജന വനിതാ പ്രതിനിധികൾക്കും വേണ്ടിയുള്ളതാണ്.

മാറുന്ന തലമുറയിൽ ഫലകരമായ ശുശ്രൂഷ എന്നതാണ് സമ്മേളനത്തിന്റെ പ്രധാന ചിന്താവിഷയം. ആരാധന, വചന ശുശ്രൂഷ, സുവിശേഷീകരണം, കൂട്ടായ്മ, നേതൃത്വം, ഗൃഹവിചാരകത്വം, വൈവിദ്ധ്യ സംസ്കാരങ്ങളെക്കുറിച്ചുള്ള വേദപുസ്തക വീക്ഷണം, വിജയകരമായ യുവജന പ്രവർത്തനം, തുടങ്ങിയ വിഷയങ്ങളെ ആസ്പദമാക്കി പഠനവും സിമ്പോസിയങ്ങളും ചർച്ചകളും നടക്കും.വിജയകരമായ ക്രിസ്തീയ ശുശ്രൂഷ നിർവ്വഹിക്കുവാൻ സഭകളെയും ശുശ്രൂഷകന്മാരെയും പ്രാപ്തരാക്കുകയാണ് ഈ സമ്മേളനത്തിന്റെ പ്രധാന ലക്ഷ്യം.

ഐ. പി. സിയുടെ എല്ലാ ശുശ്രൂഷകന്മാരും കുടുംബവും, വിവിധ നേതൃതലങ്ങളിൽ പ്രവർത്തിക്കുന്നവരും ഈ സമ്മേളനത്തിൽ പങ്കെടുക്കുവാൻ ഐ. പി. സി. ജനറൽ സെക്രട്ടറി റവ.വത്സൻ ഏബ്രഹാം ആഹ്വാനം ചെയ്യുന്നു.

സമ്മേളനത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ഏപ്രിൽ 28 ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫോം www.ipcfamilyconference.com ൽ ലഭിക്കുന്നതാണ്. താമസ ക്രമീകരണങ്ങൾക്ക് പാസ്റ്റർ ജോർജ്ജ് വർഗീസുമായി 940 498 1450, 972 679 1127 എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

## അമേരിക്കൻ വിശേഷങ്ങൾ


രാജൻ ആര്യപ്പള്ളിൽ

### കാത്തിരിപ്പിന്റെ ദിനങ്ങൾ

കേരളത്തിലെ തെരഞ്ഞെടുപ്പ് കഴിഞ്ഞു. ഇനി കാത്തിരിപ്പിന്റെ നാളുകൾ. ചാനലുകളിൽ തകർക്കുന്ന ചർച്ചകൾ. ഇടതുപക്ഷവും വലതുപക്ഷവും ഒരു പോലെയാണ് വിജയം അവകാശപ്പെടുന്നത്. നാട്ടിലേതിനേക്കാൾ ആവേശകരമായ ചർച്ചയാണ് ഇവിടെയും. പക്ഷം തിരിഞ്ഞും പക്ഷം പിടിച്ചുമുള്ള ചർച്ചകൾ. ജന്മനാടിന്റെ ഓർമ്മകളുടെ നൊമ്പരമുണർത്തുന്ന സുഖകരമായ ഓർമ്മകൾ അയവിറക്കുന്നതാണ് ഇത്തരം ചർച്ചകൾ. ആദ്യമായി നാട്ടിലെത്തി വോട്ടുചെയ്യാൻ കഴിഞ്ഞ ത്രില്ലിലാണ് ചിലർ. എന്നാൽ കേന്ദ്ര ഗവൺമെന്റാവിഷ്കരിച്ച പ്രവാസി ഭാരതീയ വോട്ടിനോട് പ്രവാസികൾ വേണ്ട രീതിയിൽ പ്രതികരിച്ചോ എന്ന് സംശയം.

നമ്മുടെ ചില നേതാക്കന്മാരുടെ ചിരിയും കുശലം പറച്ചിലും സഭാ തെരഞ്ഞെടുപ്പും അടുത്തുവരുന്നുവെന്ന കാര്യം ഓർപ്പിക്കുന്നു.

ഈ തെരഞ്ഞെടുപ്പിൽ നമ്മുടെ വോട്ടു പാഴാകുമോ എന്നറിയാൻ ഏപ്രിൽ 13 വരെ കാത്തിരിക്കാം. ആത്മീക ജീവിതത്തിലും നമ്മൾ എടുത്ത നിലപാടുകളും തെരഞ്ഞെടുപ്പും ശരിയായോ എന്നറിയുന്ന ഒരു ദിനം കൂടി അടുത്തു വരുന്നുവെന്ന ചിന്ത നമ്മെ ഭരിക്കട്ടെ.

## 01 ......പി. സി. എൻ. എ. കെ


റവ. രാജുമേത്ര


റവ. സണ്ണി കുര്യൻ


മറിയാമ്മ തമ്പി

ക്കുന്ന കൺവൻഷനിൽ ദിവസവും രാവിലെ 8.30 ന് ബൈബിൾ ക്ലാസ്സ്, ഉച്ചയ്ക്ക് 3 നും വൈകിട്ട് 6 നും പൊതുയോഗം, രാവിലെ 9.30ന് ഉണർവ്വ് യോഗം, ശനിയാഴ്ച ഉച്ചയ്ക്ക് യുവജന സമ്മേളനം, വൈകിട്ട് 6 മുതൽ സുവിശേഷയോഗം എന്നിവ നടത്തപ്പെടും. വചനധ്യാനം, വിമൻസ് ഫെലോഷിപ്പ്, യുവജന സമ്മേളനം, ധ്യാന സമ്മേളനങ്ങൾ, കുട്ടികളുടെ യോഗം എന്നിവയും ഞായറാഴ്ച സംയുക്ത ആരാധനയും പ്രത്യേക രോഗശാന്തി ശുശ്രൂഷയും ഉണ്ടായിരിക്കും. നാഷണൽ കമ്മറ്റിയുടെയും, ലോക്കൽ കമ്മറ്റിയുടെയും. നേതൃത്വത്തിൽ വിപുലമായ ഒരുക്കങ്ങൾ നടന്നുവരുന്നു. റവ. ലൂക്കോസ് യോഹന്നാൻ, ബാലൻപിള്ള, കുര്യൻ സക്കറിയ, വർഗീസ് ജോസഫ്, നോബിൾ സോളമൻ, സിസ്റ്റർ മോളി മാത്യു, സിസ്റ്റർ ഗ്രേസി കോശി എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകുമെന്ന് മീഡിയ സെക്രട്ടറി നിബു വെള്ളവന്താനം അറിയിച്ചു.

പി. സി. എൻ.എ. കെ. മ്യൂസിക് ടീം ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകും. 2011 ൽ നടക്കുന്ന കൺവൻഷൻ കഴിഞ്ഞ കാലങ്ങളിൽ നടന്നതിൽ നിന്നും തികച്ചും വ്യത്യസ്തവും ആകർഷവുമായ രീതിയിലായിരിക്കും സംഘടിപ്പിക്കുകയെന്ന് ദേശീയ ഭാരവാഹികളായ റവ. തോമസ് മാത്യു, തോമസ് എം. കിടങ്ങാലിൽ, ഷാജി മണിയാറ്റ്, റവ. ടൈറ്റസ് ഈപ്പൻ എന്നിവർ പറഞ്ഞു.

## 03 NEW AGE MOVEMENT

as "public enemies" who are a constant danger to world peace, justice, and sharing. The arrest and imprisonment of Christians will commence. The entire world will applaud their persecution.

Every man, woman, and child who has not yet been initiated into the Mystery of Iniquity will take a mark and receive the "Luciferic Initiation." They will then discover the awful truth, but it will be far too late. Their fate will have been sealed.

All who refuse the mark and the "Luciferic Initiation" and who refuse to worship the image of the Beast will be put to death.

The whole world will be deluged with Satan's demons, which will eagerly and hungrily possess human bodies.

After the whole world has been conquered, Satan's final treacherous act will be to assault the very gates of heaven.

# വി.ബി.എസ്സ്. സമാപിച്ചു



സി.ജി.ഐ പത്തനംതിട്ട ഡിസ്ട്രിക്ടിന്റെ വി.ബി.എസ്. റാലിയുടെ മുൻ നിര ദൃശ്യം

**പത്തനംതിട്ട:** ചർച്ച് ഓഫ് ഗോഡ് പത്തനംതിട്ട ഡിസ്ട്രിക്ടിന്റെ ആഭിമുഖ്യത്തിൽ നടന്ന വി.ബി.എസ്സ് സമാപിച്ചു. ഏപ്രിൽ 4 മുതൽ 9 വരെ നടന്ന വി.ബി.എസിൽ 250 കുട്ടികൾ പങ്കെടുത്തു. ബ്രദർ എസ്റ്റിൻ, ആശ എന്നിവർ ഡയറക്ടേഴ്സായി പ്രവർത്തിച്ചു. പാസ്റ്റർ. എം.കെ. കുര്യാക്കോസ് പ്രോഗ്രാം കോർഡിനേറ്ററായി പ്രവർത്തിച്ചു. 9-ാം തീയതി നടന്ന വമ്പിച്ച റാലിയിൽ 500 പേർ പങ്കെടുത്തു. സമാപന സമ്മേളനം പാസ്റ്റർ. ജി. അലക്സ് ഉത്ഘാടനം ചെയ്തു. പാസ്റ്റർ ജെയ്സ് പാണ്ടനാട് മുഖ്യപ്രഭാഷണം നടത്തി. ബ്രദർ പി.ജി. ജോർജ്ജ്, സി.എം. മാത്യു, ഇ.എം. ജോർജ്ജ്, എം.എ. ജോർജ്ജുകുട്ടി എന്നിവർ ആശംസകൾ അറിയിച്ചു. കുട്ടികൾക്ക് സമ്മാനദാനവും സ്നേഹവിരുന്നും നല്കി.

## 02 അനുസ്മരണം

എന്നെയും കൊണ്ട് തോമ്മാച്ചായൻ തന്റെ കാറിൽ നോയിഡയ്ക്കുപോയി. പ്രവർത്തനത്തിന് ഒരു വീട് കണ്ടെത്തുകയായിരുന്നു ഉദ്ദേശം. നോയിഡയിൽ ഞങ്ങൾ തലങ്ങും വിലങ്ങും സഞ്ചരിച്ചു. ഒടുവിൽ സൗകര്യമുള്ള ഒരു വീട് കിട്ടി. പിറ്റേയാഴ്ച നോയിഡയ്ക്കു താമസം മാറാൻ തോമ്മാച്ചായൻ പറഞ്ഞു. നിശ്ചിത ദിവസം ഞങ്ങൾ നോയിഡയ്ക്കു പോകാൻ ഗ്രീൻ പാർക്കിലെത്തി. അപ്പോഴാണറിയുന്നത് മറ്റൊരു വിരുതൻ നോയിഡയ്ക്കു പോയെന്ന്. ആരോ തോമ്മാച്ചയനെ തെറ്റിദ്ധരിപ്പിക്കുകയായിരുന്നു. ഞങ്ങൾക്കു വലിയ വിഷമം തോന്നിയെങ്കിലും കർത്താവിന്റെ ഹിതത്തിൽ ശരണപ്പെട്ടു.

ഏറ്റവും ഒടുവിൽ തോമ്മാച്ചയനെ കാണുന്നത് കഴിഞ്ഞ നവംബറിലാണ്. പാസ്റ്റർ കെ. വൈ. ഗീവർഗ്ഗീസുമൊത്ത് ഗ്രീൻ പാർക്കിലെ വസതിയിലെത്തി. കട്ടിലിൽ എഴുന്നേറ്റിരുന്ന തോമ്മാച്ചായൻ ഏറെ നേരം മൗനം പൂണ്ടു. പിന്നെ പാസ്റ്റർ ഗീവർഗീസിനെ നോക്കി പുഞ്ചിരിച്ചു. മെഹറോളിയിലെ സഹോദരനെ ഓർക്കാൻ കഴിഞ്ഞില്ല. ഒടുവിൽ ഞങ്ങൾ പ്രാർത്ഥിച്ച് പിരിഞ്ഞു.

ദൽഹിയിൽ നിന്നും സഹോദരൻ ആൽബർട്ട് തന്നെയായിരുന്നു തോമ്മാച്ചായന്റെ വിയോഗവാർത്ത അറിയിച്ചത്: "തോമാച്ചായനെ നമുക്കു മറക്കാനാവില്ല....." അവൻ പറഞ്ഞു.

ഞങ്ങളുടെ സുവിശേഷ ദർശനത്തെ പ്രോത്സാഹിപ്പിച്ച തോമ്മാച്ചായൻ ഭാരത സുവിശേഷീകരണ രംഗത്തെ ധീരനായ അപ്പോസ്തലനായിരുന്നു.

# നിത്യതയിൽ

**മേരിക്കുട്ടി**



ഏഴംകുളം തറശ്ശേരിയിൽ ഏബനേസർ കോട്ടേജിൽ പരേതനായ ശ്രീ. വൈ. ബേബിയുടെ ഭാര്യ ശ്രീമതി മേരിക്കുട്ടി (80) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.

സംസ്കാര ശുശ്രൂഷ 2011 ഏപ്രിൽ 12 ചൊവ്വാഴ്ച ഏഴംകുളം ചർച്ച് ഓഫ് ഗോഡ് സെമിത്തേരിക്ക് സമീപമുള്ള കുടുംബക്കല്ലറയിൽ നടത്തി. മക്കൾ: പാസ്റ്റർ സാം ബേബി, അന്നമ്മ കുഞ്ഞപ്പി (ഗ്രേസ്), പാസ്റ്റർ ജോസ് ബേബി. മരുമക്കൾ: കുഞ്ഞമ്മ സാം, പാസ്റ്റർ എം. കുഞ്ഞപ്പി, സൂസൻ ജോസ് ബേബി

**പാസ്റ്റർ തമ്പി മാത്യു**



**അയിരൂർ:** ഡബ്ല്യു. എം. ഇ. സീനിയർ ശുശ്രൂഷകനും ജനറൽ കൗൺസിൽ അംഗവും ബൈബിൾ കോളെജ് അദ്ധ്യാപകനും കൺവൻഷൻ പ്രസംഗകനുമായ അയിരൂർ കാരമലയിൽ പാസ്റ്റർ തമ്പി മാത്യു (59) നിര്യാതനായി. റാന്നി, പുനലൂർ, കോട്ടയം, വാഴൂർ, ഇടുക്കി ഡിസ്ട്രിക്ടുകളുടെ പാസ്റ്ററായിരുന്നു. ഭാര്യ അന്നമ്മ പമ്പാവാലി കരിയംപ്ലാവിൽ കുടുംബാംഗമാണ്. മക്കൾ ആലീസ്, അനിൽ മാത്യു (ഡൽഹി), അജിൻ മാത്യു. മരുമക്കൾ സജു, സിജി.

**അച്ചാമ്മ മാത്യു**



4 ദശാബ്ദ കാലത്തോളം ക്രിസ്തുവിന്റെ പ്രേക്ഷിത ദൗത്യം തികച്ച് കർത്താവിന്റെ സന്നിധിയിൽ വിശ്രമിക്കുന്ന ഏഴംകുളം മത്തായി ഉപദേശിയുടെ സഹധർമ്മിണി അച്ചാമ്മ മാത്യു (95) കർത്താവിൽ നിദ്രപ്രാപിച്ചു. അനേക ആത്മീയ ഗാനങ്ങൾക്ക് തൂലിക ചലിപ്പിച്ചിട്ടുണ്ട് പരേത. അതിൽ ശ്രദ്ധേയമായ ഗാനങ്ങളിൽ ഒന്ന് 'പോർക്കളത്തിൽ നാം പോരുരുക ധീരരായ്" എന്ന ഗാനമാണ്. മക്കൾ: പാസ്റ്റർ വി. എം. ബേബി (തമ്പി ഉപദേശി), പാസ്റ്റർ ലാസർ വി. മാത്യു, ഇവ. ബഞ്ചമിൻ മാത്യു, പാസ്റ്റർ സോളമൻ മാത്യു.

**ഏലിയാമ്മ മാത്യു**



പുനലൂർ: മാത്ര കുന്നോലിമലയിൽ പരേതനായ ശ്രീ. കെ. വി. മാത്യുവിന്റെ ഭാര്യ ഏലിയാമ്മ മാത്യു (87) നിര്യാതയായി. മക്കൾ: ചാക്കോ കെ. ജോയി, മേരിക്കുട്ടി, റോസമ്മ. വത്സ (ഷാർജ), ഓമന (ബാംഗ്ലൂർ), സജി മാത്യു (യു. എസ്. എ), അജു മാത്യു (ഷാർജ), പരേതനായ ജോൺ കെ. വർഗീസ്. മരുമക്കൾ: പെണ്ണമ്മ വർഗീസ്, കുഞ്ഞൂഞ്ഞമ്മ, ജോർജ്ജ്കുട്ടി, എം. തോമസ്കുട്ടി, പാപ്പച്ചൻ (റവ. കെ. ഒ. മാത്യു, ചർച്ച് ഓഫ് ഗോഡ് യു. എ. ഇ. നാഷണൽ ഓവർസീയർ), തോമസ് മാത്യു (ബാംഗ്ലൂർ), രൂഹമ്മ (യു. എസ്. എ), ഷൈനി.

**അലക്സാണ്ടർ മാത്യൂസ്**



മാരാമൺ: മേപ്രത്ത് ഇടത്തുണ്ടി മണ്ണിൽ അലക്സാണ്ടർ മാത്യൂസ് നിത്യതയിൽ പ്രവേശിച്ചു. സംസ്കാരം നടത്തി. കുമ്പനാട് ഐ. പി.സി. എലിം സഭാംഗമായ പരേതന്റെ ഭാര്യ : തങ്കമ്മ, മക്കൾ: എബി (കുവൈറ്റ്), ബോബി (ഡൽഹി), റോയി (കുവൈറ്റ്) മരുമക്കൾ: കൊച്ചുമോൾ, ബെൻസി, ക്രിസ്റ്റി.

**മേരി ജോർജ്ജ്**



കുമ്പനാട്: കൂത്താട്ടുകുളം പുതിയം പുറത്ത് കുടുംബാംഗവും ഐ. പി. സി. വൈക്കം സെന്റർ ശുശ്രൂഷകൻ കുമ്പനാട് ചെള്ളേത്ത് പാസ്റ്റർ ജോർജ്ജ് തോമസിന്റെ ഭാര്യയുമായ മേരി ജോർജ്ജ് (57) നിര്യാതയായി. ശവ സംസ്കാരം കുമ്പനാട് ഹെബ്രോൻ സെമിത്തേരിയിൽ നടത്തി. മക്കൾ: ജെറി.ബാബു (ദുബൈയ്), റെജി ബിനോയ് (മുംബൈ), എബി ജോർജ്ജ് (ഐ. പി. സി. കേരളാ സ്റ്റേറ്റ് കൗൺസിൽ ഓഫീസ്). മരുമക്കൾ ബാബു വർഗ്ഗീസ്, ബിനോയ് ചെറിയാൻ

## 03 ............ പ്രതികരണം

ദ്രരായിരിക്കണം എന്ന് വ്യവസ്ഥയില്ല. ദരിദ്രർക്കു വേണ്ടിയുള്ള സഹായത്തിന് ദരിദ്രരല്ലാത്തവർ അർഹരല്ലല്ലോ.

ഇനിയും സുവിശേഷ പ്രവർത്തകരുടെ ജീവനോപാധികൾ എന്താക്കെ എന്നു നോക്കാം. മൂന്ന് വിധത്തിൽ അതേപ്പറ്റി പറയുന്നു.

1 സ്വന്ത സമ്പത്ത് ക്രിസ്തീയ പ്രവർത്തകർക്ക് സ്വകാര്യ സമ്പത്തുകൾ ഉണ്ടായിരിക്കരുത് എന്ന് ഉപദേശമില്ല. ഫിലേമോൻ പൗലോസിന്റെ കൂട്ടുവേലക്കാരനായിരുന്നു. ഫിലേ. 1 തന്റെ വീട്ടിൽ സഭയുണ്ടായിരുന്നു. Vs.2 ദാസനുണ്ടായിരുന്നു. Vs. 16 വിശുദ്ധന്മാരുടെ ഹൃദയം അയാൾ തണുപ്പിച്ചു. Vs.7 എന്നു പറഞ്ഞാൽ വിശുദ്ധന്മാർക്ക് സാമ്പത്തീക സഹായവും നല്കിയിരുന്നു. സമ്പത്തുള്ള സുവിശേഷ പ്രവർത്തകർ തങ്ങളുടെ വരുമാനത്തിൽ നിന്നും ചെലവിട്ടു പ്രവർത്തിക്കയും മുട്ടുള്ളവരെ സഹായിക്കയും വേണം. തങ്ങൾക്കുള്ളതിനേയും തങ്ങൾക്കുള്ളവരെയും സ്വന്ത ജീവനേയും പകച്ചുകൊണ്ട് നാൾതോറും തന്റെ ക്രൂശ് എടുത്തുകൊണ്ടായിരിക്കണം ക്രിസ്തുവിനെ പിൻപറ്റേണ്ടത്. പകയ്ക്കുക എന്നാൽ ഉപേക്ഷിക്കുക എന്നല്ല. ഉപേക്ഷിക്കേണ്ടിവന്നാൽ ഉപേക്ഷിക്കാൻ തയ്യാറായിരിക്കണം എന്നാണ്. സ്വന്ത ജീവൻ ഉപേക്ഷിച്ചിട്ടു സുവിശേഷവേല ചെയ്യുവാൻ കഴിയുകയില്ലല്ലോ. ക്രൂശ് എടുക്കുക എന്നാൽ കഷ്ടത സഹിപ്പാൻ തയ്യാറായിരിക്കുക എന്നർത്ഥം. പ്രസ്തുത നിയമം അംഗീകരിച്ചുകൊണ്ടു വേലക്ക് ഇറങ്ങിയവർ, അതേ നിയമം പ്രസംഗിക്കുന്നവർ തങ്ങൾക്കുള്ളതിൽ നിന്നും എടുക്കുകയില്ല എന്നു മാത്രമല്ല അതിനോടു കൂട്ടണമെന്നും തങ്ങൾ മറ്റാരേയും സഹായിക്കയില്ല എന്നു മാത്രമല്ല തങ്ങളുടെ ഉപജീവനത്തിന് സഭാ ജനങ്ങൾ കൊടുക്കണമെന്നുമുള്ള സിദ്ധാന്തം പുലർത്തുന്നത് ക്രിസ്തീയ സിദ്ധാന്തങ്ങൾക്ക് എതിരാണ്. അതിനാൽ ഇത്തരക്കാർ സഭാ സ്ഥാനികളാകാൻ അയോഗ്യരാണ്.

2. ജോലി ചെയ്യുക: സുവിശേഷ വേലക്കാർ യാതൊരു വിധ ഭൗമീക ജോലികളും ചെയ്യരുത് എന്നൊരു സിദ്ധാന്തം പെന്തെക്കോസ്തു ഗോളത്തിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. 'ഞങ്ങൾ ദൈവവചനം ഉപേക്ഷിച്ച് മേശകളിൽ ശുശ്രൂഷിക്കുന്നതു വിഹിതമല്ല.... ഞങ്ങളോ പ്രാർത്ഥനയിലും വചന ശുശ്രൂഷയിലും ഉറ്റിരിക്കും. പ്രവ. 6:24 എന്ന ഭാഗങ്ങൾ ആ സിദ്ധാന്തത്തിന് ആധാരമാക്കുന്നു. വിശ്വസിച്ചവർ എല്ലാവരും തങ്ങൾക്കുള്ളത് വിറ്റു സകലതും പൊതുവക എന്നു എണ്ണിയിരുന്ന കാലത്തെ അനുഭവമാണത്. അത് ഇന്നും പ്രവർത്തകർക്കു ബാധകമാണെങ്കിൽ തങ്ങൾക്കുള്ളതു വില്ക്കയും വിശ്വാസികളെ കൊണ്ട് വില്പിക്കുകയും എല്ലാം പൊതുവകയാക്കുകയും വേണം.

അതിശ്രേഷ്ഠതയുള്ള അപ്പോസ്തലനായ പൗലോസ് ഉപജീവനത്തിനു മുട്ടുണ്ടായപ്പോൾ ഭൗമീകജോലികൾ ചെയ്തു. പ്രവ. 20:34. 1 കൊരി 4:13 , 9:6, 1 തെസ്സ. 2:9.2, തെസ്സ 3:8 അത് എഫസോസിലെ മൂപ്പന്മാർ (അദ്ധ്യക്ഷന്മാർ) മാതൃകയാക്കണം എന്നു പ്രബോധിപ്പിച്ചു. പ്രവ. 20:35. ഇക്കാലത്തെ അദ്ധ്യക്ഷന്മാർക്ക് അത് ദൃഷ്ടാന്തമാക്കി ക്കൂടാ എന്നുണ്ടോ? പൗലോസിന്റെ കൂട്ടുവേലക്കാരായിപ്പറയപ്പെടുന്ന അക്വിലാസും പ്രസക്കില്ലയും കൂടാരപ്പണിക്കാരായിരുന്നു. പ്രവ. 18:12. റോമ 16:3. പത്രോസിനേക്കാളും കൂട്ടുവേലക്കാരേക്കാളും വലിയവരാണോ ഇക്കാലത്തെ ഭദ്രാസനാധിപന്മാർ? തങ്ങളുടെ വരുമാനം ഉപജീവനത്തിനു തികയാതെ വന്നാൽ ഒന്നുകിൽ അവർ ഉള്ളതുകൊണ്ട് തൃപ്തിപ്പെട്ടു ജീവിക്കണം. അല്ലെങ്കിൽ ഭൗമീക ജോലികൾ ചെയ്തു ഉപജീവനത്തിനുള്ളതു ഉണ്ടാക്കണം. അതിനുപകരം വചന വിരുദ്ധമാർഗ്ഗങ്ങളിൽ കൂടെ ധനസമാഹരണം നടത്തുകയും സഭാ നേതാവായി തുടരുകയും ചെയ്താൽ അതു വേദ വിപരീതവും നിയമ കർത്താവിനോടുള്ള നിന്ദയുമാണ്.

3. സഭാജനങ്ങളിൽ നിന്നുള്ള സാമ്പത്തീക സഹായം

ശുശ്രൂഷകന്മാർക്ക് തങ്ങളുടെ ശുശ്രൂഷയുടെ ഗുണഭോക്താക്കളിൽ നിന്നും സാമ്പത്തീക സഹായങ്ങൾ സ്വീകരിപ്പാൻ അവകാശമുണ്ട് എന്നു കാണിക്കുന്ന ഭാഗങ്ങളും അങ്ങനെ വ്യാഖ്യാനിക്കപ്പെടുന്ന ഭാഗങ്ങളും അടിയിൽ കൊടുക്കുന്നു. മത്താ 10:10. ലൂക്കോ 10:9, കൊരി 9:14, ഗലാ 6:6, 1 തെസ്സ 5:12. 13, എബ്രാ. 13:16 ഇതിനെല്ലാം വിശദീകരണം കൊടുക്കുക ഇതിൽ സാദ്ധ്യമല്ല. സാമ്പത്തീക സഹായങ്ങൾ സ്വീകരിപ്പാൻ അവകാശമുണ്ടെങ്കിലും ആവശ്യപ്പെടാൻ അവകാശമില്ല. കൂലി ആവശ്യപ്പെടേണ്ടത് വേലയ്ക്കു വിളിച്ചവനോടാണ്. "യഹോവ നീതിമാനെ പട്ടിണികിടത്തുകയില്ല" എന്ന് പഴയനിയമത്തിൽ പറയുന്നു. സദൃ. 10:3. എന്നാൽ അത് പുതിയ നിയമ വാഗ്ദാനമല്ല. പൗലോസ് പലവട്ടം പട്ടിണി സഹിച്ചു. 2 കൊരി 6:16,11:27. ഈ രണ്ടു ഭാഗങ്ങളിലും പൗലോസ് അനുഭവിച്ചതായി പറയുന്ന കഷ്ടതകൾ അവർണ്ണനീയങ്ങളാണ്. ബുദ്ധിമുട്ടും ഞെരുക്കവും ഒക്കെ സഹിപ്പാൻ താൻ ശീലിച്ചിരിക്കുന്നു എന്നും ഇഷ്ടപ്പെടുന്നു എന്നും അതൊന്നും ദൈവസ്നേഹത്തിൽ നിന്നും തന്നെ വേർതിരിക്കാൻ പ്രാപ്തമല്ലെന്നും പൗലോസു പറയുന്നു. ഫിലി 4:12. 2 കൊരി 12:10. റോമ 8:35- 39. അതേ മനസ്ഥിതിയുള്ളവരെ മാത്രമേ സഭാ പ്രവർത്തകരായി അംഗീകരിക്കയുള്ളൂ എന്ന് സഭയെയും അതേ പ്രതിഷ്ഠയുള്ള സുവിശേഷവേലക്കാരും തീരുമാനിച്ചാൽ ദുർല്ലാഭമോഹികൾ നേതൃസ്ഥാനത്തൊത്ത അവസ്ഥയുണ്ടാകും.

ലേഖനം

# ട്രാൻസ്ഫർ കാലഘട്ടത്തിലെ പ്രതികാര സങ്കീർത്തനങ്ങൾ



ലിസ്സിയാമ്മ മാത്യൂസ്, മുളക്കുഴ

തിരുവചനത്തിൽ സങ്കീർത്തനങ്ങളെ കീർത്തനങ്ങൾ, അനുതാപ കീർത്തനങ്ങൾ, ജ്ഞാന സങ്കീർത്തനങ്ങൾ, മശീഹൈക സങ്കീർത്തനങ്ങൾ, പ്രതികാര സങ്കീർത്തനങ്ങൾ എന്നിങ്ങനെ തരം തിരിച്ചിരിക്കുന്നു. ഇതിൽ 35, 69, 109 എന്നീ സങ്കീർത്തനങ്ങൾ പ്രതികാര സങ്കീർത്തനങ്ങൾ എന്ന് അറിയപ്പെടുന്നു. ശാപ വചനങ്ങൾ ഉള്ളതുകൊണ്ട് അവ ദൈവവചനമല്ല എന്ന് പറയാനൊക്കില്ല. ഈ മൂന്നു സങ്കീർത്തനങ്ങളിലും എഴുത്തുകാരൻ നിഷ്കളങ്കനും ശത്രുക്കൾ കാരണം കൂടാതെ തന്നെ ഉപദ്രവിക്കുന്നവരും ആകുന്നു. മാത്രമല്ല, തന്റെ പ്രശ്നം ദൈവനാമം നിമിത്തമാണെന്നും അതുകൊണ്ട് "പ്രതികാരം എനിക്കുള്ളത്" ആവ 32:35; റോമർ 12:19 എന്ന പ്രമാണത്തെ അടിസ്ഥാനമാക്കി വ്യക്തിപരമായി പ്രതികാരം ചെയ്യുവാൻ സങ്കീർത്തനക്കാരൻ ശ്രമിക്കുന്നില്ല. തന്റെ കൈപ്പേറിയ വിഷയങ്ങൾ താൻ തന്നേ കൈകാര്യം ചെയ്യാതെ ദൈവത്തിൽ അവയെ ഭരമേൽപ്പിക്കുന്നു.

പുതിയ നിയമ വിശ്വാസിക്ക് ഒരു വ്യക്തിയോടും പ്രതികാര ചിന്ത പാടില്ല എന്ന് തിരുവചനം പഠിച്ചാൽ നമുക്കു ഗ്രഹിക്കാവുന്നതാണ്. വിശ്വാസിയുടെ ഏക ശത്രു ഭോഷ്കിന്റെ അപ്പനായ പിശാചാണ്.

ദോഷത്തിനു ദോഷവും ശകാരത്തിനു ശകാരവും പകരം ചെയ്യാതെ.... അനുഗ്രഹിക്കുന്നവരായിരിപ്പിൻ (1 പത്രോസ് 3:9).

ആദാമിന്റെ സന്തതിയായിരുന്ന കയീൻ, ഹാബേലിനെ കൊന്നത് ആരാധനാ വിഷയത്തിലാണ്. വെറുപ്പും അസൂയയിൽ നിന്നുമുളവായ കോപവുമായിരുന്നു ആ പ്രതികാരത്തിനു ഹേതു. കയീന്റെ ആറാം തലമുറക്കാരൻ ലാമെക്കിന്റെ പ്രതികാര ചിന്ത കവിതാ രൂപത്തിൽ ഇപ്രകാരം കാണുന്നു.

കയീനുവേണ്ടി ഏഴിരട്ടി പകരം ചെയ്യുമെങ്കിൽ ലാമെക്കിനു വേണ്ടി എഴുപത്തേഴിരട്ടി പകരം ചെയ്യും. (ഉല്പത്തി 4:24) മോശമുഖാന്തിരം യിസ്രായേൽ ജനത്തിന് ന്യായപ്രമാണം കൊടുത്തപ്പോൾ പകരത്തിനു പകരം

"കണ്ണിനു പകരം കണ്ണ്

പല്ലിനു പകരം പല്ല്" എന്ന പ്രമാണം കൊടുത്തുവെങ്കിൽ പുതിയ നിയമത്തിന്റെ മദ്ധ്യസ്ഥനായ യേശു ഇതിനെയെല്ലാം തകിടം മറിച്ചുകൊണ്ട് സ്നേഹ സന്ദേശമായി ഗിരി പ്രഭാഷണത്തിൽ ഇപ്രകാരംപറഞ്ഞു. " നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പീൻ നിങ്ങളെ ഉപദ്രവിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിപ്പീൻ"

സഭയെ നയിക്കുന്ന ഇടയന്മാർ തന്നേ ചില സന്ദർഭങ്ങളിൽ സഭാജനങ്ങൾക്ക് ഇടർച്ചയായി ഭവിക്കുന്നു. താൻ ക്രൂശിൽ ചൊരിഞ്ഞ രക്തം നിമിത്തം ഇരുപക്ഷത്തെയും ഒന്നാക്കുന്ന നിരപ്പിന്റെ ശുശ്രൂഷ കർത്താവു ചെയ്തുവെങ്കിൽ സ്വാർത്ഥ ലാഭം നോക്കുന്ന ഇടയന്മാർ ഒരുമയോടെയിരിക്കുന്ന സഭാജനങ്ങളെ ഇരുപക്ഷമാക്കുന്ന പ്രവണത വിരളമായിട്ടെങ്കിലുമുണ്ട്. ഇടയന്റെ ചുമതലകൾ: - ബലഹീനമായതിനെ ശക്തീകരിക്കുക, ദീനം പിടിച്ചതിനെ ചികിത്സിക്കുക, ഒടിഞ്ഞതിനെ മുറിവു കെട്ടുക, ചിതറിപ്പോയതിനെ തിരിച്ചുവരുത്തുക, കാണാതെ പോയതിനെ അന്വേഷിക്കുക (യെഹെസ്കേൽ 34:4) എന്നിവയാണ്.

ഇടയൻ ആത്മഭാരമില്ലാതെ മേദസ്സു തിന്നുക, ആട്ടുരോമം ഉടുക്കുക, തടിച്ചിരിക്കുന്നവയെ അറുക്കുക എന്ന സ്വന്ത ലാഭേച്ഛക്കു വേണ്ടി കഠിനതയോടും ക്രൂരതയോടും കൂടെ അവയെ മോയിക്കുന്നതുകൊണ്ട് ചതറിപ്പോകുന്ന ആടുകൾ കാട്ടുമൃഗങ്ങൾക്ക് ഇരയായിത്തീരുന്ന ദയനീയ അവസ്ഥ യെഹെസ്കേൽ 34 -ൽ ദർശിക്കുന്നു.

ഏതെങ്കിലും പക്ഷം പിടിച്ച്, തനിക്കും തന്നോടും പ്രീതിയുള്ളവരുടെ വീടുകൾ മാത്രം സന്ദർശിച്ച് അവരുടെ ചരടുവലിയിൽ കണ്ണിയായി പിന്നീട് പ്രതിപക്ഷത്തിനെതിരായി പ്രതികാര സങ്കീർത്തനമുതിർത്ത് ദാവീദിനെതിരെ നിന്ന ഗോല്യാത്തായി അവരെ ചിത്രീകരിച്ച് ദൂതു തയ്യാറാക്കി തൊടുത്തുവിടുന്ന വാക് ശരങ്ങൾ. ഒരാഴ്ച കാലത്തേ നിത്യ ജീവിതത്തിലെ പ്രതിസന്ധികൾക്ക് പ്രതിശാന്തി തേടി ദാഹത്തോടെ അല്പ ആശ്വാസ വചനങ്ങൾ കർത്തൃദാസൻ, കർത്താവിങ്കൽ നിന്നു പ്രാപിച്ചതു കേൾക്കുവാൻ കാതോർത്തിരിക്കുന്ന ജനത്തിന് മരുഭൂമിയിലെ മരീചിക പോലെ അനുഭവപ്പെടുന്നു. ഇങ്ങനെയുള്ള ഇടയന്മാരുടെ മനോഭാവത്തെക്കുറിച്ച് സെഖര്യാവ് 11:5 -ൽ രേഖപ്പെടുത്തിയിരിക്കുന്നു.

ഒരിക്കൽ ഒരു കർത്തൃദാസൻ 79-ാം സങ്കീർത്തനം ഒന്നാം വാക്യം 'ജാതികൾ നിന്റെ അവകാശത്തിലേക്ക് കടന്നിരിക്കുന്നു' വായിച്ചിട്ട് ഒരു ചോദ്യം "ആരുടെ കുഴപ്പമാ ജാതികൾ കടന്നത്"? ഉത്തരം താൻ തന്നെ കണ്ടെത്തി "നിന്റെ നിമിത്തമാ, നിന്റെ കുഴപ്പമാ", നിന്റെ തലമുറ ശരിയാകാത്തത് നിന്റെ കുഴപ്പമാണ് എന്നു പറഞ്ഞ് പ്രസംഗം ആരംഭിച്ചിട്ട് വിടുതലിന്റെ ഒരു വചനവും പറയാതെ അതേ വാക്യം ആവർത്തിച്ചുവായിച്ച് "ഞാൻ നിന്നെ സ്തുതിക്കും" എന്നു പറഞ്ഞു നിർത്തി.

ഏതെങ്കിലും വ്യക്തിയുമായി പ്രയാസമുണ്ടെങ്കിൽ ഒന്നാമതായി അവൻ മാത്രം ഉള്ളപ്പോൾ കുറ്റം അവനു ബോധം വരുത്തുക (മത്തായി 18:15) തനിയെ പറയുമ്പോൾ അംഗീകരിക്കുവാൻ ബുദ്ധിമുട്ടുണ്ടെങ്കിൽ രണ്ടു മൂന്നുപേരെ കൂട്ടികൊണ്ടു ചെന്ന് അവന് ഒന്നുകൂടി ബോധവൽക്കരണം കൊടുക്കുക (18:16) അവരെയും കൂട്ടാക്കിയില്ലെങ്കിൽ സഭയിൽ അറിയിക്കുക. സഭയെ കൂട്ടാക്കുന്നില്ലെങ്കിൽ അവനെ പുറത്താക്കി ദൈവ ഇഷ്ടത്തിന് ഏൽപ്പിച്ചു പ്രാർത്ഥിക്കുക. ഇതാണ് വ്യക്തികൾ തമ്മിലുള്ള ഇടർച്ചയ്ക്ക് പരിഹാരമായി ദൈവവചനം പറയുന്നത്. ഇവിടെ സഹോദരനെ നേടുവാനും യഥാസ്ഥാനപ്പെടുത്തുവാനുമുള്ള നിർദ്ദേശമാണു കൊടുക്കുന്നത്.

യഥാസ്ഥാനപ്പെട്ടു മടങ്ങിവരുന്നവന് നമ്മുടെ സ്നേഹം ഉറപ്പിച്ചു കൊടുക്കയും വേണം ( 2 കൊരി 2:5-8) ക്രമം കെട്ടു നടക്കുന്ന സഹോദരന്മാരുമായുള്ള സംസർഗ്ഗം വിടണം എന്ന് തെസ്സലൊനിക്യ ലേഖനത്തിൽ പൗലോസ് ഓർപ്പിക്കുമ്പോഴും 'ശത്രു' എന്നു വിചാരിക്കരുത് എന്നു പറയുന്നു. (2 തെസ്സ 3:6- 15)

സഭയിൽ ഭിന്നതവരുത്തുന്ന മനുഷ്യനോട് ഒന്നു രണ്ടു വട്ടം ബുദ്ധി പറഞ്ഞശേഷം അവനെ ഒഴിക്ക (തീത്തോസ് 3:10). ഒരു മനുഷ്യൻ വല്ലതെറ്റിലും അകപ്പെട്ടുപോയെങ്കിൽ ആൽമികരായ നിങ്ങൾ അങ്ങനെയുള്ളവനെ സൗമ്യതയുടെ ആത്മാവിൽ യഥാസ്ഥാനപ്പെടുത്തുവീൻ (ഗലാത്യർ 6:1)

**കർത്താവിന്റെ ദാസൻ ശണ്ഠ ഇടാതെ എല്ലാവരോടും ശാന്തനും ഉപദേശിപ്പാൻ സമർത്ഥനും ദോഷം സഹിക്കുന്നവനും ആയിരിക്കേണം** ( 2 തിമൊഥിയോസ് 2:24)

↳ 10

ഭാരത സുവിശേഷീകരണത്തിൽ വ്യത്യസ്ത മൂല്യങ്ങളുമായ്.........

ദി ഫാദേഴ്സ് ഹൗസ് ഇന്റർനാഷണൽ തിയോളജിക്കൽ സെമിനാരി
ശാലേംപുരം, റാന്നി -കേരളാ

ഫാദേഴ്സ് ഹൗസ് ഇന്റർനാഷണൽ
വിജയകരമായ 11-ാം വർഷത്തിലേയ്ക്ക്

ഭാരവാഹികൾ
ഏഷ്യൻ ഡയറക്ടർ
ഡോ.സാബു എബ്രഹാം
അസ്സി.ഓവർസീയർ
റവ.ജയിംസ് മാത്യൂ
സെമിനാരി ഡയറക്ടർ
റവ.മാത്യൂ ചെറിയാൻ
ക്യാമ്പസ് മാനേജർ
പാ.വർഗ്ഗീസ് മാത്യൂ
ട്രഷറാർ
പ്രിൻസ് മറ്റപ്പള്ളി
ഹൈറേഞ്ച് ഡിസ്ട്രിക്റ്റ് പാസ്റ്റർ
റ്റി.പി.ജോസഫ്
ഡിസ്ട്രിക്റ്റ് സെക്രട്ടറി
പാ.എൻ.സി. ജോർജ്ജ്
മഹാരാഷ്ട്ര കോ - ഓർഡിനേറ്റേഴ്സ്
പാ.സാജൻ ജോസഫ്, പാ.പോൾ ലാത്ത
മഹാരാഷ്ട്രാ ഡിസ്ട്രിക്റ്റ് ലീഡേഴ്സ്
പാ.രാജൻ മാത്യൂ, പാ. സന്തോഷ്.കെ.റ്റി

U.S.A.യിലെ
ADVANTAGE
COLLEGE OF THEOLOGY
(ACT)
യുടെ അംഗീകാരം
ലഭിച്ചിരിക്കുന്നു
(ഏഷ്യൻ
രാജ്യങ്ങളിലും ,
നോർത്ത്
അമേരിക്ക
തുടങ്ങിയ
രാജ്യങ്ങളിലും
A.C.T.യുടെ
ബൈബിൾ
കോളേജുകൾ
പ്രവർത്തിക്കുന്നു.)

| കോഴ്സ് | യോഗ്യത | മാദ്ധ്യമം | കാലാവധി |
|---|---|---|---|
| B.Th | S.S.L.C. Pass | ഇംഗ്ലീഷ്/മലയാളം | 3 വർഷം |
| M.Div. (ക്യാമ്പസിലെ പഠനപദ്ധതി) | B.Th.<br>B.A/B.Sc./B.Com ഏതെങ്കിലും ബിരുദം | ഇംഗ്ലീഷ് | 2 വർഷം<br>3 വർഷം |
| M.Div. (വിദൂര വിദ്യാഭ്യാസപദ്ധതി) | B.Th.<br>B.A/B.Sc./B.Com ഏതെങ്കിലും ബിരുദം | ഇംഗ്ലീഷ് | 2-3 വർഷം<br>3-4 വർഷം |

പ്രത്യേകതകൾ
* വിദ്യാഭ്യാസ യോഗ്യതയും അനുഭവസമ്പത്തുമുള്ള അദ്ധ്യാപകർ
* മികച്ച ലൈബ്രറി * താമസ, ഭക്ഷണ സൗകര്യം
* പ്രായോഗിക പരിശീലനത്തിനുള്ള അവസരം * വിദൂര വിദ്യാഭ്യാസ പദ്ധതി
* വീട്ടിൽനിന്നും വന്നുപോയി പഠിക്കുന്നതിനുള്ള അവസരം
* താത്പര്യമുള്ളവർക്ക് കമ്പ്യൂട്ടറിലും. സംഗീതോപകരണത്തിലും പരിശീലനം
* പഠനശേഷം തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ശുശ്രൂഷാവസരങ്ങൾ
* ഉപരി പഠനത്തിനുള്ള അവസരം

പുതിയ ബാച്ചിലേക്കുള്ള ക്ലാസ്സുകൾ ജൂൺ മാസം ആരംഭിക്കുന്നു.
സഹോദരിമാർക്കും (Day Scholors) അപേക്ഷിക്കാം

കൂടുതൽ വിവരത്തിനും അപേക്ഷാഫാറത്തിനും ബന്ധപ്പെടുക:
Registrar
Father's House Int'l Theological College
Thottamon P.O., Ranni, Kerala.
Ph: 04735-228411, 09961731447, 09447592940,09447207376

കണ്ണാടി



ജെയ്സ് പാണ്ടനാട്

**പെന്തെക്കോസ്ത് സാഹിത്യലോകത്തിന് പ്രിയങ്കരനായ മാക്സി വിശ്വാസ് മേന കലാകൗമുദിയുടെ ഏപ്രിൽ മാസത്തിലെ മൂന്ന് ലക്കങ്ങളിൽ മൂന്ന് ഭാഗങ്ങളായി എഴുതിയ ഗിഫ്റ്റ് ഓഫ് ഗോഡ് എന്ന കഥ വിശകലനം നടത്തുകയാണ് ലേഖകൻ.**

# ഗിഫ്റ്റ് ഓഫ് ഗോഡ്
# ആധുനിക പെന്തക്കോസ്തിന്റെ തനിനിറം

കലാകൗമുദിയിൽ വന്ന ഗിഫ്റ്റ് ഓഫ് ഗോഡ് എന്ന കഥ ഒറ്റയിരുപ്പിന് ഇരുന്ന് ഞാൻ വായിച്ചു തീർത്തു. പിന്നെയും ഒന്നു രണ്ട് വട്ടം വായിച്ചു. കാലിൽ നിന്നും ചെരിപ്പ് അഴിച്ചു മാറ്റിയിട്ടു വേണം ഈ കഥ വായിക്കാൻ. കാരണം ഇത് ഈ തലമുറയോടുള്ള സന്ദേശമാണ്. ആധുനിക പെന്തക്കോസ്തിന്റെ വികൃതമായ മുഖം ആദരണീയനായ മാക്സി ഇവിടെ തുറന്നു കാണിക്കുകയാണ്. പ്രമേയത്തിന്റെയും പാശ്ചാത്തലത്തിന്റെയും പ്രതിപാദനത്തിന്റെയും പുതുമ കൊണ്ട് വളരെ ശ്രദ്ധേയമാണ് ഈ കഥ. പെന്തക്കോസ്ത് ധാർമ്മികതയുടെ കരൾ പിളർക്കുന്ന ഇന്നത്തെ അധികാര ദുർമേദസുകൾക്കെതിരെ കഥാകൃത്ത് ഗർജ്ജിക്കുകയാണ്. ലാഭക്കൊതിയോടെ സുവിശേഷത്തെ കച്ചവടചരക്കാക്കിയ ഇന്നത്തെ സുവിശേഷകന്മാരെ ഇവിടെ വിചാരണ ചെയ്യുകയാണ്.

'നിക്ഷേപം നിറയ്ക്കപ്പെട്ട മൺപാത്രങ്ങൾ' എന്ന വിഖ്യാത നോവലിലൂടെ പെന്തക്കോസ്തർക്ക് പ്രിയങ്കരനായ സാമുവേൽ മേനയുടെ മകൻ ചരിത്രപരമായ ദൗത്യമാണ് നിർവ്വഹിക്കുന്നത്. പെന്തക്കോസ്തുകാരെപ്പറ്റി ഒരു നോവൽ പോലും ഇല്ലാതിരുന്ന 'നാണക്കേട്' മാറ്റി തന്നത് ഏഴംകുളം സാംകുട്ടിയും സാമുവേൽ മേനയും ആണല്ലോ. 'തീവണ്ടി'യിൽ ചരിത്രത്തിന്റെ അന്തർധാരയും സാമൂഹിക വീക്ഷണത്തിന്റെ വൈകാരിക ഭാവങ്ങളും ഉണ്ട്. ഇരുപത്തിയഞ്ച് വർഷം മുമ്പ് 'മൂന്നാം പിറ' എന്ന നോവലിലൂടെ സാമുവേൽ മേന കഞ്ചാവ് കൃഷി നടത്തുന്ന സഭയിലെ പ്രമുഖനെക്കുറിച്ച് പറഞ്ഞപ്പോൾ അത് വലിയ വിവാദമായി. എന്നാൽ ഇന്ന് അത് വലിയ അത്ഭുതമല്ല എന്ന് തെളിഞ്ഞിരിക്കുന്നു. കാൽ നൂറ്റാണ്ട് മുമ്പ് സാമുവേൽ മേന ഈ ജീർണ്ണതകളെ മുന്നിൽ കണ്ടിരുന്നു. ആ പ്രവാചക വാക്യങ്ങൾ ഇന്ന് വെള്ളിത്തിരയിലെ ചിത്രം പോലെ നമ്മുടെ ഇടയിൽ നിറഞ്ഞാടുന്നു. ആ വലിയ മനുഷ്യന്റെ മകൻ ഇതാ വീണ്ടും ആഞ്ഞടിക്കുന്നു ഒരു ചരിത്രനിയോഗം പോലെ.................. ഗിഫ്റ്റ് ഓഫ് ഗോഡിലൂടെ.

ഈ കഥ വായിച്ചു കഴിയുമ്പോൾ റവ.ഡോ. തോമസ് വർഗീസും തെങ്ങുപാറയിൽ ഡോ. ജോണും ഒരു സാങ്കല്പിക കഥാപാത്രത്തിന്റെ രൂപം വെടിഞ്ഞ് അനുവാചകന്റെ മനസിൽ എന്നും നമ്മുടെ ഇടയിൽ കാണുന്ന പച്ചയായ മനുഷ്യനായി കുടിയേറുന്നു. അങ്ങനെയൊരനുഭൂതി വായനക്കാർക്ക് നൽകുന്ന കഥാകൃത്ത് തീർത്തും അഭിനന്ദനമർഹിക്കുന്നു. എഴുപതുകൾക്ക് ശേഷം പെന്തക്കോസ്തിൽ ഉണ്ടായ മാറ്റംമറിച്ചിലുകൾ തന്മയത്വത്തോടെ മാക്സി ചിത്രീകരിക്കുന്നുണ്ട്. മനസിൽ നവോത്ഥാനം തിളച്ചു മറിയുന്ന ഒരു വിപ്ലവകാരിയുടെ ആവേശത്തോടെ, സ്ഥാപനവത്ക്കരിയ്ക്കപ്പെട്ട അഴിമതിയെ തല്ലിയുടയ്ക്കാൻ താൻ ആത്മാവിൽ ആജ്ഞാപിക്കുകയാണ്.

വാകമരത്തിൽ ഇടിച്ച് തകർന്ന സ്കോർപിയോ ('ഇന്നോവ' ആകാമായിരുന്നു) തല്ലിപൊളിച്ച് റവ.ഡോ. തോമസ് വർഗീസിനെ പുറത്തെടുക്കുമ്പോൾ രക്ഷാപ്രവർത്തകരായ നാട്ടുക്കാർ വാഹനത്തിനുള്ളിൽ നിന്നും കേട്ട ....... എന്റെ വീട്ടിൽ ആഹാരം കുറയുകയില്ല...... ആവശ്യങ്ങളൊന്നുമേ മുടങ്ങുകില്ല....... എന്ന ഗാനം ഈ കാലഘട്ടത്തിന്റെ പരിഛേദമാണ്. ബ്ളഡ് ഫ്രം കാൽവറി മിനിസ്ട്രിയുടെ പേരിൽ വ്യാപകമായ തട്ടിപ്പുനടത്തുന്ന തോമസിനെ പോലെയുള്ളവർക്ക് പാടാൻ പറ്റിയ പാട്ട്. ലോകത്തിന്റെ ധനവും മാനവും ആടയാഭരണങ്ങളും, രാഷ്ട്രീയവും കോടതിക്കേസും ആത്മീകമല്ലെന്ന് കവലകളിൽ പ്രസംഗിച്ച ഡോ. തോമസ് ബൈബിൾ കോളേജിലെ മൂന്നാം വർഷത്തെ നാല്പതുദിവസത്തെ ഉപവാസപ്രാർത്ഥനയിൽ പരീക്ഷിക്കപ്പെടുന്നത് എത്രയോ ശരിയാണ്. മെറ്റീരിയലിസത്തിലേക്ക് കൂപ്പുകുത്തിയ സഭയുടെ അധഃപതനമാണ് താൻ ചിത്രീകരിച്ചിരിക്കുന്നത്. വിശപ്പും ദാഹവുമറിയാത്ത നാല്പത് രാപകലുകൾ വചനം കൊണ്ട് പ്രലോഭനങ്ങളെ നേരിട്ട യേശുവിന്റെ മാർഗ്ഗക്കാർ പ്രതാപങ്ങൾക്കുവേണ്ടി സാത്താനെ വണങ്ങുന്ന ചിത്രം. കറുത്ത പാന്റ്സും വെള്ള ഫുൾക്കൈ ഷർട്ടും ധരിച്ചെത്തിയ കുടവയറൻ സാത്താൻ തന്റെ മിനിസ്ട്രി ഡോ. തോമസിനെ പരിചയപ്പെടുത്തുന്നു. മാനസാന്തരത്തിനു പകരം അനുഗ്രഹവും പാപബോധത്തിന് പകരം ശാപബോധത്തിനും പ്രാമുഖ്യം. നിത്യജീവനും ദൈവരാജ്യവും പഴഞ്ചൻ കഥകൾ. ജനം ശാപഗ്രസ്തരാണെന്ന ഭയം ജനത്തിന്റെ മനസിൽ കുത്തിനിറച്ച് ജനശ്രദ്ധ പിടിച്ചുപറ്റാനുള്ള മുദ്രാവാക്യവുമായി ജനത്തെ പറ്റിക്കുന്ന പുത്തൻ മിനിസ്ട്രി സാത്താന്യമാണെന്ന് മാക്സി ഉറപ്പിച്ചു പറയുന്നു.

സവർണ്ണരും അവർണ്ണരും ഒരേ സാംസ്ക്കാരിക നിലവാരത്തിൽ ജീവിക്കേണ്ട പെന്തക്കോസ്തിന്റെ പുത്തൻ പരിപ്രേക്ഷ്യത്തെക്കുറിച്ച് പ്രസംഗിച്ച പാസ്റ്റർ ഏബ്രഹാം, ഹയർ എഡ്യുക്കേഷന് മിടുക്കനായ, യൂണിവേഴ്സിറ്റി ബിരുദധാരിയായ സ്റ്റീഫൻ ഗോപാലകൃഷ്ണനെ അയക്കാതെ പത്ത് പാസാകാത്ത തോമസിനെ അയച്ചതിന്റെ പിന്നിലെ 'ജാതീയതയെയും' മകൾ മേഴ്സിയും തോമസും തമ്മിലുണ്ടായിരുന്ന അവിഹിത ബന്ധത്തെയും തുറന്നു കാണിക്കുന്നു. ഇങ്ങനെയുള്ള മേഴ്സിമാരുടെ വെളിപാടുകൾ ആണല്ലോ ഏബ്രഹാമുമാരെ നയിക്കുന്നത്. ദൈവരാജ്യത്തിന്റെ വിത്തുമായി പടിഞ്ഞാറു നിന്ന് വന്ന വിതക്കാർ ധാന്യമണികൾക്കുള്ളിൽ ഒളിച്ചുവന്ന 'കൊളോണിയൽ' താല്പര്യങ്ങളെയും മാക്സി തുറന്നടിക്കുകയാണ്. ഫോർത്ത് ഫോം പാസാകാതെ ന്യൂയോർക്കിൽ നിന്നും 20 ഡോളർ നല്കി വാങ്ങിയ 'ഡോ'യുമായി ഞെളിയുന്ന ഉപദേശിമാരുടെ പൊങ്ങച്ചത്തെ കഥാകൃത്ത് പുച്ഛിച്ചുതള്ളുകയാണ്. ബ്ളഡ് ഫ്രം കാൽവറി മിനിസ്ട്രിയിൽ നിന്നും ഡോ. തോമസ് ഇന്റർനാഷണൽ പ്രസ്ഥാനമായി വളർന്നു. ബൈബിൾ കോളേജ്, ഓർഫനേജ്, റിസർച്ച് സെന്റർ, ഇംഗ്ലീഷ് മീഡിയം സ്കൂൾ അങ്ങനെ എല്ലാം വാരിക്കൂട്ടി. പ്രോസ്പിരിറ്റി ഇൻ ജീസസ് ക്രൈസ്റ്റ് എന്ന പുതിയ മിനിസ്ട്രിയുടെ ആസ്ഥാനം ഡൽഹിയിലേക്ക് മാറ്റിയ ഡോ. തോമസ് സർഹിയിലെ രാഷ്ട്രീയ ബന്ധങ്ങളുടെ മറവിൽ ഏക്കറുകണക്കിന് വസ്തുക്കൾ വാരിക്കൂട്ടുന്നത് ഇന്നത്തെ റിയൽ എസ്റ്റേറ്റ് കച്ചവട സംഘത്തിന് പ്രതീകമാണ്. സ്വന്തം മിനിസ്ട്രിയുടെ പേരിൽ ലക്ഷക്കണക്കിന് ഡോളറുകൾ സ്വന്തം അക്കൗണ്ടിലേക്ക് ഒഴുക്കുന്ന ഡോ. തോമസ് ഇന്നത്തെ വ്യാപാരവത്ക്കരിക്കപ്പെട്ട പെന്തക്കോസ്തിന്റെ പ്രതിനിധിയാണ്.

കാറുതരുന്ന...... വീടു നൽകുന്ന..... ദൈവമാണ് ഡോ. തോമസിന്റെ സുവിശേഷം. പതിനായിരം രൂപ മുതൽ അൻപതിനായിരം രൂപ വരെ, കാഷ് കൗണ്ടറിൽ അടയ്ക്കുന്നവർക്കുവേണ്ടി കൂലിയ്ക്ക് പ്രാർത്ഥിക്കുന്ന 'പ്രെയർ ടവർ' മിനിസ്ട്രിയുടെ അഴിമതി മാക്സി തുറന്നു കാണിക്കുകയാണ്. അത്ഭുത രോഗശാന്തിയുടെ പേരിൽ നടത്തുന്ന തട്ടിപ്പുകൾ, വ്യാജ പ്രസ്താവനകൾ, പ്രതിഫലം വാങ്ങി സ്റ്റേജുകളിൽ പ്രത്യക്ഷമാകുന്ന 'രോഗി തൊഴിലാളികൾ' എല്ലാം പച്ചയായ യാഥാർത്ഥ്യങ്ങളാണ്. ക്രൂസേഡുകളിൽ മുഴങ്ങുന്ന 'ഗർഭധാരണത്തിന്റെ സന്ദേശം' രസകരമായിരിക്കുന്നു. വെളുത്ത സ്കോർപിയോ ഗർഭം ധരിക്കുന്ന കൗമാരപ്രായക്കാരിയായ പ്രെയ്സിയുടെ നാണത്തിനുമുന്നിൽ എല്ലാവരും കലകുനിക്കുന്നു.

സത്യത്തെ ദുർവ്യാഖ്യാനിച്ച് ഒരു കൂട്ടം ജനതയെ ഇരുട്ടിലേക്ക് തള്ളിവിട്ട ഡോ. തോമസിന്റെ കുടുംബത്തിനു പറ്റിയ ദുരന്തത്തോടെയാണ് കഥ അവസാനിക്കുന്നത്. ലോകത്തിന് രുചിവരുത്തുന്ന ഉപ്പും പ്രകാശിപ്പിക്കുന്ന വിളക്കും ആക്കേണ്ട സഭ, 'സാമൂഹിക ജീവിതം' ദുഷിച്ച് പരസ്യകോലമാകുന്നു. തന്റെ മാനസീക പിടച്ചിലുകളാണ് മാക്സിയെ ഈ കഥയെഴുതാൻ പ്രേരിപ്പിച്ചതെന്ന് ഞാൻ ചിന്തിക്കുന്നു. ഇത് ആത്മാവിന്റെ സന്ദേശങ്ങളാണ്. പിഴവുകൾ തിരുത്താൻ തയ്യാറാകാത്ത ഡോ. തോമസ് നമുക്ക് ഒരു ദൃഷ്ടാന്തമാണ്. ദുരന്തങ്ങൾ ഏറ്റുവാങ്ങുമ്പോഴും കണക്കില്ലാതെ വാരിക്കൂട്ടിയ കള്ളപണത്തെ സംരക്ഷിക്കാൻ തോമസ് നടത്തുന്ന വെപ്രാളങ്ങൾ എത്രയോ ലജ്ജാകരമാണ്. കലാകൗമുദി പോലെയുള്ള സെക്കുലർ മാധ്യമങ്ങളിൽ മാക്സി ഈ കഥയെഴുതിയതിന് വിമർശിക്കുന്നവർ ഉണ്ടാകാം. ലോകം പെന്തക്കോസ്തിൽ നിന്നും പ്രതീക്ഷിക്കുന്ന മൂല്യങ്ങൾ ഉണ്ട്. അത് ഇല്ലാതെ പോകുമ്പോഴാണ് അവർ ആക്രമണത്തിന് തയ്യാറാകുന്നത്. ഒ.വി. വിജയൻ ഡൽഹിയിലിരുന്നുകൊണ്ട് തന്റെ 'തലമുറകൾ' എന്ന നോവലിൽ കേരളത്തിലെ പെന്തക്കോസ്തുകാരന്റെ 'ജാതീയത' വിവരിക്കുമ്പോൾ, വിമോചന സമരത്തിന്റെ മറവിൽ വിശ്വാസികൾ ഡോളർ കൈപ്പറ്റിയെന്ന് ഡോ. തോമസ് ഐസക്ക് തന്റെ പുസ്തകത്തിൽ രേഖപ്പെടുത്തുമ്പോൾ, 'വിശ്വദീപ'മാകേണ്ട വിശ്വാസികളുടെ ധാർമ്മികതയല്ലെ ചോദ്യം ചെയ്യപ്പെടുന്നത്. ഉപ്പ് കാരമില്ലാതെ പോയാൽ അതിനെ ചവിട്ടാനെ കൊള്ളു. എല്ലാവരും ഈ കഥ വായിക്കണം. ചർച്ച ചെയ്യണം. ഉജ്ജ്വലമായ ദർശനങ്ങൾ പ്രതിഫലിപ്പിച്ച കഥാകൃത്ത് പ്രിയപ്പെട്ട മാക്സിക്ക് അഭിവാദനങ്ങൾ.

03 ...... ട്രാൻസ്ഫർ കാലഘട്ടത്തിലെ...

സഭാ യോഗങ്ങളിലെ പ്രതികാര സങ്കീർത്തന വായന നിർത്തുക. കുടുംബ പ്രാർത്ഥനയ്ക്ക് ആരും ഉത്തമഗീതവും പഴയനിയമത്തിലെ ചില ഭാഗങ്ങളും വായിക്കാറില്ലല്ലോ!!

ജീവനും ചൈതന്യവും പകരുന്ന വചന ശുശ്രൂഷക്കു പകരം ജനത്തിന്റെ മനസ്സിനെ കലക്കുന്ന വ്യക്തിവൈരാഗ്യ ശുശ്രൂഷകൾക്ക് അറുതിവരട്ടെ!!

നിങ്ങളുടെ വിചാരണയിലുള്ള **ദൈവത്തിന്റെ ആട്ടിൻ കൂട്ടത്തെ** മേയിച്ചു കൊൾവീൻ. നിർബന്ധത്താലല്ല ദൈവത്തിനു ഹിതമാം വണ്ണം മന:പൂർവ്വമായും ദുരാഗ്രഹത്തോടെയല്ല ഉന്മേഷത്തോടെയും...... അദ്ധ്യക്ഷത ചെയ്‌വീൻ. എന്നാൽ ഇടയശ്രേഷ്ഠൻ പ്രത്യക്ഷനാകുമ്പോൾ നിങ്ങൾ തേജസ്സിന്റെ വാടാത്ത കിരീടം പ്രാപിക്കും. (1 പത്രോസ് 5:2-4)

Admission Started
Under
Management Quota

GENERAL NURSING - B.Sc NURSING - P. B. B. Sc NURSING

(Recognized by kerala Nursing Council, INC and affiliated with University of Kerala)

കേരളത്തിലെ ഏക വനിത നേഴ്സിംഗ് കോളജ്

ELIGIBILITY FOR ADMISSION

GENERAL NURSING : Pass in + 2 any Group (Science Prefered)
B. Sc NURSING : Pass in +2 Science,
Pass in GNM with KNC Registration.

Application forms and Prospectus can be had from the office directly for Rs. 100 (GNM). Rs. 500 (B.Sc & P. B. B.Sc) by post Rs. 50 to be added extra.

Features:

★Managing by pentecostal believers ★Admission only for girls ★Learn and stay spiritual in atmosphere ★College, Hostel and Hospital in same Compound ★Securing 100 % Sucess in Exams ★Efficient and dedicated teachers ★Providing efficient training

Fore more Details, Contact

Administrator/ Director
JOSCO COLLEGE OF NURSING
Edappon - Josco Junction, Pandalam, Kerala
Tel: 0479 - 2374870, 2374982

# വേർപെട്ടവർ സമൂഹത്തിന്റെ മുറിവ് കെട്ടേണ്ടവർ

കാലികം



സജി നെടുങ്കണ്ടം
9526598380

മൗനമായി കരയുന്ന ലോകമനുഷ്യർ മറ്റുള്ളവർക്ക് മുമ്പിൽ ചിരിക്കുന്നു. പൊറുക്കാത്ത മുറിവുമായി പരക്കം പായുന്ന മൃഗത്തെപ്പോലെ ആധുനിക സമൂഹം അലയുകയാണ്. പ്രൗഢിയിലും പത്രാസിലും അഹങ്കാരത്തിലും അഹംഭാവത്തിലും അതിരുകടന്നു നിൽക്കുന്ന ലോകമനുഷ്യന്റെ യഥാർത്ഥ വേദന പുറം ലോകം അറിയുന്നില്ല. മാരക രോഗങ്ങളും മതിയാക്കി പുറം തിരിയുവാൻ കഴിയാത്ത മദ്യപാനവും മയക്കുമരുന്ന് സേവയും യുവഹൃദയങ്ങളിൽ ആഴത്തിൽ നീറുന്ന മുറിവ് സൃഷ്ടിക്കുന്നു. ആരോഗ്യമുള്ള ലോകം അതാണ് ആധുനിക പൗരന്റെ ആഗ്രഹം. പക്ഷെ ലോകം സമ്മാനിക്കുന്നത് മാനസീക നില നഷ്ടപ്പെട്ട മയക്കുമരുന്നിന് അടിമയായ മന്ദബുദ്ധികളെയാണ്. അറിവിന്റെ നിറകുടമായ ആധുനിക മനുഷ്യൻ ചന്ദ്രനിലെ ജലം ഉപയോഗിച്ച് പൊങ്ങച്ചത്തിന്റെ പാനിയിൽ പഞ്ചസാരകലക്കുന്നു. പക്ഷെ ഈ അറിവിലെ പൂർണ്ണൻ മാതാവിന്റെ മാർവിൽ അവകാശത്തിന്റെ പാൽ ആർത്തിനുകർന്ന് മയങ്ങുന്ന പെണ്ണായി പിറന്ന കൈക്കുഞ്ഞിനെ കുറ്റിക്കാട്ടിലെ കൂരിരുട്ടിൽ പിച്ചിചീന്തി ജഡത്തിന്റെ ആർത്തി അടക്കുന്നു. അതും സ്മാർട്ട്സിറ്റി പോലുള്ള ബ്രഹത്തായ പദ്ധതിക്ക് മൂലക്കല്ലിട്ട ദൈവത്തിന്റെ സ്വന്തം നാടായ മലയാളക്കരയിൽ തന്നെ. സ്മാർട്ടായി പണിത് ഉറപ്പിച്ച മനോഹരമായ മാളികയുടെ മുൻവാതിൽ കൂരിരുളിന്റെ മറവിൽ മയക്കുമരുന്നിന്റെ നിറവിൽ തുരന്നുകയറി തൂത്തുപെറുക്കുന്നു. ആധുനീക പോലീസ് നോക്കുകുത്തിയായി തുമ്പു തിരയുമ്പോൾ കമ്പ്യൂട്ടർ തലയുള്ള ബുദ്ധിജീവികൾ ഫ്ളാറ്റ് പണിയുവാൻ ചന്ദ്രനിൽ കിണറ് കുഴിക്കുന്നു. ഇതല്ലെ ദൈവ ഭയമില്ലാത്ത മടയലോകത്തിന്റെ ദുരഭിമാനം.

ഇവിടെയാണ് വീണ്ടെടുക്കപ്പെട്ടവരുടെ വില ലോകം അറിയേണ്ടത്. കരഞ്ഞുകലങ്ങിയ കണ്ണുമായി ആത്മഹത്യയുടെ വഴിയേ അലയുന്ന ആധുനിക മനുഷ്യനെ അടുത്തുനിർത്തി നല്ല വിശേഷമായ സുവിശേഷം അറിയിക്കുക. ഒരു മതത്തിനും മനസിന്റെ മുറിവ് ഉണക്കുവാൻ കഴിയത്തില്ല. മതം മതഭ്രാന്തായി സ്വന്തം സഹോദരനെ കൊത്തിനുറുക്കുകയാണിവിടെ. ജാതികളാകട്ടെ ഇവിടെ ചേരിതിരിഞ്ഞു നിന്ന് ചോരയൊഴുക്കുന്നു. കഴുത്തു വെട്ടിയും അദ്ധ്യാപകന്റെ കൈവെട്ടിയും ജാതിയുടെ ജീവനക്കാർ ആധുനികലോകത്തിൽ അട്ടഹാസമിട്ട് തിമർക്കുന്നു. ആരുണക്കും മനുഷ്യന്റെ ഈ മുറിവുകൾ? ആർക്കാണ് ഉണക്കാൻ കഴിയുക ആധുനിക യുവത്വത്തിന്റെ ആഴത്തിലെ മുറിവുകൾ? ഈ ചോദ്യങ്ങൾക്ക് ശരി ഉത്തരം തരാൻ കഴിയുന്ന ഒരു കൂട്ടർ ഭൂമിയിൽ ഉണ്ടെങ്കിൽ അത് മറ്റാരുമല്ല, കറുത്ത നിറമുള്ള പുസ്തകം കരത്തിൽ ഒതുക്കി പ്രാർത്ഥന കൂട്ടങ്ങളിൽ മുട്ടുമടക്കുന്ന പെന്തക്കോസ്തുകാർ തന്നെ. അവരാണ് യേശുവിന്റെ രക്തത്താൽ വീണ്ടും ജനനം പ്രാപിച്ചവർ. അവർ ഭൂമിയുടെ ഉപ്പാണ്; ലോകത്തിന്റെ വെളിച്ചമാണ്. അവർക്കേ കഴിയൂ ആധുനിക മനുഷ്യന്റെ അടങ്ങാത്ത വേദനയ്ക്ക് സൗഖ്യത്തിന്റെ എണ്ണപകരാൻ. അതുകൊണ്ട് യേശു പറഞ്ഞു, "അങ്ങനെ തന്നെ മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ട് സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിനു നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ" (മത്തായി 5:16)

**അറിയിപ്പ്**

സാങ്കേതിക കാരണങ്ങളാ ൽ മാദ്ധ്യമ വിചാരം ഈ ലക്കത്തിൽ ചേർക്കുവാൻ കഴിഞ്ഞില്ല. അടുത്ത ലക്കത്തിൽ തുടരും.

## വിദ്യാഭ്യാസ സഹായ വിതരണവും ഏകദിന സെമിനാറും

**പത്തനംതിട്ട:** പെന്തെക്കോസ്തൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ നേതൃത്വത്തിൽ മെയ് 28 ശനി രാവിലെ 10 മുതൽ വിദ്യാഭ്യാസ സഹായ വിതരണവും ഏകദിന സെമിനാറും നടക്കും. ഒന്നാം സെക്ഷനിൽ നടക്കുന്ന സെമിനാറിൽ പാസ്റ്റർ പി.റ്റി.തോമസ് പെന്തെക്കോസ്തലിസം : പ്രസക്തിയും പ്രതിസന്ധിയും എന്ന പ്രബന്ധം അവതരിപ്പിക്കും. രണ്ടാം സെക്ഷനിൽ പാസ്റ്റർ അനിൽ കൊടിത്തോട്ടം വേദപുസ്തക വ്യാഖ്യാനത്തിന്റെ ശരിതെറ്റുകൾ എന്ന പ്രബന്ധം അവതരിപ്പിക്കും. പാസ്റ്റർമാരായ ജിജി ചാക്കോ, ജെയ്സ് പാണ്ടനാട് എന്നിവർ ചർച്ച നയിക്കും.

സമാപന സമ്മേളനത്തിൽ ജില്ലാ കളക്ടർ ഡോ. കെ.എസ്. രവീന്ദ്രൻ വിദ്യാഭ്യാസ സഹായം വിതരണം ചെയ്യും. 8-ാം ക്ലാസ് മുതൽ പ്ലസ് ടു വരെയുള്ള നിർധനരായ 100 വിദ്യാർത്ഥികൾക്കാണ് സഹായം നല്കുന്നത്. ബഹു. എം.പി. ആന്റോ ആന്റണി മുഖ്യ പ്രഭാഷണം നടത്തും.

## പുനരാഗമനത്തിന്റെ പ്രത്യാശ മങ്ങാതെ സൂക്ഷിക്കണം

### പാസ്റ്റർ ഒ. എം. രാജുക്കുട്ടി

**ന്യൂ ഡെൽഹി:** ദൈവജനത്തിന്റെ ഏക പ്രത്യാശ കർത്താവിന്റെ മടങ്ങിവരവിലാണ്. പുനരാഗമനത്തിന്റെ പ്രത്യാശ മങ്ങിപ്പോയതാണ് ആധുനിക സഭകളുടെ ജീർണ്ണതയ്ക്കും ആത്മീക അപജയങ്ങൾക്കും കാരണമെന്ന് പാസ്റ്റർ ഒ. എം. രാജുക്കുട്ടി പ്രസ്താവിച്ചു. ഡൽഹിയിൽ നടന്ന ഗുഡ്ന്യൂസ് കൺവൻഷനിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. മയൂർ വിഹാർ ഡി. ഡി. എ. പാർക്ക് മൈതാനത്തു നടന്ന കൺവൻഷൻ ദേശീയ ന്യൂനപക്ഷ കമ്മീഷൻ അംഗം ഡോ. എച്ച്. റ്റി. സാംഗ്ലിയാന ഉദ്ഘാടനം ചെയ്തു. പാസ്റ്റർമാരായ വി. എം. ഏലിയാസ്, രാധാകൃഷ്ണൻ, പി. കെ. ബേബി, ഇമ്മാനുവേൽ ജോസഫ് എന്നിവർ നേതൃത്വം നൽകി. പാസ്റ്റർ ഏബ്രഹാം, ജിജി സാം എന്നിവർ ഗാന ശുശ്രൂഷകൾക്കു നേതൃത്വം നൽകി.




Trains dedicated men & women to fulfill the Great Commission of Jesus Christ

INDIA BIBLE COLLEGE & SEMINARY

HEBRON, KUMBANAD, KERALA - 689 547

Last interview on 28th April 2011

President
Pastor T. S. Abraham

Director
Rev. Dr. T. Valson Abraham

COURSES

MASTER OF DIVINITY (M.Div)
Three year program for secular degree holders.Two years for (ATA) B.Th degree holder with B grade.

BACHELOR OF THEOLOGY (B.Th)
Three year English medium program for pre-degree holders, +2 or the equivalent.

DIPLOMA IN THEOLOGY (Dip.Th)
Three year program in Malayalam for those with S.S.L.C pass certificate or the equivalent.

CERTIFICATE IN THEOLOGY (C.Th)
One year program in Malayalam.

EXTENSION PROGRAM
Three year correspondence program offering B.Th (English) and Dip.Th (Malayalam).

EVENING CLASSES AT DIFFERENT LOCATIONS IN KERALA
This training is in 10 week modules offered three terms a year leading to a Certificate in Biblical Studies for believers.

DIP.TH (2 YEARS) ENGLISH MEDIUM
Qualification: 10th pass or it's equivalent.

All courses offered are for Men and Women

For more details contact
Dean of Admissions
India Bible College & Seminary
IGO Campus, Kozhimala P. O.
Tiruvalla, Kerala- 689 541
Tel:+91-469-305-1700 (IGO campus)
+91-469-266-4075, 266-5855 (Hebron campus)
Fax:0469-266-3919
E-mail: igotoibc@gmail.com

M.Div, B.Th & Dip.Th PROGRAMS ARE ACCREDITED BY ATA

25 April 2011
Vol: 04, Issue: 08

RNI. No. KERMAL/2008/26530
Postal Reg. No. KL/TLA225/2009-11
Posted on 25 the APRIL 2011 at RMS Thiruvalla

Believers Journal

BELIEVERS JOURNAL
P.O. Box: 31, Manjadi P.O
Thiruvalla, Kerala - 689 105
Office: 9349276586, Mob: 9447368795
beljourn@gmail.com,www. beljourn.com

# ആരു നയിക്കും? കരുത്തും ദൗർബല്യവും

## 1. പാസ്റ്റർ എം. കുഞ്ഞപ്പി



*കരുത്ത്*

1. ഭരണത്തിൽ തുടരുന്നു, 2. തീരുമാനങ്ങൾ നടപ്പിലാക്കുന്നതിലെ ഇച്ഛാശക്തി, 3. സഭയുടെ ഭൗതിക വളർച്ച 4. നിർമ്മാണ് മേഖലയിലെ മുന്നേറ്റം, 5. കൂടെ നിൽക്കുന്ന വിശ്വസ്തരെ സംരക്ഷിക്കുന്നു

*ദൗർബല്യം*

1. സ്വജനപക്ഷപാതം, 2. ചില കോക്കസുകൾ ഓഫീസ് നിയന്ത്രിക്കുന്നു, 3. ബിസിനസ്സ് താൽപ്പര്യങ്ങൾ

## 2. പാസ്റ്റർ പി. ജെ. ജയിംസ്



*കരുത്ത്*

1. അക്കാഡമിക് പശ്ചാത്തലം, 2. വേൾഡ് മിഷന് പ്രീയങ്കരൻ, 3. രാഷ്ട്രീയ പരിവേഷമില്ല 4. പൊതു സമ്മതൻ, 5. വിപുലമായ ശിഷ്യ സമ്പത്ത്

*ദൗർബല്യം*

1. താഴെത്തട്ടിൽ ബന്ധങ്ങളില്ല, 2. പ്രശ്നങ്ങളുണ്ടാകുമ്പോഴുള്ള തന്ത്രപരമായ മൗനം, 3. എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിന്റെ കണക്കുകൾ പ്രസിദ്ധീകരിക്കുന്നില്ല

## 3. പാ. ബെൻസൺ മത്തായി



*കരുത്ത്*

1. ശക്തമായ ആത്മീയ ശുശ്രൂഷ, 2. നേതൃത്വ പാടവം, 3. യുവജനങ്ങൾക്കു പ്രീയങ്കരൻ

*ദൗർബല്യം*

1. പ്രായക്കുറവ്, 2. നാട്ടുകാർക്ക് അപരിചിതൻ, 3. കേരളത്തിൽ ശുശ്രൂകനായി പ്രവർത്തിച്ചിട്ടില്ല

## 4. പാസ്റ്റർ സി. സി. തോമസ്



*കരുത്ത്*

1. അക്കാഡമിക് പശ്ചാത്തലം, 2. യുവത്വത്തിന്റെ പ്രസരിപ്പ്, 3. വൈ. പി. ഇ, ഐ. സി. റ്റി. എസ്. ചുമതലകളിൽ ശോഭിച്ചു, 4. യുവജനങ്ങളുടെ പ്രതീക്ഷ, 5. വേൾഡുമിഷനുമായി അടുത്ത ബന്ധം

*ദൗർബല്യം*

1. പ്രായക്കുറവ്, 2. പി.എ. വിയുടെ വിശ്വസ്തൻ എന്ന ലേബൽ, 3. നാട്ടിൽ നിന്നും മാറി നിൽക്കുന്നത്, 4. സീനിയർ പാസ്റ്റേഴ്സിന്റെ താൽപ്പര്യക്കുറവ്

## 5. പാ. പി. സി. ചെറിയാൻ



*കരുത്ത്*

1. ഉണർവ്വ് പ്രസംഗകൻ, 2. നയപരമായ സമീപനം, 3. വശ്യമായ പെരുമാറ്റം, 4. സംഘാടകമികവ്

*ദൗർബല്യം*

1. രാഷ്ട്രീയ പരിവേഷം, 2. അക്കാഡമിക് അടിത്തറയില്ല 3. വിശുദ്ധനാട് യാത്ര സംഘടിപ്പിക്കൽ പോലുള്ള വിവാദങ്ങളിൽ പെട്ടത്, 4. ചർച്ച് ഗ്രോത്ത് മിഷന്റെ കണക്കുകളിലെ സുതാര്യതയില്ലായ്മ

## 6. റവ. ജോ കുര്യൻ



*കരുത്ത്*

1. പാസ്റ്റർ റ്റി. എം. വർഗ്ഗീസിന്റെ കൊച്ചുമകൻ പാസ്റ്റർ പി. സി.ചാക്കോയുടെ മകൻ എന്നീ നിലകളിലുള്ള അംഗീകാരം, 2. യുകെയിലെ മിഷണറി ഓവർസിയർ എന്ന സ്ഥാനം, 3. ശക്തമായ നിലപാട്, 4. ക്ലീൻ ഇമേജ്, 5. മിഷനിൽ വിദഗ്ദൻ

*ദൗർബല്യം*

1. നാട്ടിലെ പരിചയക്കുറവ്

## 7. റവ. പി. ജി. മാത്യൂസ്



*കരുത്ത്*

1. അസി. ഓവർസിയർ പദവി, 2. പെന്തെക്കോസ്തു ലോകത്തിനു പരിചിതൻ, 3. സീനിയോരിറ്റി, 4. അമേരിക്കൻ മലയാളി സഭകളുടെ പിന്തുണ

*ദൗർബല്യം*

1. കുമ്പനാട് ഫ്രാക്ഷൻ നേതാവെന്ന പരിവേഷം, 2. ഊർജ്ജസ്വലതയില്ലായ്മ, 3. അസി. ഓവർസിയർ എന്ന നിലയിൽ പരാജയം 4. ഉറച്ച നിലപാടുകൾ ഇല്ല

(ഈ നിരീക്ഷണങ്ങൾ അഭിപ്രായ വോട്ടെടുപ്പിൽ പങ്കെടുത്തവരുടെ അഭിപ്രായങ്ങൾ ക്രോഡീകരിച്ചു തയ്യാറാക്കിയതാണ്)

## ശുശ്രൂഷകർ ഉപദേശ വിശുദ്ധിയിൽ ജീവിക്കുന്നവരാകണം... പാസ്റ്റർ എം. കുഞ്ഞപ്പി




ഇന്ത്യാ ദൈവസഭ ബാംഗ്ലൂർ ഈസ്റ്റ് ഡിസ്ട്രിക്റ്റ് പ്രവർത്തന ഉദ്ഘാടനം കേരളാ സ്റ്റേറ്റ് ഓവർസിയർ എം. കുഞ്ഞപ്പി നിർവ്വഹിക്കുന്നു. പാസ്റ്റർമാരായ റ്റി. ഡി. തോമസ്, റ്റി. എം. ദാനിയേൽ, പി. ജെ. പോൾ എന്നിവർ സമീപം.

**ബാംഗ്ലൂർ:** സഭകൾ വളരണമെങ്കിൽ ശുശ്രൂഷകർ ഉപദേശ വിശുദ്ധിയിലും, ആരാധന വിശുദ്ധിയിലും ജീവിക്കുന്നവരും പൂർവ്വപിതാക്കന്മാരായ വിശുദ്ധന്മാർ കാണിച്ച മാതൃകയെ പിന്തുടരുന്നവരുമായിരിക്കണമെന്ന് ദൈവസഭ കേരളാ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ എം. കുഞ്ഞപ്പി പ്രസ്താവിച്ചു. ഏപ്രിൽ 3-ന് ബാംഗ്ലൂർ ആർ. റ്റി. നഗർ ചർച്ച് ഓഫ് ഗോഡ് ഹാളിൽ നടന്ന ബാംഗ്ലൂർ ഈസ്റ്റ് ഡിസ്ട്രികറ്റ് രൂപീകരണത്തിന്റെ ഉദ്ഘാടന പ്രസംഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

പാസ്റ്റർ കെ. ജെ. ജോൺസൻ ബാംഗ്ലൂർ ഈസ്റ്റ് ഡിസ്ട്രിക്റ്റ് പ്രസിഡന്റായ് ചുമതലയേറ്റു. പാസ്റ്റർമാരായ പി. ജെ. പോൾ, റ്റി.ഡി.തോമസ്, റ്റി. എം. ദാനിയേൽ, ജോൺ മാത്യു, പി. കെ. ജോൺസൺ, ബ്രദർ. ചാക്കോ. കെ. തോമസ്, പാസ്റ്റർ ഷിബു. കെ. മാത്യു എന്നിവർ ആശംസകൾ അറിയിച്ചു. പാസ്റ്റർ ഭക്തവത്സലൻ സ്വാഗതവും ബ്രദർ. മാത്യു തോമസ്  നന്ദിയും രേഖപ്പെടുത്തി.

## യുവജനങ്ങൾ ക്രിസ്തു ദർശനമുള്ളവരാകണം: പാസ്റ്റർ. വൈ. റെജി



വൈ. പി. ഇ. സമ്മർക്യാമ്പ് സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ. വൈ. റെജി ഉത്ഘാടനം ചെയ്യുന്നു

**പത്തനംതിട്ട:** പെന്തെക്കോസ്ത് യുവജനങ്ങൾ ക്രിസ്തു ദർശനമുള്ളവരാകണമെന്ന് വൈ.പി.ഇ. സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ. വൈ. റെജി പ്രസ്താവിച്ചു. വൈ.പി.ഇ. സ്റ്റേറ്റ് സമ്മർ ക്യാമ്പ് പുത്തൻപീടിക എ.ജി.ടി. ആഡിറ്റോറിയത്തിൽ ഉത്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. സ്റ്റേറ്റ് സെക്രട്ടറി അജി കുളങ്ങര അദ്ധ്യക്ഷത വഹിച്ചു. വിഷൻ, മിഷൻ, സബ്മിഷൻ എന്ന പ്രമേയത്തെ അധീകരിച്ച് റവ. ബെൻസൺ മത്തായി വിഷയം അവതരിപ്പിച്ചു. വിവിധ സെക്ഷനുകളിൽ പാസ്റ്റർമാരായ പി.ആർ. ബേബി, ഷിബു കെ. മാത്യു, ജെയ്സ് പാണ്ടനാട്, എ. റ്റി. ജോസഫ്, ലൈജു നൈനാൻ എന്നിവർ പ്രസംഗിച്ചു. 80 യുവതീ യുവാക്കൾ സുവിശേഷ വേലയ്ക്കായി സമർപ്പിച്ചു. അനവധിപേർ രക്ഷാനിർണ്ണയം പ്രാപിക്കുകയും ആത്മനിറവ് പ്രാപിക്കുകയും ചെയ്തു. പാസ്റ്റർമാരായ ക്രിസ്റ്റഫർ രാജു, കെ.എം. ചെറിയാൻ, രാജീവ് സേവ്യർ, റോബിൻ സി. റോയി, മാത്യു ബേബി, ബ്രദ.സി.എം. മാത്യു എന്നിവർ ക്യാമ്പിന് നേതൃത്വം നല്കി. പാസ്റ്റർമാരായ കെ. എ. ജെയ്മോൻ, ഏബ്രഹാം ജോൺ എന്നിവർ ഗാനശുശ്രൂഷ നിർവ്വഹിച്ചു.

## ജോസ്കോ കോളേജിന് എക്സലന്റ് അവാർഡ് ലഭിച്ചു

**പന്തളം:** ജോസ്കോ നഴ്സിംഗ് കോളേജിന് സൗത്തിന്ത്യയിലെ മികച്ച നേഴ്സിം കോളേജിനുള്ള അവാർഡ് ലഭിച്ചു. ജയ്ഹിന്ദ് ഏ പ്ലസ്സ് ടീവീ ചാനലിന്റെ എക്സലന്റ് ഇൻസ്റ്റിറ്റ്യൂഷൻ അവാർഡും ട്രോഫിയും ചെയർമാൻ ഡോ. ജോസ് കോശി ജോർജ്ജ് ഏറ്റുവാങ്ങി. കേരളാ നേഴ്സിംഗ് കൗൺസിൽ, INC എന്നിവയുടെ അംഗീകാരമുള്ള ജനറൽ നഴ്സിംഗ്, BSc, പോസ്റ്റ് BSc, കോഴ്സുകളും ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ, ലാബ് ടെക്നോളജി, എക്സ്റെ തുടങ്ങിയ പാരാമെഡിക്കൽ കോഴ്സുകളും നൽകുന്ന ഈ സ്ഥാപനം മറ്റിതര നഴ്സിംഗ് സ്ഥപനങ്ങളെക്കാൾ നല്ല സേവനം നൽകുന്നു. മികച്ച കോച്ചിംഗ്, താമസ സൗകര്യം, ഭക്ഷണം, പ്രായോഗിക പരിശീലനം എന്നിവ കോളേജിന്റെ പ്രത്യേകതകളാണ്. മേൽപ്പറഞ്ഞകോഴ്സുകൾക്ക്  അപേക്ഷിക്കാനുള്ള ഫോം ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.

Printed & Published by Peter Mathew Owned By  M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676,  Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published  From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd. Eloor For Goodnews Printing  Press Kottayam1 (Kerala )  Editor  - Samkutty Mathew.